
# സത്യദൂതൻ

2024 ജനുവരി | ലക്കം 01

വില ₹ 30




## വംശീയതയും ഇസ്‌ലാമും

## ആദം ആദ്യമനുഷ്യനല്ല.

## മനുഷ്യ സമൂഹത്തിലെ ആദ്യത്തെ ദൈവിക പ്രതിനിധിയാണ്.

## ഇസ്‌ലാം ജനാധിപത്യ ഭരണം ഖിലാഫത്ത്

ഉടൻ പുറത്തിറങ്ങുന്നു!!

ഖുർആനിക ദർശനങ്ങളുടെ
അകം പൊരുൾ തുറന്നു കാട്ടുന്ന കൃതി.

# കേവലനീതി കാരുണ്യം ബന്ധുത്വം
# മൂന്ന് സക്രിയ തത്വങ്ങൾ

**ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ്**
**(ഖലീഫത്തുൽ മസീഹ് IV)**

---

വിവ: എ. എം മുഹമ്മദ് സലീം

*മനുഷ്യനിലും പ്രകൃതിയിലും പ്രതിഫലിക്കുന്ന*
*ദൈവികഗുണങ്ങളുടെ*
*അസാധാരണവും അത്യുജ്ജ്വലവുമായ*
*ആവിഷ്ക്കാരം*

لا اله الا الله محمد رسول الله

# സത്യദൂതൻ

ഒരു നൂറ്റാണ്ടിനോടടുക്കുന്ന മലയാളത്തിലെ ഏക ഇസ്‌ലാമിക പ്രസിദ്ധീകരണം

2024 ഫെബ്രുവരി
ഹി.ശ. 1404 – തബ്‌ലീഗ്
1445 റജബ് – ശഅബാൻ
പുസ്തകം 96 ലക്കം 02
വില 30 രൂപ

എഡിറ്റർ
**എ.എം. മുഹമ്മദ് സലീം**
**ഫോൺ : 8907 182 933**
Email: salimqld@gmail.com

ചീഫ് എഡിറ്റർ
**എച്ച്. ശംസുദ്ദീൻ**
**ഫോൺ : 9946 021 252**

മാനേജർ
**വി.എം. മാലിക് അമീൻ**
**ഫോൺ : 9895 867 185**

**സത്യദൂതൻ**
മസ്ജിദ് ഉമർ, സെന്റ്ബെനഡിക്ട് റോഡ്,
എറണാകുളം നോർത്ത്, കൊച്ചി–682018



## അകം

**5** എഡിറ്റോറിയൽ

**6** യുഗശബ്ദം



**7** **ഉഹുദ് യുദ്ധസംഭവവികാസങ്ങൾ**
ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹുല്ലാഹു)
2023 ജനുവരി 19 ന് മസ്ജിദ് മുബാറകിൽ നിർവഹിച്ച ഖുത്‌ബ ജുമുഅയുടെ സംഗ്രഹം.

**9** **ദൈവ സംപ്രാപ്തി.**
ഹദ്റത്ത് അഹ്മദ് عليه السلام

**12** **മനുഷ്യശരീരത്തിനകത്തെ വിസ്മയ സന്തുലനങ്ങൾ.**
ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ് رحمه الله

**17** **ആദം ആദ്യമനുഷ്യനല്ല. മനുഷ്യ സമൂഹത്തിലെ ആദ്യത്തെ ദൈവിക പ്രതിനിധിയാണ്.**
ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് رضي الله عنه

**24** **ഖുർആൻ ഹൃദയത്തിന് ഔഷധം**
ഹദ്റത്ത് മിർസാ നാസിർ അഹ്മദ് رحمه الله

**26** **സുലൈമാൻ നബി عليه السلام യുടെ സൈന്യവും 'ഹുദ് ഹുദ്' എന്ന വ്യക്തിയും**

**28** **വംശീയതയും ഇസ്‌ലാമും**
എ.എം. മുഹമ്മദ് സലീം

**33** **ഇസ്‌ലാം ജനാധിപത്യ ഭരണം ഖിലാഫത്ത്**
നഖാഷ് അഹ്മദ് & ഷഹ്സാദ് അഹ്മദ്. യു. കെ

**40** **കുറിപ്പുകൾ**
**വംശഹത്യ: ഇസ്റയേലിനെതിരെ ദക്ഷിണാഫ്രിക്ക ലോക കോടതിയിൽ.**
മുസാഫിർ

**43** **അനുസ്മരണം**
**വാർത്തകൾ**

**Printed & Published by**
B.B.Ahmad Kabeer,
for the Kerala
Ahmadiyya Muslim Jama-ath

**Printed at**
A-One Offset Prints,
Ramanattukara,
Calicut, Kerala - 673 633

**Published at**
Masjid Umar, St. Benedict Road,
Ernakulam, Kochi-18.

**Edited by** A.M. Muhammed Salim.

**Design:** HA Creative Graphics

## വിശുദ്ധ ഖുർആനിൽ നിന്ന്



ആകാശ ഭൂമികളുടെ ആധിപത്യം അല്ലാഹുവിന്നുള്ളതാണ്.
താനുദ്ദേശിക്കുന്നവർക്ക് അവൻ പൊറുത്തു കൊടുക്കും.
താനുദ്ദേശിക്കുന്നവരെ അവൻ ശിക്ഷിക്കുകയും ചെയ്യും.
അല്ലാഹു സർവഥാ പൊറുക്കുന്നവനും കരുണാമയനുമാണ്.
(48: 15)



## നബിവചനം

ഞാനെന്റെ ദാസനോട് പെരുമാറുന്നത് എന്നോട് അവനുള്ള
വിശ്വാസവും പ്രതീക്ഷയും അനുസരിച്ചാണ്.
അതുകൊണ്ട് അവരെന്നോട് അവനുദ്ദേശിച്ച വിധം
പ്രതീക്ഷിച്ചു കൊള്ളട്ടെ. (ബുഖാരി)

## വാഗ്ദത്ത മസീഹിന്റെ വചനം



ഒരു ദാർശനികൻ ദൈവത്തിന്റെ സത്തയിൽ വിശ്വസിക്കുന്നില്ലെന്നു വന്നാലും, അയാൾക്ക് കാര്യകാരണത്തിന്റെ സത്തയെ നിഷേധിക്കുവാൻ വയ്യാത്തതിനാൽ ആദികാരണത്തിന്റെ സത്തയെ നിരസിക്കാനും അയാൾ ശക്തനാകുന്നില്ല. ഇത് ഒരു പ്രകാരത്തിൽ ദൈവത്തിന്റെ സത്തയെ അംഗീകരിക്കുക തന്നെയാണ്. എന്നാൽ അത് പൂർണമായ വിശ്വാസ സമ്മതമല്ല. ദൈവത്തിന്റെ  സത്തയെ നിഷേധിക്കുന്ന നാസ്തികർ, ഭൗതികമായ താഴ്ന്ന ഉദ്ദേശ്യങ്ങളെയും  വിചാരങ്ങളെയും കുറിച്ച് നിർബോധനായിരിക്കുവാനും ഒരു പരമ ശക്തിയുടെ അനുജ്ഞക്ക് വിധേയനായിരിക്കുവാനും തക്കവണ്ണം ബോധവിഹീനനാക്കപ്പെടുന്നതായാൽ, ആ അവസ്ഥയിൽ അയാൾ ഈശ്വര സത്തയെ സമ്മതിക്കും എന്നുള്ളതിലേക്ക് അനുഭവസിദ്ധരായ പലരുടേയും ദൃഷ്ടാന്തം തെളിവായിരിക്കുന്നുണ്ട്....... അതായത് മനുഷ്യന്റെ താഴ്ന്ന വിചാരങ്ങൾ ശക്തിയോടെ വ്യാപരിച്ചു കൊണ്ടിരിക്കുന്നമ്പോൾ മാത്രമാണ് ദൈവത്തിന്റെ സത്തയെ നിഷേധിക്കാനുള്ള നിർബന്ധ ബുദ്ധി കാണുന്നുവെന്നും, പരിശുദ്ധമായ മനുഷ്യ പ്രകൃതിയാവട്ടെ ദൈവ വിചാരത്താൽ പരിവൃതമായിരിക്കുന്നതാണ്.
(ഇസ്‌ലാംമത തത്വജ്ഞാനം)

# സമാധാനം: അനീതിയിലും അധികാരത്തിലും പണിയാൻ സാധ്യമല്ല.

നീതി സ്ഥാപിക്കപ്പെട്ടെങ്കിൽ മാത്രമേ സമാധാനം സുസ്ഥിരമായി നിലനിൽക്കുകയുള്ളൂ. അനീതിക്കും അധികാരത്തിനും മേൽ സമാധാനം കെട്ടി പടുക്കാൻ സാധ്യമല്ല. സമാധാനം ഇന്ന് രാഷ്ട്രങ്ങളുടെ വിഷയമായിട്ടാണ് ചർച്ചചെയ്യപ്പെടുന്നത്. രാഷ്ട്രത്തെക്കാൾ സമാധാനത്തിന്ന് ജൈവബന്ധമുള്ളത് വ്യക്തികളുടെ കൂട്ടായ്മയായ സമൂഹവുമായിട്ടാണ്. ഭൂമിയും അതിർത്തിയും പരമാധികാരവും പട്ടാളവുമുള്ളതാണ് രാഷ്ട്രം. സമ്മർദ്ദ ശേഷിയും സംഹാര ശക്തിയുമുള്ള രാഷ്ട്രം കൃത്രിമവും മനുഷ്യരാൽ നിർമിക്കപ്പെട്ട മനുഷ്യരുടെ സ്ഥാപനവുമാണ്. എന്നാൽ സമൂഹം പ്രകൃതിയുടെ ഒരു നൈസർഗിക സൃഷ്ടിയാണ്. ബലിഷ്ഠമായ സന്നാഹങ്ങളും പരമാധികാരവുമുള്ള രാഷ്ട്രങ്ങൾക്കും അതിന്റെ മിഷിനറികൾക്കും ഹൃദയത്തിന്റെ ഉദാത്ത ഭാവവുമായി ബന്ധപ്പെട്ട സമാധാനം വ്യക്തിയിലോ സമൂഹത്തിലോ കൊണ്ടു വരുവാൻ സാധ്യമല്ല. മനുഷ്യന്റെ ഭൗതികക്ഷേമവും അതുമായി ബന്ധപ്പെട്ട വിഭിന്ന സ്വത്വബോധവുമുള്ള രണ്ട് രാഷ്ട്രങ്ങൾ അടുത്തടുത്ത് നിൽക്കുമ്പോൾ അതിർത്തികൾ സംഘർഷ ഭരിതമാവുന്നു. പ്രത്യക്ഷമായ സംഘർഷത്തിന്ന് അത് വഴി തെളിയിക്കുകയും ചെയ്യുന്നു. ഇന്ന് സമാധനം പുലരാൻ ഉഭയ രാഷ്ട്രങ്ങൾ മാത്രം ആഗ്രഹിച്ചാൽ പോര. ലോകം മുഴുവൻ വലയം ചെയ്ത് നിൽക്കുന്ന വൻ ശക്തികളുടെ ആശീർവാദവും മറ്റു പല സങ്കീർണ്ണമായ ഘടകങ്ങളും അനുകൂലാവസ്ഥയും അതിന്നുണ്ടാവണം. സമാധാനത്തിന്നു വേണ്ടി സമർപ്പിക്കപ്പെട്ട ആഗോള സ്ഥാപനമായ ഐക്യരാഷ്ട്ര സഭയെ നോക്കുകുത്തിയാക്കികൊണ്ടും വൻശക്തികളുടെ ഇംഗിതത്തിന്ന് അനുകൂലമാക്കിതീർത്തും ലോകത്ത് സംഘർഷം വളരുകയാണ്. അധികാരവും ശക്തിയുമുള്ള രാഷ്ട്രം വികാരസാന്ദ്രമായ മതദേശീയതയും തീവ്രമായ സ്വത്വരാഷ്ടീയത്തിലുമാണ് കെട്ടിപടുക്കാൻ ശ്രമിക്കുന്നത്. അശാന്തിയും സംഘർഷവും അതിന്റെ ഉപോൽപ്പന്നങ്ങളാണ്. സമാധാനം മറ്റൊരു മാനവീയമായ ഭൂമികയിൽ നിന്നാണ് ആരംഭിക്കേണ്ടത്.ജനാധിപത്യത്തിന്റെ ഈ ആധുനിക കാലത്ത് മതം സ്റ്റേറ്റിൽ നിന്നും തീർത്തും മുക്തമായി നിൽക്കുന്നതാണ് മതത്തിനും രാഷ്ട്രത്തിനും ഗുണകരം. അധികാര സാന്ദ്രമായ രാഷ്ട്രത്തിന് മതം പാടില്ല. രാഷ്ട്രം മതത്തിൽ നിന്ന് തികച്ചും മുക്തമായിരിക്കണം.

ഇസ്ലാമിന്റെ ഏറ്റവും പ്രിയപെട്ട ആദർശമാണ് സമാധാനം. ഇസ്ലാം എന്ന പദത്തിന്ന് സമാധാനം എന്നാണ് അർത്ഥം. ദൈവസ്മരണയുള്ള മനുഷ്യ ഹൃദയമാണ് സമാധാനത്തിന്റെ അധിഷ്ഠാനമായി ഇസ്ലാം കാണുന്നത്. *വിശ്വസിക്കുകയും അല്ലാഹുവിന്റെ സ്മരണ മൂലം മനസ്സമാധാനം പ്രാപിക്കുകയും ചെയ്തവർ. അറിയുക; അല്ലാഹുവിന്റെ സ്മരണ കൊണ്ട് മാത്രമേ മനസ്സമാധാനം കൈവരുകയുള്ളു.(13:29)* യഥാർത്ഥ മുസ്ലിംകളെ പോലെ സമാധാനം കാംഷിക്കുന്ന നിരവധി മനുഷ്യ സ്നേഹികൾ ലോകത്തുണ്ട്. ആത്മീയവും ധാർമികവുമായ യഥാർത്ഥ മൂല്യങ്ങൾ ആദർശങ്ങളായി സ്വീകരിച്ചാൽ മാത്രമേ മനുഷ്യ ഹൃദയത്തിലും സമൂഹത്തിലും ശാശ്വത സമാധാനം കൈവരികയുള്ളൂ എന്നവർ കരുതുന്നു.

യഥാർത്ഥത്തിൽ സമാധാനം എന്നത് മനുഷ്യന്റെ ഇഹപര ജീവിതത്തിന്റെ സമഗ്രതയിൽ സാർത്ഥകമാകുന്ന ഒരു ആശയമാണ്. സകല മനുഷ്യർക്കും അനുഭവിച്ചറിയുന്ന ഒരു അനിഷേധ്യ യാഥാർത്ഥ്യമാണ് മരണം. ക്ഷണികമായ മനുഷ്യന്റെ ഭൂമിയിലെ ജീവിത പ്രയാണത്തിന്റെ പൊരുളും ലക്ഷ്യവും മറന്നു കൊണ്ടും മുല്യങ്ങൾ ബലികഴിച്ചു കൊണ്ടും നശ്വരമായ ഈ ലോകത്തിന്ന് വേണ്ടി നാം എത്ര വളരെ വീര്യത്തോടെയാണ് പൊരുതുന്നത്!. യേശുവിന്റെ ഒരു ഉപമാ വചനം ശ്രദ്ധിക്കുക: *ഭൂമിയിൽ നിക്ഷേപങ്ങൾ നിനക്കായി സംഭരിച്ചു വെക്കരുത്. അവിടെ അവയെ കീടങ്ങളും തുരുമ്പും തിന്നു നശിപ്പിക്കും കള്ളന്മാർ കുത്തിക്കവർന്ന് കൊണ്ടു പോകുകയും ചെയ്യും. കീടങ്ങളും തുരുമ്പും തിന്നു നശിപ്പിക്കാത്തതും കള്ളന്മാർ കവർച്ച നടത്താത്തതുമായ സ്വർഗത്തിൽ നിനക്കായി നിക്ഷേപങ്ങൾ കരുതി വെക്കുക. കാരണം നിന്റെ നിക്ഷേപം എവിടെയോ അവിടെയായിരിക്കും നിന്റെ ഹൃദയവും.(മത്താ:6:19)* വ്യക്തികളിൽ നിന്നും ആരംഭിക്കുന്ന ഈ ശാശ്വത സമാധാനത്തിന്റെ ചിന്തകൾ ഭൗതിക ലോകം വെട്ടിപ്പിടിക്കാനുള്ള അത്യാർത്തിയും അധികാരത്തിന്റെ ദുരയുമായും ബന്ധപ്പെട്ടതല്ല. ലോകസമാധാനത്തിന്റെ സ്വർഗീയ വേരുകൾ ദൈവചിന്തയുമായി ബന്ധപ്പെട്ടതാണ് എല്ലാ മതങ്ങളിലും അതുണ്ട്. വ്യക്തികളും സമൂഹവും രാഷ്ട്രവും ഈ സത്യം മനസ്സിലാക്കി അതൊരു പ്രസ്ഥാനമായി വളർത്തിയെടുക്കുകയും വേണം. എങ്കിൽ മാത്രമേ ശാശ്വത ശാന്തി ലോകത്തിന്ന് കൈവരിക്കാൻ സാധിക്കൂ. ആ ഒരു കാലത്തിന്നായി നമുക്ക് പ്രാർത്ഥിക്കുകയും പ്രവർത്തിക്കുകയും ചെയ്യാം.



## ദൈവത്വത്തെ വികലമാക്കുന്ന ദൈവ സങ്കൽപ്പം

**ഹദ്റത്ത് അഹ്മദ്** عليه السلام

ആര്യന്മാർ വിശ്വസിക്കുന്നത് പരമേശ്വരൻ ഒരാത്മാവിനേയും സൃഷ്ടിച്ചിട്ടില്ല എന്നാണ്. എല്ലാ ആത്മാക്കളും അനന്തവും അസൃഷ്ടങ്ങളുമാണെന്നും അവർ വിശ്വസിക്കുന്നു. ഒരു മനുഷ്യന് അനശ്വരമായ മോക്ഷം ലഭിക്കില്ല എന്നും അവർ കരുതുന്നു. അതായത് മോക്ഷത്തിന്റെ ഭവനത്തിൽ പ്രവേശിപ്പിക്കപ്പെട്ടതിന് ശേഷം ഓരോ ആത്മാവും ഒരു നീണ്ട കാലത്തിനു ശേഷം ബഹിഷ്കൃതനാകുകയും ഭൂമിയിലേക്ക് വീണ്ടും പ്രത്യാനയിക്കപ്പെടുകയും ചെയ്യുന്നു. ഈ രണ്ടു തത്ത്വങ്ങളും അസ്വീകാര്യമാണ്. ഒന്നാമത്തേത് സർവശക്തനായ ദൈവത്തിന്റെ ഏകത്വത്തെ നിഷേധിക്കുന്നു. തീർച്ചയായും അവന്റെ ദൈവാസ്തിത്വം നിഷേധിക്കുന്നു. രണ്ടാമത്തെ തത്ത്വം അസ്വീകാര്യമാവുന്നത് അത് ദൈവത്തിന്റെ വിശ്വസ്തനായ ഒരു ദാസനുനേരെ അനാവശ്യമായ അന്യായം ഉൾക്കൊള്ളുന്നു എന്നത് കൊണ്ടാണ്.


എല്ലാ ആത്മാക്കളും വസ്തുകളുടെ പരമാണുക്കളും അനന്തവും അസൃഷ്ടങ്ങളുമാണെന്ന് കരുതുകയാണെങ്കിൽ അത്തരം സങ്കലപ്പങ്ങൾ നിരവധി തിന്മകൾ ഉൽപ്പാദിപ്പിക്കും. ഉദാഹരണത്തിന് അത്തരമൊരു പരികൽപ്പനയിൽ ദൈവാസ്തിക്യം സ്ഥാപിക്കാൻ ഒരു വാദവും ഉന്നയിക്കാൻ സാധ്യമല്ല. എല്ലാ ആത്മാക്കളും പരമാണുക്കളും സ്വയംഭൂവാണെങ്കിൽ അതിനെ സംയോജിപ്പിക്കേണ്ട ആവശ്യത്തിന് വേണ്ടി മാത്രം ഒരു സ്രഷ്ടാവിന്റെ ആവശ്യമില്ല. എല്ലാം തന്നെ സ്വയംഭൂവും അസൃഷ്ടങ്ങളുമാണെങ്കിൽ അവയെല്ലാം ഒരുമിച്ചു കൂട്ടാൻ ഒരു പരമേശ്വരന്റെ ആവശ്യമെന്തിനെന്ന് ഒരു നിരീശ്വരവാദിക്ക് ചോദിക്കാവുന്നതാണ്.

അത്തരം തത്ത്വങ്ങളിൽ നിന്ന് ഉദ്ഭൂതമാവുന്ന മറ്റൊരു തിന്മ ദൈവത്തിന്റെ ദൈവത്വം അത് കവർന്നെടുക്കുന്നു എന്നതാണ്. ആത്മാവിൽ നിക്ഷേപിക്കപ്പെട്ട അത്ഭുതകരമായ ഗുണങ്ങൾ പദാർത്ഥങ്ങളിലെ സംയോജനത്തിലൂടെ സൃഷ്ടിക്കപ്പെടുന്നതല്ല എന്ന് മനശ്ശാസ്ത്രത്തെ സംബന്ധിച്ചും ആത്മാവിന്റെ ഗുണങ്ങളെ സംബന്ധിച്ചും അഗാധമായി പഠിച്ചിട്ടുള്ളവർക്കറിയാം. ഉദാഹരണത്തിന് ആത്മാവിന്റെ ചില ഗുണങ്ങളുണ്ട്. ആത്മാവ് വേണ്ട വിധം വിശ്രമിക്കുമ്പോൾ മറഞ്ഞു കിടക്കുന്ന ജ്ഞാനങ്ങൾ കരഗതമാവുന്നു. അവക്ക് യുക്തിജ്ഞാനത്തിനുള്ള കഴിവുണ്ട്. അതിന്റെ പ്രവർത്തനത്തിലൂടെ ധൈഷണിക വിഷയങ്ങളിൽ ജ്ഞാനം ലബ്ധമാവുന്നു. കൂടാതെ അതിന് സ്നേഹം എന്ന ഗുണവുമുണ്ട്. അതിന്റെ ബലത്തിൽ അത് ദൈവത്തെ കൊള്ളേ ചായുകയും ചെയ്യുന്നു. ഒരു സ്രഷ്ടാവിനെ കൂടാതെയാണ് ഈ വിധ ഗുണങ്ങളെല്ലാം നിലനിൽക്കുന്നതെങ്കിൽ ഇത് പരമേശ്വരനെ സംബന്ധിച്ച് വലിയൊരു അപമാനമാണെന്നാണ് അത് അർത്ഥമാക്കുന്നത്. ഏറ്റവും ഉന്നതവും മഹത്വമാർന്നതുമായ കാര്യങ്ങൾ സ്വയംഭൂവായി നിലനിൽക്കുമ്പോൾ നിസ്സാരവും താഴ്ന്നതുമായ കാര്യങ്ങൾ പരമേശ്വരന്റെ സൃഷ്ടിക്കായി വിടുകയും ചെയ്തിരിക്കുന്നു എന്നാണ്. ആത്മാവിന്റെ സ്വയംഭൂവത്വവും അത്ഭുതകരമായ അതിന്റെ ഗുണങ്ങളും കഴിവുകളും പരമേശശ്വരന്റെ പ്രവർത്തനങ്ങളെക്കാൾ എത്രയോ മികച്ചതാണെന്ന് കരുതേണ്ടി വരും. എത്രത്തോളമെന്നാൽ പരമേശ്വരൻ പോലും അതിന്റെ മികവിനാൽ അത്ഭുതപ്പെടുന്നു. അതിനാൽ ആര്യന്മാരുടെ ഈ ദൈവ സങ്കൽപ്പം ദൈവത്തിന്റെ ഗുണങ്ങളെ ഗുരുതരമായി ദോഷം വരുത്തുന്നു. അതുകൊണ്ട് ദൈവത്തിന്റെ അസ്തിത്വത്തിൽ യാതൊരു വ്യതിരിക്തതയും സംജാതമാവുന്നില്ല. ദൈവമഹത്വത്തെ ഉയർത്തിപ്പിടിക്കുന്ന യാതൊരു വാദമുഖവും ഈ ദൈവസങ്കൽപ്പത്തിൽ നിന്നും ഉദ്ഭൂതമാവുന്നില്ല.

(സുർമെ ചശ്മെ ആര്യ)

# ഉഹുദ് യുദ്ധസംഭവവികാസങ്ങൾ

അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു...) 2024 ജനുവരി 19 ന് മസ്ജിദ് മുബാറകിൽ നിർവഹിച്ച ഖുത്ബ ജുമുഅയുടെ സംഗ്രഹം.



**ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്** (അയ്യദഹുല്ലാഹു)

ഉഹുദ് യുദ്ധത്തെക്കുറിച്ചാണ് പറഞ്ഞുവരുന്നത്. ഇതു സംബന്ധിച്ച് കൂറേകൂടി കാര്യങ്ങൾ പറയുന്നതാണ്. ഞാൻ പറഞ്ഞുവന്നതുപോലെ ശത്രുക്കൾ നബിﷺ ശഹീദായെന്ന് വിളംബരപ്പെടുത്തുകയുണ്ടായി. നബിﷺ ശഹീദായെന്ന വാർത്ത ശത്രുക്കൾ പ്രചരിപ്പിച്ചത് മുസ്‌ലിംകൾ കേട്ടപ്പോൾ അവരുടെ അവസ്ഥ എന്തായിരുന്നു. ഇതിന്റെ വിശദീകരണങ്ങളിൽ പറയുന്നു: ഇബ്നു ഖമിഅഃ താൻ നബിﷺനെ ശഹീദാക്കിയെന്ന് കരുതിക്കൊണ്ട് വിളിച്ചു പറഞ്ഞു: മുഹമ്മദ്ﷺനെ ശഹീദാക്കിയിരിക്കുന്നു. വിളിച്ചുപറഞ്ഞത് ശൈത്വാനാണെന്നും പറയപ്പെടുന്നു. ഏതായാലും ആരാണ് വിളംബരപ്പെടുത്തിയത് എന്നത് സംബന്ധിച്ച് പല നിവേദനങ്ങളുമുണ്ട്. പലരും വിളംബരപ്പെടുത്തിയിട്ടുമുണ്ടാകാം. സാത്താനിക പ്രകൃതമുള്ള ആരും ഇങ്ങനെ വിളംബരം ചെയ്യാവുന്നതുമാണ്.

(പ്രക്ഷുബ്ധമായ ഈ അവസ്ഥയെപ്പറ്റി) ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്ؓ സീറത്ത് ഖാത്തമുന്നബിയ്യീനിൽ എഴുതുന്നു, ആ സമയത്ത് മുസ്‌ലിംകൾ മൂന്ന് വിഭാഗങ്ങളായി പിരിഞ്ഞിട്ടുണ്ടായിരുന്നു. ഒരു കൂട്ടർ നബിﷺ വഫാത്തായി എന്ന വാർത്ത കേട്ട് യുദ്ധമൈതാനത്ത് നിന്ന് ഓടിപ്പോയിരുന്നു. (വളരെ കുറച്ച് ആയിരുന്ന) ഇവരിൽ ഹദ്റത്ത് ഉസ്മാൻ ബിൻ അഫ്ഫാനും ഉണ്ടായിരുന്നു. എന്നാൽ വിശുദ്ധ ഖുർആനിൽ പറഞ്ഞതുപോലെ ആ സമയത്തെ പ്രത്യേക സാഹചര്യവും അവരുടെ ഹൃദയാത്മനായുള്ള വിശ്വാസവും ആത്മാർത്ഥതയും കണക്കിലെടുത്തുകൊണ്ട് അല്ലാഹു അവർക്ക് മാപ്പാക്കിക്കൊടുക്കുകയുണ്ടായി. അവരിൽ പലരും മദീനവരെയെത്തി. അങ്ങനെ മദീനയിൽ നബിﷺ ശഹാദത്ത് വരിച്ചുവെന്ന കല്പിത കഥയും ഇസ്‌ലാമിക സൈന്യം പരാജയപ്പെട്ടുവെന്ന വാർത്തയും എത്തി. അതേ തുടർന്ന് നാട്ടിലാകെ അസ്വസ്ഥത പടർന്നു. മുസ്‌ലിം പുരുഷന്മാരും സ്ത്രീകളും കുട്ടികളും വൃദ്ധന്മാരും അസ്വസ്ഥഭരിതരായി ഉഹുദിലേക്ക് പുറപ്പെട്ടു. ചിലർ അതിവേഗം ഓടി യുദ്ധ മൈതാനത്തിൽ എത്തി. അല്ലാഹുവിന്റെ നാമം ഉരുവിട്ടുകൊണ്ട് ശത്രുക്കൾക്കിടയിലേക്ക് തള്ളിക്കയറി. ഇനിയൊരു വിഭാഗത്തിൽ ഉള്ളവർ (ഓടിപ്പോയില്ലെങ്കിൽ തന്നെയും) നബിﷺയുടെ ശഹാദത്ത് വാർത്ത കേട്ടപ്പോൾ (ധൈര്യം ചോർന്നു) ഇനി യുദ്ധം ചെയ്യുന്നത് വ്യർത്ഥമാണെന്ന് കരുതി. അതുകൊണ്ട് അവർ യുദ്ധമൈതാനത്തുനിന്ന് മാറി തല താഴ്ത്തിയിരുന്നു.

മൂന്നാമത്തെ വിഭാഗം തുടർച്ചയായി യുദ്ധം ചെയ്തുകൊണ്ടിരുന്നു. അവരിൽ കുറച്ചുപേർ നബിﷺയുടെ ചുറ്റിലും കൂടിയവരായിരുന്നു. അവർ അനിതരസാധാരണമായ നിലയിൽ ജീവത്യാഗത്തിന്റെ നൈപുണ്യം പ്രകടിപ്പിക്കുകയായിരുന്നു. അധികംപേരും രണാങ്കണത്തിൽ ചിതറിപ്പിരിഞ്ഞ് പൊരുതുകയായിരുന്നു. ഇവർക്കും രണ്ടാമത് പറഞ്ഞ വിഭാഗത്തിനും നബിﷺ ജീവനോടെ ഉണ്ടെന്ന കാര്യം അറിഞ്ഞുകൊണ്ടിരുന്നതിനനുസരിച്ച് ഉന്മാദരെപ്പോലെ പൊരുതിക്കൊണ്ട് തിരുനബിﷺയുടെ ചുറ്റിലും വന്ന് കൂടി. ആ സമയത്തെ യുദ്ധാവസ്ഥ, ഖുറൈശികളുടെ സൈന്യം സമുദ്രത്തിലെ ഭായാനകമായ തിരകൾ കണക്കെ നാല് ഭാഗത്ത്നിന്നും അലയടിച്ചു വരികയായിരുന്നു. യുദ്ധമൈതാനത്ത് നാല് ഭാഗത്ത്നിന്നും അമ്പുകളുടെയും കല്ലുകളുടേയും വർഷപാതമായിരുന്നു. ജീവത്യാഗ സന്നദ്ധ

രായ സ്വഹാബാക്കൾ പ്രസ്തുത ഭയാനകമായ അവസ്ഥ കണ്ടപ്പോൾ നബിﷺയുടെ ചുറ്റിലും വലയം തീർത്ത് തിരുനബിﷺയുടെ പരിശുദ്ധ മേനിയെ തങ്ങളുടെ ശരീരം കൊണ്ട് മറച്ചു പിടിച്ചു. എന്നിട്ടും ചില സമയത്ത് അക്രമണം ശക്തമായി നടന്നതുകൊണ്ട് ഈ ഏതാനും പേരെ അങ്ങോട്ടും ഇങ്ങോട്ടും തള്ളി മാറ്റിയിരുന്നു. അത്തരം വേളകളിൽ ചിലപ്പോൾ നബിﷺ ഒറ്റപ്പെട്ടു പോയിരുന്നു. അത്തരമൊരു സന്ദർഭത്തിലാണ് ഹദ്റത്ത് സഅദ് ബിൻ അബീ വഖാസിന്റെ മുശ്രികായിരുന്ന സഹോദരൻ ഉത്ബ ബിൻ അബീവഖാസ് എറിഞ്ഞ ആ കല്ല് നബിﷺയുടെ പരിശുദ്ധ മുഖത്ത് പതിച്ചത്. അതുകൊണ്ട് നബിﷺയുടെ ഒരു പല്ല് പൊട്ടുകയും ചുണ്ടിൽ മുറിവുണ്ടാകുകയും ചെയ്തു. അബ്ദുല്ലാഹ് ബിൻ ശിഹാബ് എറിഞ്ഞ കല്ല് തിരുനബിﷺയുടെ നെറ്റിത്തടത്തിൽ മുറിവുണ്ടാക്കി. കുറച്ചു സമയത്തിനകം മൂന്നാമത്തെ കല്ല് ഇബ്നു ഖമിഅഃ എറിയുകയും അത് നബിﷺയുടെ പരിശുദ്ധ കവിളിൽ പതിക്കുകയും ചെയ്തു. അതു കാരണം നബിﷺയുടെ പടത്തൊപ്പിയുടെ രണ്ട് ആണികൾ നബിﷺയുടെ കവിളിൽ ആഞ്ഞു കയറി.

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്ؓ ദുആ സ്വീകാര്യതയുടെ തത്ത്വം വിവരിക്കുന്നുണ്ട്. ഇത് വിവരിച്ചുകൊണ്ട് ഒരു നീണ്ട വിവരണത്തിൽ അദ്ദേഹം ഉഹദ് സംഭവവും പരാമർശിക്കുന്നുണ്ട്. അദ്ദേഹം പറയുന്നു: നബിﷺയെ പിടികൂടാൻ ഇറാൻ രാജാവ് ആഗ്രഹിച്ചിരുന്നു. അയാൾ പിടികൂടാൻ എത്തിയിരുന്നില്ല; സന്ദേശവുമായി യമനിലെ ഗവർണർ എത്തിയിരുന്നതേയുള്ളു. അല്ലാഹു ആ രാജാവിന്റെ മകന്റെ ഉള്ളിൽ ചലനമുണ്ടാക്കുകയും അയാൾ തന്റെ പിതാവിനെ വധിക്കുകയും ചെയ്തു. എന്നാൽ ഉഹദ് യുദ്ധത്തിൽ ശത്രുക്കൾ നബിﷺനെ അക്രമിച്ചു; കല്ലെറിഞ്ഞു; നബിﷺയുടെ പല്ല് പൊട്ടുകയും തലയിൽ പരിക്കേൽക്കുകയും ചെയ്തു. പടത്തൊപ്പിയുടെ ആണികൾ തലയിൽ തുളച്ചു കയറുകയും. നബിﷺ മോഹാലസ്യപ്പെട്ടു വീഴുകയും ചെയ്തു. സ്വഹാബാക്കൾ നബിﷺ ശഹീദായെന്ന് വരെ കരുതി. അല്ലാഹു നബിﷺയുടെ അന്തസ്സ് അംഗീകരിച്ചുകൊണ്ട് നബിﷺക്ക് വേണ്ടി ഇറാനിലെ രാജാവിനെ വളരെ ദൂരെയായിരുന്നുവെങ്കിലും കൊല്ലുകയുണ്ടായി. എന്നിരിക്കെ ഉഹുദ് യുദ്ധത്തിൽ എന്തുകൊണ്ടാണ് ശത്രുക്കൾക്ക് ഇങ്ങനെ കല്ലെറിയാൻ അവസരം കൈവന്നത് എന്ന് ആരെങ്കിലും പറയുന്നുവെങ്കിൽ ആ ആരോപണം ശരിയല്ല. ഇത് അല്ലാഹുവിന്റെ ഇംഗിതവും യുക്തിയുമാണ്. ഇത് ഒരു രഹസ്യമാകുന്നു. ചിലപ്പോൾ എന്തെങ്കിലും ചെറിയ കാര്യത്തിന് പിടിക്കപ്പെടുന്നതാണ്. ചിലപ്പോൾ എന്തെങ്കിലും ഇംഗിതം കാരണം സാവകാശം നൽകുന്നു. അല്ലെങ്കിൽ മനുഷ്യന്റെ നിസ്സഹായതയും ഒന്നുമില്ലായ്മയും വെളിപ്പെടണമെന്ന് അവൻ ആഗ്രഹിക്കുന്നു.

ഏതായാലും ചരിത്രം തുടരുകയാണ്. വധിച്ചുവെന്ന കിംവദന്തിക്ക്ശേഷം നബിﷺയെ സ്വഹാബാക്കൾ കണ്ടതിന്റെ വിശദീകരണത്തിൽ എഴുതുന്നു. ഹദ്റത്ത് അബൂ ഉബൈദയാണ് ആ സമയത്ത് ഏറ്റവും ആദ്യം നബിﷺ ജീവനോടെ ഇരിപ്പുണ്ടെന്ന് തിരിച്ചറിഞ്ഞത്. അബൂ ഉബൈദ പറയുന്നു: ഞാൻ നബിﷺന്റെ കണ്ണുകൾ കണ്ടപ്പോഴാണ് തിരിച്ചറിഞ്ഞത് അത് പടത്തൊപ്പിയുടെ അടിയിലൂടെ പ്രകാശപൂരിതമായി കാണപ്പെടുന്നുണ്ടായിരുന്നു. മുസ്‌ലിംകൾക്ക് അറിയിപ്പ് കിട്ടുന്നതനുസരിച്ച് അവരെല്ലാം നബിﷺയുടെ അടുക്കലേക്ക് കുതിച്ചുകൊണ്ടിരുന്നു. മുസ്‌ലിംകൾ നബിﷺയെ കാണുകയും തിരിച്ചറിയുകയും ചെയ്തപ്പോൾ അവർ ഇയ്യാംപാറ്റകളെ പോലെ നബിﷺയുടെ ചുറ്റിലും ഒരുമിച്ചുകൂടി. ഹദ്റത് മിർസാ ബശീർ അഹ്മദ് സാഹിബ്ؓ എഴുതുന്നു, ഖുറൈശികൾ അൽപം പിന്മാറുകയും യുദ്ധമൈതാനത്തുണ്ടായിരുന്ന സ്വഹാബത്ത് നബിﷺയെ തിരിച്ചറിഞ്ഞ് ഒത്തുകൂടുകയും ചെയ്തപ്പോൾ നബിﷺ അവരെയെല്ലാവരെയും കൂട്ടി മലയിലേക്ക് നീങ്ങി അവിടെ ഒരു സുരക്ഷിതമായ മലയിടുക്കിൽ എത്തി. വഴിയിൽ, മക്കയിലെ ഒരു പ്രമാണിയായ ഉബയ്യ് ബിൻ ഖൽഫ്ന്റെ ദൃഷ്ടി നബിയിൽ പതിച്ചു. വിദ്വേഷം കൊണ്ട് അന്ധനായി, ലാ നജൗത്തു ഇൻ നജാ അഥവാ മുഹമ്മദ് രക്ഷപ്പെട്ടിട്ടുണ്ടെങ്കിൽ ഇനി ഞാൻ രക്ഷപ്പെടില്ല എന്ന് ഉറക്കെ വിളിച്ചുകൊണ്ട് നബിﷺന്റെ അടുത്തേക്ക് ഓടി. സ്വഹാബാക്കൾ അയാളെ തടയാൻ ആഗ്രഹിച്ചു; പക്ഷേ നബിﷺ പറഞ്ഞു. അയാളെ വിട്ടിട്ട് എന്റെ അടുത്തേക്ക് വരാൻ അനുവദിക്കുക. പിന്നെ അവിടുത്തെ ആക്രമിക്കുക എന്ന ഉദ്ദേശത്തോടെ അയാൾ അടുത്ത് വന്നപ്പോൾ അയാൾക്ക് നേരെ അമ്പെയ്തു. അതിൽ അയാൾ നിലത്ത് ഉരുണ്ടുവീണു, എന്നിട്ട് എഴുന്നേറ്റു നിലവിളിച്ച് തിരിച്ചു ഓടി. പ്രത്യക്ഷത്തിൽ സാരമായി മുറിവേറ്റിരുന്നില്ല എങ്കിലും മക്കയിൽ എത്തുന്നതിന് മുമ്പ് അയാൾ മരിച്ചു.

തിരുനബിﷺ മലയിടുക്കിൽ എത്തിയപ്പോൾ ഖാലിദ് ബിൻ വലീദിന്റെ നേതൃത്വത്തിൽ ഒരു കൂട്ടം ഖുറൈശികൾ മല കയറി ആക്രമിക്കാൻ ആഗ്രഹിച്ചിരുന്നു. എന്നാൽ തിരുനബിﷺന്റെ കൽപ്പന പ്രകാരം ഹദ്റത്ത് ഉമർ ഏതാനും മുഹാജിരീങ്ങളുമായി ചെന്ന് അവരെ പൊരുതി പരാജയപ്പെടുത്തി. ഒരു നിവേദനത്തിൽ വരുന്നു, നബിﷺ പാറയുടെ മുകളിലേക്ക് പോകാനുദ്ദേശിച്ചപ്പോൾ, തലയിലെ മുറിവിൽ നിന്നും രക്തം വാർന്ന് തളർച്ച കാരണം അവിടുത്തേക്ക് ശക്തി ഉണ്ടായിരുന്നില്ല.

The Official Website of
the Ahmadiyya Muslim Community

AL-ISLAM

# ദൈവ സംപ്രാപ്തി.

വാഗ്ദത്ത മസീഹ് 1906 ഡിസംബർ 27-ാം തിയ്യതി ഹദ്റത്ത് മസീഹ് മൗഊദ് ﷺ ഖാദിയാനിലെ മസ്ജിദ് അഖ്സയിൽ വാർഷിക സമ്മേളനത്തിൽ ചെയ്ത മുഖ്യ പ്രഭാഷണമാണിത്. ഇതിൽ പരിശുദ്ധ കലിമയുടെ യഥാർത്ഥ്യം, നമസ്ക്കാരത്തിന്റെ പ്രാധാന്യം, അല്ലാഹുവിന്റെ ഏകസത്ത, ഇസ്ലാമിന്റെ അഞ്ചു അനുഷ്ഠാന കർമ്മങ്ങൾ എന്നീ ശിക്ഷണപരമയ വിഷയങ്ങൾ ഉൾക്കൊള്ളുന്നു.

**ഹദ്റത്ത് അഹ്മദ്** عليه السلام

സഹോദരന്മാരെ ശ്രദ്ധാപൂർവം ശ്രവിക്കുക. എന്റെ ശരീരത്തിന് സുഖം പോരാ നിന്നുകൊണ്ട് ദീർഘനേരം സംസാരിക്കുവാൻ എനിക്ക് സാധ്യമല്ല. എന്നിട്ടും, എന്റെ വാക്കുകൾ കേൾക്കുവാൻ ദൂരെ ദൂരെ സ്ഥലങ്ങളിൽ നിന്നും ജനങ്ങൾ വന്നിരിക്കുന്നതുകൊണ്ട് ഞാൻ ഒന്നും പറയാതിരിക്കുന്നത് കുറ്റമാണെന്ന് കരുതുന്നു. അതുകൊണ്ട് ശരീരാസ്വാസ്ഥ്യം ഉണ്ടായിട്ടും അല്ലാഹു എനിക്ക് തന്ന ഹിദായത്തിനെ നിങ്ങളിൽ എത്തിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. തങ്ങൾ മുസ്ലിംകളാണെന്നും ***ലാ ഇലാഹ ഇല്ലല്ലാഹു*** എന്ന് കലിമ ഉരുവിടുന്നവരാണെന്നും ഉള്ളത്കൊണ്ട് മാത്രം നിങ്ങൾ സംതൃപ്തരാവരുത്. ഞാൻ പലവുരു പറഞ്ഞിട്ടുള്ളതാണിത്. അല്ലാഹു വെറും അധരവ്യായാമം കൊണ്ടും വെറും പറച്ചിൽ കൊണ്ടും ഒരിക്കലും സംതൃപ്തനാവുന്നതല്ല എന്ന കാര്യം ഖുർആൻ പാരായണം ചെയ്യുന്നവർക്ക് ബോധ്യമാവും. പ്രവർത്തിക്കുകയും കർമപരമായി തങ്ങളിൽ ഒരു പരിവർത്തനം വരുത്തുകയും ചെയ്യുന്നത് വരെ വെറും വാക്കുകളാൽ ഒരു നന്മയും മനുഷ്യനിൽ സംജാതമാകുന്നില്ല. യഹൂദികളിലും ഒരു കാലം ഉണ്ടായിരുന്നു. അവരിൽ വെറും വാചാലതയും വാചകമടികളാൽ മാത്രം തൃപ്തിപ്പെടുന്ന അവസ്ഥയും ഉണ്ടായിരുന്നു. നാവുകൊണ്ട് പലതും പറയാമെങ്കിലും ഹൃദയങ്ങളിൽ വിവിധ തരത്തിലുള്ള മലിനമായ ചിന്താഗതികളും വിഷലിപ്തമായ വിചാരങ്ങളും നിറഞ്ഞു കിടന്നിരുന്നു. അതുകൊണ്ടാണ് ആ സമുദായത്തിനു പല വിധത്തിലുള്ള ശിക്ഷകളും ഇറങ്ങുകയുണ്ടായത്. അവർക്ക് പല വിധത്തിലുള്ള ആപത്തുകളും പരീക്ഷണങ്ങളും ഇറക്കി. അവർ അപമാനിതരായി. അവർ പന്നികളെന്നും കുരങ്ങുകളെന്നും വിശേഷിപ്പിക്കപ്പെട്ടു.

ശ്രദ്ധേയമായ കാര്യമാണിത്. അവർ തൗറാത്തിൽ വിശ്വസിച്ചിരുന്നില്ലേ? തീർച്ചയായും വിശ്വസിച്ചിരുന്നു. നബിമാരിലും വിശ്വസിച്ചിരുന്നു. എന്നാൽ വെറും നാവുകൊണ്ടുള്ള വിശ്വാസ പ്രകടനത്തെ അല്ലാഹു ഇഷ്ടപ്പെട്ടിരുന്നില്ല. കാരണം അവരുടെ ഹൃദയങ്ങൾ നാവുകൾക്കനുസൃതമായതായിരുന്നില്ല. ഒരു കാര്യം നന്നായിട്ട് മനസ്സിലാക്കുക. ഒരാൾ നാവുകൊണ്ട് താൻ അല്ലാഹുവിനെ ഏകനും പങ്കുകാരനില്ലാത്തവനുമാണെന്നും റസൂൽ തിരുമേനിﷺ അല്ലാഹുവിന്റെ ദൂതനാണെന്നും അതേ പ്രകാരം എല്ലാ ഈമാനിക കാര്യങ്ങളിലും വിശ്വസിക്കുന്നവനാണെന്നും പറയുന്നുവെങ്കിലും ഈ പ്രതിജ്ഞ വെറും നാവുകൊണ്ട് മാത്രമായി പറയുകയും ഹൃദയം ഏറ്റു പറയാതിരിക്കുകയും ചെയ്യുന്നെങ്കിൽ അതൊരു വെറും അധരവ്യായാമം മാത്രമായിരിക്കും ഏത്‌വരെ മനുഷ്യന്റെ ഹൃദയം ഈമാൻ കൊള്ളുന്നില്ലയോ അതുവരെ അവനു മോക്ഷം ലഭിക്കുന്നതല്ല. പ്രവൃത്തി മുഖേന തന്റെ വിശ്വാസം പ്രകടമാകാത്തത് വരെ ഉണ്ടാകുന്നതല്ല.

ഞാൻ സത്യമാണ് പറയുന്നത്, ഏത്‌വരെ എല്ലാം തന്നെ ത്യജിച്ചു കൊണ്ട് അല്ലാഹുവിലേക്ക് ശ്രദ്ധ ചെലുത്തുകയും യഥാർത്ഥത്തിൽ ദുൻയാവിനേക്കാൾ ദീനിനു പ്രാധാന്യം കല്പിക്കുകയും ചെയ്യുന്നില്ലയോ മനുഷ്യനു തന്റെ ജീവിതോദ്ദേശ്യം സഫലമായിത്തീരുന്നതല്ല.

നോക്കുക, മനുഷ്യന് സൃഷ്ടികളെ വഞ്ചിക്കുവാൻ സാധിക്കും. ഒരാളെ കുറിച്ച് അയാൾ അഞ്ചേനരം നമസ്കരിക്കുന്നയാളാണെന്നും വളരെയധികം നന്മകൾ ചെയ്യുന്ന ആളാണെന്നും കരുതി ജനങ്ങൾ വഞ്ചിക്കപ്പെടാൻ സാധിക്കും. എന്നാൽ അല്ലാഹുവിനെ വഞ്ചിക്കുവാൻ സാധിക്കുന്നതല്ല. അതുകൊണ്ട് നമ്മുടെ പ്രവർത്തനങ്ങളിലും കർമങ്ങളിലും ആത്മാർത്ഥത ഉണ്ടാകേണ്ടതാണ്. ഈയൊരു കാര്യമാണ് കർമങ്ങളിൽ സൗന്ദര്യവും സഫലതയും സംജാതമാക്കുന്നത്.

നാം ദിവസവും ചൊല്ലുന്ന കലിമയുടെ അർത്ഥമെന്താണ്? തന്റെ ആരാധ്യനും അനുരക്തനും ജീവിത ലക്ഷ്യവും അല്ലാഹു ഒരുവൻ മാത്രമാണെന്ന് നാവുകൊണ്ട് ഏറ്റു പറയുകയും ഹൃദയം കൊണ്ട് സാക്ഷ്യപ്പെടുത്തുകയും ചെയ്യുകയാണല്ലോ കലിമയുടെ ഉദ്ദേശ്യം. ഇലാഹ് എന്ന വാക്ക് മഹ്ബൂബ്, മഖ്സൂദ്, മഅ്

ബൂദ്, എന്നതിനാണ് യുക്തമായിട്ടുള്ളത്. മുസ്‌ലിംകൾക്ക് പഠിപ്പിക്കപ്പെട്ട വിശുദ്ധ ഖുർആന്റെ എല്ലാ അധ്യാപനങ്ങളുടെയും സംക്ഷിപ്തമാണ് കലിമ. ബൃഹത്തായ ഒരു ഗ്രന്ഥം ഹൃദിസ്ഥമാക്കുക എളുപ്പമല്ല. അതുകൊണ്ട് എപ്പോഴും മനുഷ്യൻ ഇസ്‌ലാമികാധ്യാപനങ്ങളുടെ സത്ത സ്വാംശീകരിക്കാൻ ഈ കലിമ പഠിപ്പിച്ചു തന്നിരിക്കുകയാണ്. ഏത്‌വരെ ഈ യാഥാർത്ഥ്യം മനുഷ്യനിൽ സംജാതമാകുന്നില്ലയോ അത്‌വരെ യഥാർത്ഥമായ മോക്ഷം പ്രാപ്തമാക്കുന്നില്ല എന്നത് ഒരു സത്യം മാത്രമാണ്. അതുകൊണ്ടാണ് തിരുനബിﷺ പറഞ്ഞത്. ഏതൊരാൾ സത്യഹൃദയത്തോടെ ***ലാഇലാഹ ഇല്ലല്ലാഹ ഇല്ലല്ലാഹ്*** എന്ന് വിശ്വസിക്കുന്നുവോ അയാൾ സ്വർഗത്തിൽ പ്രവേശിക്കുന്നതാണ്.*(ബുഖാരി).* തത്ത ഉരുവിടുന്നത് പോലെ ***ലാ ഇലാഹ ഇല്ലല്ലാഹ്*** എന്നുരുവിട്ടുകൊണ്ടിരിക്കുകയാണെങ്കിൽ സ്വർഗത്തിൽ പ്രവേശിക്കാം എന്ന് ചിലർ തെറ്റായി കരുതുന്നു. ഈയൊരു കാര്യം മാത്രം ഇതിലടങ്ങിയിട്ടുണ്ടെങ്കിൽ പിന്നെ എല്ലാ കർമങ്ങളും വ്യർത്ഥവും ഉപയോഗശൂന്യവും ആയിത്തീരുന്നതാണ്. ശരീഅത്ത് അതുകൊണ്ട് (മആദല്ലാഹ്) അർത്ഥശൂന്യമായതായിത്തീരും. മറിച്ച് അതിന്റെ യാഥാർത്ഥ്യമിതാണ്. ഇതിൽ ഉള്ളടക്കം ചെയ്യപ്പെട്ട ഉദ്ദേശ്യം, മനുഷ്യന്റെ ഹൃദയത്തിൽ അതിന്റെ പ്രായോഗികരൂപത്തിൽ പതിഞ്ഞെങ്കിൽ മാത്രമേ ഈ കാര്യം സംജാതമാവുകയുള്ളൂ. അങ്ങനെയുള്ള ആൾ യഥാർത്ഥത്തിൽ സ്വർഗത്തിൽ പ്രവേശിക്കുന്നു. മരണത്തിനു ശേഷം മാത്രമല്ല, ഇതേ ജീവിതത്തിൽ തന്നെ അയാൾക്ക് സ്വർഗത്തിൽ പ്രവേശിക്കാൻ സാധിക്കുന്നതാണ്.

അല്ലാഹുവിനെ കൂടാതെ മനുഷ്യന്ന് മറ്റൊരു മഹ്ബൂബും. മഖ്സൂദും ഇല്ലെന്നിരിക്കെ ഒരു കാര്യം വേഗത്തിൽ മനസ്സിലാക്കാൻ സാധിക്കുന്നതാണ്. അതായത് ഒരു ദുഃഖവും ബുദ്ധിമുട്ടും അവരെ കഷ്ടപ്പെടുത്തുന്നില്ല. അബ്ദാലീങ്ങൾക്കും ഖുത്ത്ബീങ്ങൾക്കും ഉള്ള സ്ഥാനമാണിത്.

ഞങ്ങളെപ്പോഴാണ് വിഗ്രഹാരാധന നടത്തിയിരുന്നത്. ഞങ്ങളും അല്ലാഹുവിനെ തന്നെയാണല്ലോ ആരാധിക്കുന്നത് എന്ന് നിങ്ങൾ വിചാരിക്കരുത്. മനുഷ്യൻ ബിംബങ്ങളെ ആരാധിക്കുന്നതും താഴ്ന്ന പടിയിലുള്ള കാര്യമാണ്. യാഥാർഥ്യങ്ങൾ അറിയുന്ന ഹിന്ദുക്കൾ ബിംബാരാധന ഉപേക്ഷിച്ച് വരികയാണ്. മനുഷ്യനെയോ ബിംബങ്ങളെയോ ആരാധിക്കുകയല്ല മഅ്ബൂദിന്റെ ഉദ്ദേശ്യമായിട്ടുള്ളത്. വേറെയും മഅ്ബൂദുകളുണ്ട്. വിശുദ്ധ ഖുർആനിൽ അല്ലാഹു പറയുന്നു: സുഖലോലുപതയും ഭൗതിക സുഖാസക്തിയും മഅ്ബൂദുകളാണ്. നഫ്സിന്റെ ഉൽക്കടമായ ആഗ്രഹ നിവർത്തിക്കായി തന്റെ ഇച്ഛകളെ പിൻപറ്റുകയും അതിനായി മരിക്കുകയും ചെയ്യുന്ന ആരും വിഗ്രഹാരാധകനും മുശ്‌രിക്കുമാണ്.

ഇവിടെ വന്ന 'ലാ' എന്ന പ്രയോഗം ധാതുവിനെ നിഷേധിക്കാൻ വേണ്ടി മാത്രമുള്ളതല്ല. 'ലാ' എന്ന പ്രയോഗം ആന്തരികമോ ബാഹ്യമോ ആയ എല്ലാ ആരാധ്യ വസ്തുക്കളെയും നിഷേധിക്കുന്ന ഒന്നാണ്. ഹൃദയത്തിൽ വിഗ്രഹമായതോ അല്ലാത്തതോ ആയ എല്ലാ ആരാധ്യ വസ്തുവിനെ അത് നിഷേധിക്കുന്നു. ഉദാഹരണമായി ഒരാൾ ഭൗതിക വസ്തുക്കളാൽ തവക്കൽ ചെലുത്തുകയാണെങ്കിൽ അതു ഒരു വിധത്തിലുള്ള വിഗ്രഹമാണ്. അതു പോലുള്ള വിഗ്രഹാരാധന ആന്തരികമായ മനുഷ്യനെ നശിപ്പിക്കുന്ന ക്ഷയരോഗം പോലെയാണ്. വലിയ തരത്തിലുള്ള വിഗ്രഹത്തെ പെട്ടെന്ന് തിരിച്ചറിയാൻ സാധിക്കുന്നതാണ്. എളുപ്പത്തിൽ അതിൽ നിന്നും മോചനം ലഭ്യമാണ്. ആയിരക്കണക്കിലും ലക്ഷക്കണക്കിലുമുള്ളവർ അവയെ വിട്ടുപിരിയുന്നതായി ഞാൻ കാണുന്നു. ഹിന്ദുക്കൾ നിറഞ്ഞിരുന്ന ഈ നാട്ടിൽനിന്നും മാണല്ലോ എല്ലാ മുസ്‌ലിംകളും വന്നത്? അവർ ബിംബാരാധന ഉപേക്ഷിച്ചവരല്ലേ? ഹിന്ദുക്കളിൽ തന്നെ പല വിഭാഗങ്ങൾ ബിംബാരാധന ഉപേക്ഷിച്ചവരല്ലേ? എന്നാൽ ബിംബാരാധന എന്നതുകൊണ്ട് ഇത് മാത്രമല്ല ഉദ്ദേശ്യം. ഇത് ബാഹ്യമായ രീതിയിലുള്ള സ്ഥൂലമായ ബിംബാരാധനയാണ്. എന്നാൽ ആയിരക്കണക്കിലുള്ള ബിംബങ്ങൾ മനുഷ്യൻ തന്റെ തോളിൽ കയറ്റി നടക്കുകയാണ്. ഫിലോസഫിയെന്നും മൻത്വിഖ് എന്നു പറയുന്നവർക്കും അവയെ തങ്ങളുടെ അന്തരംഗങ്ങളിൽ നിന്നും നീക്കുവാൻ സാധിക്കുന്നില്ല. വാസ്തവമെന്തെന്നാൽ അല്ലാഹുവിന്റെ അനുഗ്രഹം കൂടാതെ ഈ കീടങ്ങൾ അവയുടെ രംഗത്ത് നിന്നും പുറത്ത് പോകുന്നില്ല. വളരെ സൂക്ഷ്മമായ കീടങ്ങളാണത്. ഏറ്റവും അധികം നഷ്ടം ഇതുകൊണ്ടാണ് മനുഷ്യനു ഉണ്ടാകുന്നത്. തങ്ങളുടെ നഫ്സിന്റെ വികാരങ്ങൾക്കടിമപ്പെട്ട് അല്ലാഹുവിനോടുള്ള ബാധ്യതകളിൽ നിന്നും അതിർവരമ്പുകളിൽ നിന്നും പുറത്താവുകയും അതേ പ്രകാരം സൃഷ്ടികളുടെ അവകാശങ്ങളെ നശിപ്പിക്കുകയും ചെയ്യുന്നവർ വിദ്യാഭ്യാസമില്ലാത്തവരല്ല. അവരിൽ ആയിരക്കണക്കിലുള്ള മൗലവി ഫാസിലുകളും പണ്ഡിതന്മാരും ഫഖീഹുമാർ സൂഫിമാർ എന്നു പറയുന്നവരും ഉണ്ട്. എന്നിട്ടും ഇത്തരം കാര്യങ്ങളുള്ള രോഗികളാണിവർ. ഈ ബിംബങ്ങളിൽ നിന്നും മോചനം ലഭിക്കുക എന്നത് ധീരമായ കാര്യമാണ്. ഈ രോഗങ്ങളെ അറിയുക എന്നതാന് സാമർത്ഥ്യം ഈ ബിംബങ്ങൾ കാരണമായിട്ടാണ് പരസ്പരം കാപട്യം ഉണ്ടാകുന്നതും ആയിരക്കണക്കിനുള്ള കൊലപാതകങ്ങൾ ഉണ്ടാകുന്നതും. ഒരു സഹോദരൻ മറ്റൊരു സഹോദരന്റെ അവകാശം ധ്വംസിക്കുന്നു. ഇതു പോലുള്ള ആയിരക്കണക്കിനുള്ള തിന്മകൾ അവ



മൂലം ഉണ്ടാകുന്നു. ഓരോ ദിവസ വും ഓരോ നിമിഷവും ഉണ്ടാകുന്നു. ഇവർ ഭൗതിക വസ്തുക്കളിൽ എത്ര മാത്രം വിശ്വാസമർപ്പിച്ചിരിക്കുന്നു വെന്നാൽ ദൈവത്തെ വ്യർത്ഥമായ ഒരവയമായി ഗണിക്കുകയാണ്. തൗ ഹീദിന്റെ യഥാർത്ഥ ഉദ്ദേശ്യം മന സ്സിലാക്കിയവർ വളരെ കുറവാണ്. അവരോട് പറയപ്പെടുകയാണെ ങ്കിൽ തങ്ങൾ മുസ്‌ലിംകളല്ലേ? ക ലിമയല്ലേ ചൊല്ലുന്നത്? എന്നാൽ പരിതാപകരമെന്ന് പറയട്ടെ. വായ കൊണ്ട് കലിമ ഉച്ചരിച്ചാൽ മതി എന്നവർ കരുതുകയാണ്.

മനുഷ്യൻ കലിമ ത്വയ്യിബയുടെ പ്രാധാന്യം മനസ്സിലാക്കുകയും അ തിനെ പ്രാവർത്തികമാക്കുകയും ചെ യ്യുകയാണെങ്കിൽ അത് തന്നെ വ ലിയ പുരോഗതിയാണ്. എന്ന് മാത്ര മല്ല അവന് അല്ലാഹുവിന്റെ വിസ് മയകരമായ ശക്തി കാണുവാൻ സാധിക്കുന്നതാണ്. ഒരു കാര്യം ന ന്നായിട്ടോർമ്മയിലിരിക്കട്ടെ, ഞാനേ തൊരു സ്ഥാനത്താണോ പ്രവർ ത്തിക്കുന്നത് അത് ഒരു സാധാരണ ഉപദേശകന്റെ സ്ഥാനമോ ഒരു കാ ഥികന്റെ സ്ഥാനമോ അല്ല. ഞാൻ സാക്ഷി പറയുവാനാണ് എത്തിയി രിക്കുന്നത്. അല്ലാഹു എനിക്ക് ന ല്കിയ സന്ദേശം എത്തിക്കുകയാണ്. ആരെങ്കിലും അത് കേൾക്കുകയോ കേൾക്കാതിരിക്കുകയോ സ്വീകരി ക്കാതിരിക്കുകയോ ചെയ്യട്ടെ. എനി ക്കതിൽ ഒരാശങ്കയുമില്ല തന്നെ. അതിന്റെ മറുപടി നിങ്ങൾ സ്വയം നല്കുന്നതാണ്. ഞാനെന്റെ കടമ നിർവഹിക്കുകയാണ്. ധാരാളം പേർ എന്റെ ജമാഅത്തിൽ പ്രവേശിച്ചി രിക്കുന്നു. അവർ തൗഹീദിനെ ഏറ്റു പറയുകയും ചെയ്യുന്നു. ഏതൊ രാൾ തന്റെ സഹോദരന്റെ അവ കാശത്തെ ധ്വംസിക്കുകയോ വിശ്വാ സവഞ്ചന നടത്തുകയോ ഇത്തര ത്തിലുള്ള തിന്മകളിൽ നിന്നും വിട്ടു നില്ക്കുകയോ ചെയ്യുന്നില്ലയോ അ യാൾ തൗഹീദിൽ വിശ്വസിക്കുന്ന ആളാണെന്ന് എനിക്കുറപ്പില്ല. കാര ണം തൗഹീദ് എന്നത് അല്ലാഹു വിന്റെ അനുഗ്രഹമാണ്. അതു ലഭി ച്ചയാളിൽ അത്ഭുതകരമായ ഒരു പരിവർത്തനം സംജാതമാകുന്നു. ആ ആളിൽ വിദ്വേഷം, പക, അ സൂയ, പ്രകടനം എന്നീ ബിംബ ങ്ങൾ ഉണ്ടാകുന്നില്ല. അവർക്ക് ദൈ വിക സാമീപ്യം ലഭ്യമാകുന്നു. ഈ പരിവർത്തനം അയാളിൽ ഉണ്ടാ കുന്നത് അയാളിൽ നിന്നും ആന്ത രികമായ അഹംഭാവം, അഹന്ത, പ്ര കടനം, പക, ശത്രുത, അസൂയ, പി ശുക്ക്, കാപട്യം പ്രതിജ്ഞാലംഘനം എന്നീ ബിംബങ്ങളിൽ നിന്നും അ കന്നു യഥാർത്ഥ ഏകദൈവ വിശ്വാ സി ആയിത്തീരുമ്പോഴാണ്. ഏത് വരെ ബിംബങ്ങൾ അന്തരംഗത്തിൽ കുടിയിരിക്കുന്നുവോ അതുവരെ ***ലാ ഇലാഹ*** എന്നു പറയുന്നതിൽ എന്ത് യാഥാർത്ഥ്യമാണുള്ളത്? കാരണം അതിൽ തവക്കലിന്റെ നിഷേധമാ ണുള്ളത്. വെറും വാകൊണ്ട് താൻ അല്ലാഹുവിനെ പറ്റി അവൻ ഒരു പങ്കുകാരനുമില്ലാത്ത ഏകനാണെന്നു പറയുന്നതുകൊണ്ട് ഒരു പ്രയോജന വും ഇല്ലതന്നെ. ഇവിടെ വാകൊണ്ട് കലിമ ചൊല്ലുന്നു. എന്നാൽ തന്റെ ഇഷ്ടത്തിനും സ്വഭാവത്തിനും നിര ക്കാത്തതെന്തെങ്കിലും ഉണ്ടാവുക യാണെങ്കിൽ ഉടനെ ക്രോധവും കോ പവും അയാളിൽ ജ്വലിക്കുന്നു.

ഒരു കാര്യം നിങ്ങൾ എപ്പോഴും ഓർക്കേണ്ടതാണെന്ന് ഞാൻ പല വുരു ആവർത്തിച്ചാവർത്തിച്ച് പറ ഞ്ഞതാണ്. ഏത്വരെ ഈ നിഗൂ ഢമായ ആരാധ്യവസ്തുക്കൾ നി ലനില്ക്കുന്നുവോ ഒരു യഥാർത്ഥ ഏകദൈവ വിശ്വാസിക്കു ലഭിക്കുന്ന സ്ഥാനം അതുവരെ നിങ്ങൾക്ക് ല ഭിക്കുമെന്ന് ഒരിക്കലും നിങ്ങൾ പ്ര തീക്ഷിക്കരുത്. എലി നിലനില് ക്കുന്നത് വരെ പ്ലേഗിൽ നിന്ന് ര ക്ഷപ്പെടാമെന്ന് ഒരിക്കലും കരുത രുത്. അതേപ്രകാരം ഈ എലി അന്തരംഗത്തിൽ നിലനില്ക്കുന്നത് വരെ ഈമാന് അപായമുണ്ട്. ഞാൻ പറയുന്നത് സശ്രദ്ധം കേൾക്കുകയും അതനുസരിച്ച് പ്രവർത്തിക്കുന്നതി നായി കാലെടുത്തു വെക്കുകയും ചെയ്യുക. ഇന്നത്തെ ഈ സദസ്സിൽ സന്നിഹിതരായവരിൽ ഭാവിയിൽ ആരൊക്കെ ഉണ്ടാകും ആരൊക്കെ ഉണ്ടാവുകയില്ല എന്ന് എനിക്കറി യില്ല ഇത് കൊണ്ടുതന്നെയാണ് ഞാൻ വളരെ വിഷമം സഹിച്ചു കൊണ്ട് ഇവിടെ വന്ന് അല്പം സംസാരിക്കുന്നത് ആവശ്യമാണെന്ന് കരുതുന്നത്. അങ്ങനെ ഞാനെന്റെ കർത്തവ്യം നിർവഹിക്കട്ടെ. ചുരു ക്കത്തിൽ കലിമയെകുറിച്ചുള്ള സം ക്ഷിപ്തമിതാണ്. അല്ലാഹു മാത്രം നിങ്ങളുടെ മഹ്ബൂബും മഖ്സു ദും ആയിത്തീരുമാറാകട്ടെ. ഈ സ്ഥാനം എല്ലാ വിധത്തിലുള്ള ആന്തരികമായ തിന്മകളിൽ നിന്നും പരിശുദ്ധമാവുകയും ഹൃദയങ്ങളിൽ കുടികൊള്ളുന്ന ബിംബങ്ങളെ പുറ ത്താക്കുകയും ചെയ്താൽ മാത്രമേ ലഭ്യമാകുകയുള്ളൂ. (തുടരും)

*വിവ: മുഹമ്മദ് ഉമർ*

# മനുഷ്യശരീരത്തിനകത്തെ വിസ്മയ സന്തുലനങ്ങൾ.

ശരിതെറ്റുകളുടെ ആന്തരനിർമ്മിത മാനകം പോലെ മനുഷ്യശരീരത്തിനകത്തെ അത്ഭുതകരമായ സന്തുലന വ്യവസ്ഥയെ പറ്റി നാം ചിന്തിച്ചിട്ടുണ്ടോ? സ്യഷ്ടാവിന്റെ തികവുറ്റ സ്യഷ്ടി മികവിനെ നാം അറിയാതെ വാഴ്ത്തിപ്പോവുന്ന വിസ്മയങ്ങളുടെ കേദാരമാണ്


## ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ് ؓ

ഖലീഫത്തുൽ മസീഹ് നാലാമൻ


ദൈവം മനുഷ്യന്റെ ശരീരഘടനക്ക് രോഗവും ആരോഗ്യവും അതുപോലെ നിർമ്മാണാത്മക പ്രക്രിയയും സംഹാരാത്മക പ്രക്രിയയും തിരിച്ചറിയാനുള്ള ആന്തരികമായ കഴിവ് നൽകി അനുഗ്രഹിച്ചിരിക്കുന്നു. ഈ വിവേചനാത്മകമായ സംവിധാനം മനുഷ്യന്റെ ബോധജ്ഞാനം അറിയാതെയാണ് പ്രവർത്തിക്കുന്നത്. അത് തുടർന്നുകൊണ്ടിരിക്കുന്നതും സ്വയം പ്രവർത്തിക്കുന്നതുമായ ഒരു പ്രതിഭാസമാണ്. വാസ്തവത്തിൽ ഇത് മനുഷ്യന്ന് മാത്രമല്ല എല്ലാ ജീവിരൂപങ്ങളിലും പ്രവർത്തിക്കുന്ന പ്രതിഭാസമാണ്. താഴ്ന്നതും ഉയർന്നതുമായ എല്ലാ ഓരോ ജീവിവർഗ്ഗങ്ങളിലും ഏതാണ് ശരി ഏതാണ് തെറ്റ് എന്ന് അതിനെ അറിയിക്കുന്ന ഒരു ആന്തരിക സംവിധാനമുണ്ട്. ഓരോ ജീവികളുടേയും കൊച്ചുലോകത്ത് അതിന്റെ തനത് രൂപത്തിൽ ആന്തരികമായി സജ്ജീകരിക്കപ്പെട്ട ഒരു സംവിധാനമായി അത് നിലനിൽക്കുന്നു. അമീബിക്ക് പോലും ആരോഗ്യത്തിന്റേയും രോഗത്തിന്റേയും വിധിവിലക്കുകളുടെ പരിധികളുണ്ട്. അമീബ എന്ത് ആർജിക്കാൻ പരിശ്രമിക്കണം എന്ത് വർജ്ജിക്കുവാനും ഒഴിവാക്കാനും ശ്രമിക്കണം എന്നതാണ് അമീബക്ക് നിർണ്ണയിക്കപ്പെട്ട പരിധി. എന്നാൽ മനുഷ്യനിൽ ഇത് വളരെ വികസിതവും വളരെ സങ്കീർണവുമായ ഒരു പ്രതിഭാസമാണ്. ഒറ്റനോട്ടത്തിൽപ്പോലും അത് ഒരു അത്ഭുത പ്രതിഭാസമാണെന്ന് കാണാം.

നിരാകരണത്തിന്റെയും സ്വീകരണത്തിന്റെയും പ്രക്രിയ മനുഷ്യാസ്തിത്വത്തിന്റെ ഏത് വിതാനത്തിലും വളരെ തികവോടെ പാലിക്കപ്പെടുന്നതായി കാണപ്പെടുന്നു. ഇവിടെ ചർച്ച ചെയ്യുന്ന വിഷയം താഴെ പറയുന്ന ലളിതമയ ഉദാഹരണത്തിലൂടെ തെളിയിക്കാനാവും. മനുഷ്യനിലെ വിശപ്പ് അവനിൽ ഊർജ്ജത്തിന്റെ ആവശ്യങ്ങളെ സംബന്ധിച്ച ഒരു അവബോധം സൃഷ്ടിക്കുന്നു. ഏതെങ്കിലും രൂപത്തിലുള്ള കുറച്ച് ഊർജ്ജത്തിന്റെ ആവശ്യം സംജാതമായാൽ കാഴ്ച്ചക്കും ഘ്രാണത്തിന്നും സ്പർശനത്തിന്നും രുചിക്കും ചില അവസരങ്ങളിൽ ശ്രവണത്തിന്നും വേണ്ടിയുള്ള ഇന്ദ്രിയങ്ങൾ ഉടൻ തന്നെ സജീവമാകുന്നു. ഈ ഊർജ്ജാവശ്യത്തെ മുൻനിർത്തി മനുഷ്യന്ന് ഏതാണ് നല്ലത് ഏതാണ് ചീത്ത എന്ന് തീരുമാനിക്കാനാണ് ഈ സംവേദനേന്ദ്രിയങ്ങൾ സജീവമാകുന്നത്. മനുഷ്യൻ ഒരു കവിൾ ഭക്ഷണം ചവക്കുമ്പോൾ രുചിമുകുളങ്ങൾ (Taste Buds), താപമുകുളങ്ങൾ (Heat Buds), സ്പർശന സംബന്ധിയായ സംവേദനാവയവങ്ങൾ, പല്ല്, ഉമിനീർ ഗ്രന്ഥികൾ, താടിയെല്ലുകൾ, താടിയുടെ പേശികൾ, എല്ലാം തന്നെ തികച്ചും സന്തുലിതമായ പങ്കാളിത്തത്തോടെ പ്രവർത്തന നിരതമാവുന്നു. അവസാനം എന്തെങ്കിലും ഭക്ഷണം ആഹരിച്ചു കഴിഞ്ഞാൽ അത് സ്വീകരിക്കുന്ന പ്രക്രിയ സൂക്ഷ്മ തലത്തിൽ ആരംഭിക്കുന്നു. ഭക്ഷണത്തെ വിഘടിപ്പിക്കുകയും ഘടകവസ്തുക്കളാക്കി അതിനെ മാറ്റുകയും ശരീരത്തിന്നാവശ്യമില്ലാത്ത വസ്തുക്കളെ ഒഴിവാക്കി അത് ശുദ്ധീകരിക്കുകയും ചെയ്യുന്നു. മനുഷ്യനെ ബാക്ടീരിയയിൽ നിന്നും വൈറസുകളിൽ നിന്നുമുള്ള അക്രമണങ്ങളിൽ നിന്നും രക്ഷപ്പെടുത്തുന്ന എല്ലാ ഉപാധികളും സ്വീകരിക്കുന്നു. ഈ ഘട്ടങ്ങളെല്ലാം പിന്നിട്ട ശേഷം ഭാഗികമായി ദഹിച്ച ഭക്ഷണം രാസഘടകങ്ങളായി മാറുന്നു. ഇങ്ങനെ രാസഘടകങ്ങളാക്കി മാറ്റപ്പെട്ട ഭക്ഷണം അതിന്റെ കൂടുതൽ സങ്കീർണ്ണമായ മറ്റു ജൈവ വസ്തുക്കളായി പുനരുപയോഗത്തിന്ന് വേണ്ടി സജ്ജമാക്കപ്പെടുകയും ചെയ്യുന്നു.

ഇതെല്ലാം, മനുഷ്യശരീരം എങ്ങനെയാണ് അതിന് വേണ്ട ഭക്ഷണം സുരക്ഷിതമായി ഉപഭോഗിക്കാൻ സജ്ജീകരിക്കപ്പെട്ടിരിക്കുന്നു എന്നതിന്റെ അത്യധികം ലളിതവത്ക്കരിച്ച ഉദാഹരണങ്ങളാണ്. സന്തുലനത്തിന്ന് എന്തെങ്കിലും തകരാറ് സംഭവിച്ചാൽ അത് ജീവന്റെയും ആരോഗ്യത്തിന്റേയും ഗുണനിലവാരത്തെ വിപരീതമായി ബാധിക്കുന്നു. സന്തുലനം തികവുറ്റ രീതിയിൽ അളന്നു തിട്ടപ്പെടുത്തിയതും കണിശമായ അനുപാതത്തിലുള്ളതുമായിരിക്കണം. അതിനകത്ത് ഉണ്ടാവുന്ന എന്തെങ്കിലും രീതിയിലുള്ള ചെറിയ

തകരാറ് പോലും ജീവന്ന് മരണ ഭീഷണിയായി തീരും.

ഇവിടെ മാറ്റങ്ങൾ ജീവന്റെ ആരോഗ്യകരമായ പുരോഗതിക്ക് വിഘാതമായി നിൽക്കുമ്പോൾ സൂറ: അശ്ശംസിലെ 9-ാമത്തെ വചനത്തിൽ ഉപയോഗിച്ച ഫുജൂർ *(ധാർമികത, പാപം) എന്ന പദം വളരെ യുക്തിപരമായി വ്യാഖ്യാനിക്കേണ്ടതുണ്ട്, അതേ വചനത്തിലെ *തഖ്‌വ എന്ന പദം രോഗത്തിലേക്കും മരണത്തിലേക്കും നയിക്കുന്ന അപകടങ്ങളെ ഒഴിവാക്കുന്ന ഫലപ്രദമായ കഴിവിനെ സൂചിപ്പിക്കുന്നു. മനുഷ്യശരീരവുമായി ബന്ധപ്പെടുത്തി പറയുകയാണെങ്കിൽ സൂറ: അശ്ശംസിലെ ഈ വചനം സൂചിപ്പിക്കുന്നത് മനുഷ്യന്റെ ശരീരശാസ്ത്രം, ശരീരഘടനാ ശാസ്ത്രം നാഡീ വ്യവസ്ഥ, രക്ത ചംക്രമണ വ്യവസ്ഥ, ഞരമ്പു വ്യവസ്ഥ, ഗ്രന്ഥി വ്യവസ്ഥ, പ്രതിരോധ വ്യവസ്ഥ എന്നിവക്കെല്ലാം തന്നെ അവക്ക് വേണ്ട നന്മതിന്മകൾ എന്തൊക്കെയാണ് എന്നതിനെപ്പറ്റിയുള്ള ജ്ഞാനം ആ വ്യവസ്ഥകൾക്കകത്ത് തന്നെ നല്ലത്പോലെ സജ്ജീകരിച്ചിട്ടുണ്ട് എന്നാണ്. ഒരു വ്യവസ്ഥയെ കുറിച്ചുള്ള സൂക്ഷ്മ പഠനം തന്നെ വിവരിക്കാൻ നിരവധി അദ്ധ്യായങ്ങൾ എഴുതേണ്ടി വരും. എന്നാലും വിഷയം അവസാനിക്കില്ല. ഇതിനെ സംബന്ധിച്ച് മാന്ത്രികം, അതിശയകരം എന്നൊക്കെ നിഷ്കളങ്കമായി പറയാൻ സാധിക്കും. മനുഷ്യ ജീവിതത്തിന്ന് നൽകപ്പെട്ട സങ്കീർണതകളും അടരുകൾക്ക് മീതെ അടരുകളായി നിൽക്കുന്ന സമസ്യകളും താരതമ്യം ചെയ്യുമ്പോൾ മനുഷ്യ ജീവിതത്തെ ആലീസിന്റെ അത്ഭുത ലോകത്ത് പ്രതിഷ്ഠിക്കുന്നത് പോലെയാണ്. മനുഷ്യസൃഷ്ടിപ്പിന്റെ അത്ഭുതങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ പ്രഹേളികകളും അത്ഭുതാതിശയങ്ങളുമായി ബന്ധപ്പെട്ട മുഴുവൻ കഥകളും അതിന്ന് മുമ്പിൽ ഒന്നുമല്ല.

പ്രസക്തമായ ഖുർആനിക പ്രസ്താവനയുമായി മാറ്റുരച്ചുനോക്കുമ്പോൾ എത്ര തികവുറ്റ രീതിയിലാണ് മനുഷ്യ ശരീരം പ്രവർത്തിക്കുന്നത് എന്ന് കണ്ട് നാം അത്ഭുതപ്പെട്ടുപോകും. മനുഷ്യന്ന് രോഗം പിടിപെടാനും രോഗബാധക്കുള്ള സാദ്ധ്യതകളും അതേ സമയം എറെകുറെ എല്ലാ രോഗങ്ങളിൽ നിന്നും സ്വയം രോഗവിമുക്തനാകാനുള്ള കഴിവും ശ്രദ്ധേയമാണ്. ഒരു ചികിത്സകരുടെയും അർബുദരോഗ വിദഗ്ദരുടെയും സഹായമില്ലാതെ കാൻസർ പോലും ഭേദമാവാനുള്ള സിദ്ധി മനുഷ്യശരീരത്തിന്നുണ്ട്. മെഡിക്കൽ റിക്കാർഡുകളിൽ രേഖപ്പെടുത്തപ്പെട്ട അന്തിമ സ്ഥിതിയിലെത്തിയ ഒരു അർബുദ രോഗി അർബുദ ചികിത്സകരുടെ ധാരണകളെയെല്ലാം പരാജയപ്പെടുത്തി പൂർണമായും രോഗമുക്തമായ സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്. എങ്ങനെയാണ് അത് സംഭവിച്ചതെന്ന് വിദഗ്ദർക്ക് മനസ്സിലായിട്ടില്ല. അർബുദം ബാധിച്ച മാറാരോഗി രോഗ വിമുക്തനാകുകയും സാധാരണ ജീവിതത്തിലേക്ക് മടങ്ങി വരുകയും ചെയ്തപ്പോൾ സ്പെഷലിസ്റ്റുകളുടെ രോഗവിജ്ഞാനമെല്ലാം അപ്രസക്തമാവുകയാണുണ്ടായത്. മനുഷന്റെ അതീവ സങ്കീർണമായ രോഗപ്രതിരോധ സംവിധാനത്തെ പറ്റി ബാഹ്യമാത്രമായി മാത്രമേ തങ്ങൾക്ക് മനസ്സിലാക്കാൻ കഴിഞ്ഞിട്ടുള്ളൂ എന്ന് ഐക്യകകണ്ഠേന ശാസ്ത്രജ്ഞന്മാർ സമ്മതിക്കുന്നു. നമ്മുടെ രോഗപ്രതിരോധ സംവിധാനം അപരിമേയമായ സാധ്യതകളോടെയാണ് നൽകപ്പെട്ടത് എന്ന് നമുക്ക് പറയാൻ സാധിക്കും. .

പ്രതിരോധ സംവിധാനം എത്ര തന്നെ തികവുറ്റതായാലും മനുഷ്യനിലെ ഒരു പ്രതിരോധ സാമഗ്രിക്കും അവനെ അനശ്വരനാക്കുവാൻ സാദ്ധ്യമല്ല. മനുഷ്യനിലെ ഓരോ അവയവ വ്യവസ്ഥയിലും അതിനകത്ത് തന്നെ അന്തർലീനമായ ഒരു പ്രതിപ്രവർത്തന വ്യവസ്ഥയുണ്ട്. അത് അന്തിമമായ നാശത്തിന്ന് വേണ്ടി അളന്ന് തിട്ടപ്പെടുത്തിയ ഒരു പ്രതിപ്രവർത്തന സംവിധാനമാണ്. അതിൽ എല്ലാ കാര്യങ്ങളും അതിസൂക്ഷ്മമായി അളന്ന് തിട്ടപെടുത്തുകയും ആനുപാതികമായി ക്രമപ്പെടുത്തിവെക്കുകയും ചെയ്തിരിക്കുന്നു. പ്രകടമായി പ്രവർത്തിക്കുന്നതും മന്ദമായി പ്രവർത്തിക്കുന്നതുമായ സ്വഭാവങ്ങൾ രേഖപ്പെടുത്തിയ ജീനുകളാൽ മനുഷ്യ ശരീരത്തിലെ ഓരോ കോശത്തിന്റേയും ആയുസ്സ് മുൻകൂട്ടി കണക്കാക്കപ്പെട്ടിരിക്കുന്നു. ഒരു നിശ്ചിത അവയവത്തിന്റെ മരണ നിരക്കിനേക്കാൾഎത്ര വേഗത്തിൽ അതിന്റെ വളർച്ചാനിരക്ക് വേണമെന്ന് അതിൽതന്നെ വ്യക്തമായും പൂർവ്വ കൽപ്പിതമാണ്. മാത്രമല്ല അതിന്റെ ആയുസ്സ് കണക്കാക്കി വളർച്ചയുടേയും മരണത്തിന്റേയും നിരക്കിന്റെ ഗതിവേഗം അവികലമായ രീതിയിൽ പൊരുത്തപ്പെടുത്തി നിർത്തിയിരിക്കുന്നു. അത് മരണത്തിന്റേ ഭാഗത്തേക്കാണ് ചായുന്നതെങ്കിൽ നിർമ്മാണാത്മകതയുടെ പ്രക്രിയയേക്കാൾ സംഹാരാത്മകതയുടെ പ്രക്രിയക്ക് പ്രാമുഖ്യം ലഭിക്കും. ഇതൊന്നും തന്നെ ആകസ്മികമായി സംഭവിക്കുന്നതല്ല.

**കായിക വളർച്ച**

ഈ വിവരണത്തിന്റെ ഭാഗമായി വളരെ ലളിതമായ പല്ലിന്റെ വളർച്ചയുടെ ഉദാഹരണമെടുത്ത് നമുക്ക് പരിശോധിക്കാം. പാൽപല്ല് (Milk Teeth) എന്ന് നാം വിളിക്കുന്ന അതിന്റെ വളർച്ചയുടെയും (Growth) ജീർണനത്തിന്റേയും (Decay) നിരക്ക് നിരന്തരം നിയന്ത്രിക്കപ്പെട്ടതും അളന്ന്തിട്ടപ്പെടുത്തുകയും ചെയ്തതാണ്. ചില വർഷങ്ങളിൽ പാൽ പല്ലിന്റെ വളർച്ച അതിന്റെ ക്ഷയത്തേക്കാൾ വേഗത്തിലായിരിക്കും. ഒരു സന്തുലനാത്മകമായ ഘട്ടം പ്രാപിച്ചു കഴിഞ്ഞാൽ അതിന്റെ വളർച്ചാ നിരക്ക് നിലക്കുന്നു. അതിന്ശേഷം സന്തുലനം മരണത്തിന്റേയും ജീർണനത്തിന്റേയും ഭാഗത്തേക്ക് ചായുന്നു. അങ്ങനെ പാൽ പല്ലുകളുടെ ദിവസങ്ങൾ എണ്ണപ്പെടുന്നു. പിന്നീട് പ്രായപൂർത്തി

വന്ന പല്ലുകളുടെ വളർച്ച ആരംഭിക്കുന്നു. തുടക്കത്തിൽ പല്ലിന്റെ വളർച്ചാനിരക്ക് അതിന്റെ ജീർണനത്തെക്കാൾ വളരെ വേഗത്തിലാണ്. അത് നിശ്ചിത ഘട്ടം വരെ വളരുന്നു. അത് മുൻകൂട്ടി നിശ്ചയിച്ച വലുപ്പത്തിലും വീതിയിലും കനത്തിലും എത്തിചേർന്നാൽ വളർച്ചക്ക് അനുകൂലമായ സന്തുലനം അതേപടി നിൽക്കുന്നു. മുൻകൂട്ടി നിർണയിച്ച വലുപ്പത്തിൽ പല്ല് എത്തിക്കഴിഞ്ഞാൽ പെട്ടെന്ന് പല്ലിന്റെ വളർച്ചാനിരക്കും ജീർണനനിരക്കും പൂർണമായ ഒരു സന്തുലനത്തിലെത്തുകയും സൂക്ഷ്മമായി പാലിക്കപ്പെടുകയും ചെയ്യുന്നു. അപകടമോ രോഗമോ ഇല്ലെങ്കിൽ ആ പല്ലുകൾ പൂർണ്ണ ആരോഗ്യത്തോടെ അതിന്റെ വലുപ്പത്തിനോ നീളത്തിനോ യാതൊരു മാറ്റവുമില്ലാതെ തുടരുന്നു.

സാധാരണ മനുഷ്യൻ ചിന്തിക്കുന്നത് അവ (പല്ലുകൾ) വളർന്നു കഴിഞ്ഞത് കൊണ്ടാണ് അതിന്റെ വളർച്ച നിലച്ചത് എന്നാണ്. അതിൽപരം യാതൊന്നും തന്നെ അതിലില്ല എന്നും അവർ ധരിക്കുന്നു. ഈ നിഷ്കളങ്കമായ ധാരണ സത്യത്തിൽ നിന്നും വളരെ അകലെയാണ്. അതിന്റെ വളർച്ച നിലച്ചതാണെങ്കിൽ ആഴ്ചകൾക്കുള്ളിലോ മാസങ്ങൾക്കുള്ളിലോ അത് അവിടെനിന്നും പിഴുതെറിയപ്പെടുമായിരുന്നു. ഇനി മറ്റൊരർത്ഥത്തിൽ ചിന്തിക്കാം. അതായത് പല്ലിന്റെ വളർച്ചാ നിരക്ക് അനവരതം തുടരുകയാണെങ്കിൽ അതായത് വളർച്ചയുടെ ആരംഭ ഘട്ടത്തിലുള്ളത് പോലെ വളർച്ച തുടരുകയും പല്ല് നീണ്ടു നീണ്ട് പോകുകയുമാണെങ്കിൽ മനുഷ്യന്റെ തലയോട്ടിയുടെ മുകളിൽ വരെ താഴത്തെ പല്ലും താടിയെല്ലിന്റെ കീഴെ വരെ മുകളിലെ പല്ലും തൂങ്ങിനിൽക്കുമായിരുന്നു!!

നാം കാണുന്നത് പോലെ പല്ലിന്റെ വളർച്ച ഒരിക്കലും തന്നെ മുൻകൂട്ടി തിട്ടപ്പെടുത്താത്തതോ അനിയന്ത്രിതമായതോ ആയ ഒരു പ്രതിഭാസമല്ല. എല്ലാ ഘടകങ്ങളും ചേർന്ന് ഒരു നിശ്ചിത കാലത്തേക്ക് മാത്രം വളർച്ചാനിരക്ക് ക്രമീകരിച്ചതാണ്. തുടർന്നുള്ള അതിന്റെ വളർച്ചാ നിരക്ക് സങ്കീർണ്ണമായി സന്തുലനമാക്കപ്പെട്ടിരിക്കുന്നു. അത് മനുഷ്യസൃഷ്ടിപ്പിന്റെ രൂപരേഖയിൽ വ്യക്തമായി രേഖപ്പെടുത്തിയതാണ്. മനുഷ്യന്റെ സൃഷ്ടിപ്പിന്റെ ഈ രൂപരേഖയും പിന്നീടുണ്ടായ നിർമാണങ്ങളും എങ്ങനെയാണ് സമയോചിതം സ്വയം നിവർത്തപ്പെടുകയും സങ്കീർണമായ രീതിയിൽ അത് പ്രാവർത്തികമാവുകയും ചെയ്യുന്നത് എന്ന കാര്യം തല ചുറ്റിക്കുന്ന വിസ്മയമാണ്.

മനുഷ്യന്റെ വിസർജ്യ പദാർത്ഥങ്ങൾ വിസർജ്ജ്യ വ്യവസ്ഥയിലൂടെ നീക്കം ചെയ്യുന്ന രീതി സ്വയം തന്നെ കുറ്റമറ്റ ഒരു സംവിധാനമാണ്. ഇവിടെ അദ്ൽ (കേവല നീതി) ന്റെ തത്വം വ്യക്തിയുടെ ഭാഗത്ത് നിന്ന് യാതൊരു ജാഗ്രതയും ആവശ്യമില്ലാത്തവിധം നിർവഹിക്കപ്പെടുന്നു. ഭക്ഷണത്തിന്റെ പോഷകപ്രദമായ ഭാഗം ദഹന പ്രക്രിയയിലൂടെ ആഗിരണം ചെയ്ത ശേഷമുണ്ടാകുന്ന മാലിന്യം ഈ മികവുറ്റ സംവിധാനത്തിലൂടെ നീക്കം ചെയ്യപ്പെടുകയാണ് ചെയ്യുന്നത്. ഈ സംവിധാനം നൽകപ്പെട്ട വ്യക്തിക്ക് ഇതിനെപ്പറ്റി യാതൊരു ജാഗ്രതയും ആവശ്യമില്ലതാനും. മനുഷ്യൻ അവന്റെ പല്ലിനോട് അനീതി പ്രവർത്തിച്ചാൽ അവന്റെ വിഢിത്തത്തിന്റെ ഫലമായി ആരോഗ്യത്തിന്ന് പിടിപെടുന്ന ആതുരാവസ്ഥയിൽ നിന്നും അവന്ന് പിന്നീട് കാര്യം ബോദ്ധ്യമാവും. ലക്കും ലഗാനുമില്ലാത്ത ഭക്ഷണഭോജനം പല്ലിനെ മാത്രമല്ല ദഹനവ്യവസ്ഥയേയും വിസർജ്ജന വ്യവസ്ഥയേയും തകരാറിലാക്കും. ചില രീതിയിലുള്ള പ്രമേഹത്തിന്ന് കാരണമിതാണ്. അതേ സമയം അമിതാഹാരം മൂലമുള്ള പ്രശ്നങ്ങൾ അഭിമുഖീകരിക്കാൻ മനുഷ്യനിൽ പല വിധത്തിലുള്ള ശാരീരിക പ്രതിക്രിയകളുടെ സജ്ജീകരണങ്ങളുണ്ട്.

ഇത് കൂടുതലായി വിവരിക്കാൻ നമുക്ക് പ്രമേഹ രോഗികളുടെ ഉദാഹരണങ്ങളെടുക്കാം. പ്രമേഹം ഒരു സാധാരണ രോഗമാണ്, എന്നാൽ അത് ഒരു രോഗമല്ല. നൂറുക്കണക്കിന്ന് ടൈപ് പ്രമേഹ രോഗങ്ങൾ ഇതുവരെ തിരിച്ചറിയപ്പെട്ടിട്ടുണ്ട്. അവയിൽ എല്ലാവയ്ക്കും ശരീരം തന്നെ ആന്തരികമായ പ്രതിവിധി നൽകിയിട്ടുണ്ട് എന്ന് കാണാം. ചിലതരം പ്രമേഹ രോഗം പാൻക്രിയാസ് ഗ്രന്ഥിയുടെ ക്രമരഹിതമായ പ്രവർത്തനം മൂലം ഉണ്ടാവുന്നതാണ്.

പാൻക്രിയാസ് രണ്ട് തരത്തിലുള്ള സ്രവങ്ങളാണ് ഉൽപ്പാദിപ്പിക്കുന്നത്. അതിൽ ഒന്ന് ഇൻസുലിൻ ആണ്. മനുഷ്യശരീരത്തിലെ എല്ലാ കോശങ്ങളിലേക്കും പഞ്ചസാര ആഗിരണം ചെയ്യാൻ കൂടുതൽ ഭരമേൽപ്പിക്കപ്പെട്ടിരിക്കുന്നത് ഇൻസുലിനെയാണ്. ശരീരത്തിലെ കോശങ്ങൾക്ക് അതിജീവിക്കാൻ നിരന്തരം ഊർജ്ജത്തിന്റെ ആവശ്യമുണ്ട്. മനുഷ്യൻ പഞ്ചസാര നേരിട്ട് കഴിച്ചില്ലെങ്കിലും അവൻ പലവിധത്തിലും ആഹരിക്കുന്ന കാർബോ ഹൈഡ്രേറ്റ് വിഘടിക്കപ്പെട്ട് പഞ്ചസാരയായി രൂപാന്തരപ്പെടുന്നു. ഇൻസുലിൻ അധികമായി ഉദ്പാദിപ്പിക്കപ്പെട്ടാൽ അത് ഹൈപ്പോഗ്ലൈക്കാമിയ (Hypoglycaemia) എന്ന രോഗമായി മാറും. അതായത് പെട്ടെന്ന് പഞ്ചസാരയുടെ അളവ് അപകടകരമാം വിധം കുറഞ്ഞു പോകുന്ന അവസ്ഥയുണ്ടാകും. ഉടൻ തന്നെ ഇൻസുലിൻ അളവ് സാധാരണ നിലയിലേക്ക് പുനസ്ഥാപിച്ചില്ലെങ്കിൽ ഒരു പക്ഷേ മരണമോ മസ്തിഷ്ക്ക കോശങ്ങൾക്ക് ഗുരുതരമായി ക്ഷത മേൽപ്പിക്കുന്ന അഗാധമായ കോമ (അബോധാവസ്ഥ) യോ മറ്റു പ്രധാന അവയവങ്ങളുടെ കോശങ്ങൾക്ക് ക്ഷതമോ സംഭവിക്കാം.

ഇൻസുലിന്റെ ഉത്പാദനത്തെ തടഞ്ഞു നിർത്താൻ ശരീരത്തിൽ സങ്കീർണമായ ചില സൂചനാ സംവിധാനങ്ങളുണ്ട്. ആവശ്യമായ അളവിൽ ഇൻസുലിൻ ഉത്പാദിപ്പിച്ചു കഴിഞ്ഞു, കൂടുതലായി ആവശ്യമില്ല എന്ന് പ്രഖ്യാപിക്കുന്നമട്ടുള്ള ഒരു

അലാറം സംവിധാനമാണത്. ഇൻസുലിൻ ഗ്രന്ഥിവ്യവസ്ഥയിൽ അധിക ഉത്പ്പാദനം നടന്ന അതേ ഏരിയയിൽ തന്നെയാണ് ഇൻസുലിന്ന് എതിരെയുള്ള പ്രതിസ്രവം പുറപ്പെടുവിക്കുന്ന ഈ പ്രതിസംവിധാനവുമുള്ളത്. ഈ സ്രവം പുറപ്പെടുവിച്ച് കഴിഞ്ഞാൽ ഇൻസുലിൽ ഉത്പ്പാദനം ഉടൻ നിലക്കുന്നു. ഉടൻ തന്നെ മനുഷ്യൻ സൗഖ്യവാനായി കാണപ്പെടുന്നു. ഈ സന്തുലന പാലനം നിർവ്വഹിക്കുന്ന ഈ സംവിധാനം ഏത് ഭാഗത്തേക്കാണോ ചരിഞ്ഞു പോകുന്നത് അത്രയും അളവിൽ ആരോഗ്യത്തെ അത് എതിരായി ബാധിക്കും.

അതാത് സ്ഥലത്ത് നിന്ന് തന്നെ തുലനപ്പെടുത്തി തടയുന്ന (Check and Balance) രീതിയിൽ ദൈവം സൃഷ്ടിച്ച ഈ സംവിധാനം മാത്രമല്ല ഇൻസുലിന്റെ കഥയിലുള്ളത്. ഇൻസുലിനെ കൂടാതെ മറ്റു അപൂർവമായ ഘടകങ്ങളും കൂടി ഈ സങ്കീർണമായ വ്യവസ്ഥ നിലനിൽക്കാൻ ആവശ്യമാണ്. രക്തത്തിന്റെ ഒഴുക്കുപാതയിലുള്ള എല്ലാ കോശങ്ങൾക്കും സ്ഥിരമയി ഊർജ്ജം ആവശ്യമാണ്. ഊർജ്ജോപഭോഗം കഴിഞ്ഞാൽ പാഴാവുന്ന വസ്തുക്കൾ പുറന്തള്ളേണ്ടതുണ്ട്. പാഴ്‌വസ്തുക്കളും മലിന പദാർത്ഥങ്ങളും സംവിധാനത്തിനകത്ത് നിന്നു പുറന്തള്ളാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുണ്ട്.

മേൽപ്പറഞ്ഞ എല്ലാ പ്രവർത്തനങ്ങളും രക്ത ചംക്രമണകുഴലിലൂടെയാണ് നിർവ്വഹിക്കപ്പെടുന്നത്. ഇത് സ്വയം തന്നെ അറ്റമില്ലാത്ത വിസ്മയങ്ങളാണ് കാഴ്ച്ചവെക്കുന്നത് എന്നാൽ അവ സ്വയം തന്നെ സംഹാരാത്മകമായി വരാവുന്നതുമാണ്. വിവിധ രക്ത കോശങ്ങളിൽ അലിഞ്ഞു ചേർന്ന ദ്രാവക മാദ്ധ്യമങ്ങളെ സ്വതന്ത്രമായി കോശങ്ങളിൽ ഒഴുകാൻ അനുവദിച്ചാൽ കോശങ്ങളുടെ ന്യൂക്ലിയസ്സിനെ ഉടൻ തന്നെ അത് നശിപ്പിക്കുന്നു. ഈ അപകടത്തെ നേരിടാൻ ഇരട്ട ഭിത്തിയുള്ള ഒരു ആവരണം എല്ലാ കോശങ്ങൾക്കുമുണ്ട്. എല്ലാ ഇലക്ട്രോലൈറ്റിന്റേയും*(Elecrolytes) നേരിട്ടുള്ള നുഴഞ്ഞു കയറ്റം ഇത്‌വഴി തടയപ്പെടുന്നു. അങ്ങനെ, കോശങ്ങളുടെ ഈ ഇരട്ടഭിത്തി അപകടങ്ങളിൽ നിന്നുള്ള ഒരു സമ്പൂർണ്ണ പ്രതിരോധമായി വർത്തിക്കുന്നു.

രണ്ട് ആവരണങ്ങളിലും ചില ചെറുദ്വാരങ്ങളുണ്ട്, അതിലൂടെ ഇൻസുലിൻ ഘടിപ്പിച്ച ഒരു തന്മാത്രക്കൊപ്പം പഞ്ചസാര തന്മാത്ര കോശത്തിന്റെ ഹൃദയഭാഗത്തേക്ക് എത്തുകയും അവിടെ വെച്ച് അവ ഉടൻ തന്നെ ഉപയോഗിക്കപ്പെടുകയും ചെയ്യുന്നു. അവിടെ ഉണ്ടാവുന്ന പാഴ്‌വസ്തുക്കൾ തിരികെ കൊണ്ടുവരുന്നത് കോശാവരണത്തിലെ അതേ ദ്വാരങ്ങളിലൂടെ തന്നെ രക്തക്കുഴലിലേക്കാണ്. അവിടെ നിന്നും അത് ത്വക്കിലെ ദ്വാരങ്ങളിലേക്ക് വിയർപ്പിന്റെ രൂപത്തിൽ പുറന്തള്ളപ്പെടുന്നു. അല്ലെങ്കിൽ കിഡ്നിയിലുള്ള വളരെ സങ്കീർണമായ ശ്ലേഷ്മ സ്തരങ്ങളിലൂടെ (Mucous Membrane) പുറംതള്ളുന്നു. പഞ്ചസാരയുടെ കോശങ്ങളിലേക്കുള്ള സഞ്ചാരവും കോശങ്ങളിലെ പാഴ്‌വസ്തുക്കളുടെ പുറംന്തള്ളലും അവിശ്വസനീയമായ വേഗതയിലാണ് സംഭവിക്കുന്നത്.

ഇത് ഒരു ഊർജ്ജ ഗതാഗത സംവിധാനമാണ്. പക്ഷേ ഇതൊരു സംവിധാനം മാത്രമല്ല. അതിനേക്കാൾ കൂടുതലായ എന്തോ ഒന്നാണ്. രക്തത്തിലെ എല്ലാ കോശങ്ങളടക്കം എല്ലാ മനുഷ്യാവയവങ്ങൾക്കും നിലനിൽപ്പിന്ന് ഒരു നിശ്ചിത അളവ് പഞ്ചസാര ആവശ്യമാണ്. തീർച്ചയായും ഇതിൽ മുൻഗണനകളുണ്ട്. മസ്തിഷ്ക്കത്തിന്നുള്ള പ്രധാന്യം മറ്റെല്ലാ അവയവങ്ങളെക്കാളും പരമ പ്രധാനമാണ്. രക്തത്തിലെ പഞ്ചസാരയുടെ ലെവൽ താഴുകയാണെങ്കിൽ തന്നെ മസ്തിഷ്ക്കത്തിലേക്കുള്ള നിശ്ചിത അളവ് സ്ഥിരമായ പഞ്ചസാര വിതരണം ഉറപ്പാക്കണം. മുഴുവൻ ശരീരത്തിലെ പഞ്ചസാരയും തീരുന്നത് വരെ മസ്തിഷ്ക്കത്തിലേക്കുള്ള ഈ വിതരണം മുടങ്ങാതെ തുടരണം. ശരീരത്തിലെ എല്ലാ കോശങ്ങളും കോശകലകളും പഞ്ചസാരയുടെ ഉപഭോഗം ഒരേ അളവിൽ ആഗിരണം ചെയ്യപ്പെടുന്ന സംവിധാനമാണെങ്കിൽ മസ്തിഷ്ക്കത്തിന്ന് അത് എപ്പോഴും ലഭ്യമാകാതെ അപകട സ്ഥിതി സംജാതമായേക്കാം. അതായത് മറ്റെല്ലാ കോശങ്ങൾക്കും കോശകലകൾക്കും പഞ്ചസാര ഒരേ അളവിൽ ഉപഭോഗത്തിന്നായി ലഭ്യമായെങ്കിൽ അമിത ഉപഭോഗത്താൽ മസ്തിഷക്കത്തിന്ന് അതിന്റെ ചൈതന്യം നിലനിർത്താനാവശ്യമായ പഞ്ചസാര ലഭ്യമാകാതെ അപകടം സംഭവിക്കുമായിരുന്നു. അതിനാൽ വിവിധ മുൻഗണനകൾ തമ്മിൽ പരസ്പരം സന്തുലനം പാലിക്കേണ്ടതുണ്ട്. മസ്തിഷക്കമൊഴികെ ശരീരത്തിന്റെ എല്ലാ ഭാഗത്തും പഞ്ചസാരയുടെ ഉപഭോഗം നിർത്തുവാൻ ഗ്രന്ഥികൾ ഒരു സ്രവം പുറപ്പെടുവിക്കുകകുടി ചെയ്യുന്നുണ്ട്.

സന്തുലന പ്രക്രിയ ഒരു സ്ഥലത്ത് മാത്രമല്ല. അടരുകൾക്ക് പിറകെ അടരുകളായി അത്യധികം ലോലമായ സന്തുലന സംവിധാനമാണ് സൃഷ്ടിക്കപ്പെടുകയും പരിപാലിക്കപ്പെടുകയും ചെയ്യുന്നത്. ഇതാണ് മനുഷ്യാസ്തിത്വത്തിന്റെ വിവിധ തലങ്ങളിൽ അബോധാത്മകമായി പ്രവർത്തിക്കുന്ന കേവല നീതി (Absolute Justice) അത് കേവലനീതി എന്ന പേരിൽ പരാമർശിക്കപ്പെട്ടിട്ടില്ലായിരിക്കാം. എങ്കിലും നീതിയും സമ്പൂർണ സന്തുലനവും ഒരേ പ്രതിഭാസത്തിന്റെ രണ്ട് നാമങ്ങളാണ് എന്ന വസ്തുതയിൽ നിന്നു രക്ഷപ്പെടാൻ ആർക്കും സാദ്ധ്യമല്ല. മറ്റ് വാക്കുകളിൽ പറഞ്ഞാൽ, വൈരുദ്ധ്യത്തിന്റെ ഭയലേശമന്യേ നമുക്ക് പറയാൻ സാധിക്കും തികഞ്ഞ ആരോഗ്യം എന്നത് തികവുറ്റ നീതിയുടെ മറ്റൊരു നാമമാണ്.

മനുഷ്യശരീരത്തിലെ പഞ്ചസാരയുമായി ബന്ധപ്പെട്ട സന്തുലനത്തി

ന്റെ പ്രശ്നം മനസ്സിലാക്കാൻ എത്ര പഞ്ചസാരയാണ് നമുക്ക് ആവശ്യമായി വരുന്നത് എന്നത് ഉദാഹരണ സഹിതം നമുക്ക് ചർച്ചചെയ്യാം. പഞ്ചസാരയുടെ മിനിമം മുതൽ മാക്സിമം വരെയുള്ള അളവ് എത്രവരും എന്നത്; അതായത് 100 മില്ലിലിറ്റർ രക്തത്തിൽ 60 മില്ലിഗ്രാം പഞ്ചസാര ഉപയോഗത്തിന്നായി എപ്പോഴുമുണ്ടായിരിക്കും. ഈ സമവാക്യത്തിന്റെ മാക്സിമം പഞ്ചസാരയുടെ അളവ് 100 മില്ലി ലിറ്ററിന്ന് 180 മില്ലീഗ്രാമിലധികം ഉയരാനും പാടില്ല.5 ഈ അനുപാതം അധികമാവുകയാണെങ്കിൽ പ്രസ്തുത അസന്തുലിതാവസ്ഥയെയാണ് നാം രക്തത്തിലെ പ്രമേഹം (Blood Sugar) എന്ന് പറയുന്നത്.

ഇൻസുലിൻ സന്തുലനം പാലിക്കുന്നതിൽ പരാജയം സംഭവിച്ചാൽ, സന്തുലനം ശരിയായി പാലിക്കാൻ അധികം വരുന്ന പഞ്ചസാര കിഡ്നി പുറന്തള്ളുന്നു. അത് കാരണം രക്തത്തിലുള്ള അധിക പഞ്ചസാരയുടെ സാന്നിദ്ധ്യം ശരീരകോശങ്ങളെ ജീർണിപ്പിക്കുന്നില്ല. സംഗതമല്ലാത്ത രീതിയിൽ അധികം വരുന്ന പഞ്ചസാര മൂത്രത്തിലൂടെ പുറന്തള്ളുമ്പോൾ പ്രമേഹ രോഗികളുടെ കാര്യത്തിൽ മൂത്രത്തിൽ അനാവശ്യമായുള്ള പഞ്ചസാര എന്തുകൊണ്ടാണുണ്ടാവുന്നത്. ചിലപ്പോൾ കിഡ്നിയുടെ പ്രവേശന കവാടത്തിൽ രക്തത്തിലെ പഞ്ചസാര വളരെയധികം ഉയർന്ന നിലയിലായാൽ അത് പുറന്തള്ളപ്പെടുകയില്ല. അതിന്റെ ഫലമായി രക്തത്തിൽ അപകടകരമാംവിധം പഞ്ചസാര കൂടുന്നു. ഇത് ചില അവയവങ്ങളെ രോഗാതുരമാക്കുന്നു. പഞ്ചസാരയുടെ അമിതമായ ഒഴുക്കു മൂലം ഹൃദയ വാൽവുകൾ ക്ഷയിക്കുന്നു (ഒരു ചാലിലൂടെ ആസിഡൊഴുകുമ്പോൾ അത് ജീർണിച്ച് ക്ഷയിക്കുന്നത് പോലെ). അധികം പഞ്ചസാര രക്തകുഴലുകളിൽ കുറച്ച് നിക്ഷേപിക്കപ്പെടുകയും അവിടെ രക്തത്തിന്റെ ഒഴുക്ക് കുറയുകയും ചെയ്യുന്നു. രക്തചംക്രമണ വേഗം കുറഞ്ഞ് കാപിലറി *(രക്ത കുഴൽ) പോലെയുള്ള സ്ഥലങ്ങളിൽ അധികം വരുന്ന പഞ്ചസാര നിക്ഷേപിക്കപ്പെടുന്നു. ഇത് പലവിധത്തിലുള്ള അസ്വസ്ഥതകളും തകരാറുകളും ഉണ്ടാക്കുന്നു. കണ്ണിലെ കാപിലറി രക്തക്കുഴലുകളിലാണ് ഇത് സംഭവിക്കുന്നതെങ്കിൽ ആ വ്യക്തിക്ക് തിമിര രോഗം, ഗ്ലൂക്കോമ മുതലായ മറ്റു രോഗങ്ങൾ ബാധിച്ചേക്കാം. അത് നാഡികളിൽ കൂടിയുള്ള സ്പന്ദനം വേഗം കുറക്കും. നാഡീസ്പന്ദനങ്ങളുടെ മന്ദഗതിയിലുള്ള ഈ അവസ്ഥയുടെ ഫലമായി മറ്റ് നേരിട്ടുള്ള അപകടങ്ങളും സൃഷ്ടിക്കപ്പെട്ടേക്കാം.

ചില പ്രമേഹ രോഗികൾ അവരുടെ ഹൃദയത്തിന്ന് ചുറ്റുമുണ്ടാകുന്ന കോച്ചിപ്പിടുത്തത്തിന്റെ വേദന അറിയാതെ പോവുന്നത് ദൈനംദിനമുള്ള നമ്മുടെ അനുഭവമാണല്ലോ. ഹൃദയത്തിന്റെ ഭാഗത്ത് നിന്നുള്ള ഈ സിഗ്നലുകളുടെ അഭാവം കാരണം അവർക്ക് പെട്ടെന്ന് ഹൃദയാഘാതം സംഭവിക്കാം. അതായത് നീതിയുടെ സന്തുലനം എന്നത് കേവലം അക്കാദമിക് വാചോടാപമല്ല. നിരന്തരമായ നീതിയുടെ അഭാവം, അല്ലെങ്കിൽ സന്തുലനത്തിലുള്ള അസാംഗത്യം, അത് ഒരിക്കലും തന്നെ പ്രകൃതിയിൽ ശിക്ഷിക്കപ്പെടാതെ പോകുന്നില്ല. അഹോ കഷ്ടം! ഈ പാഠമാണ് മനുഷ്യൻ അവഗണിക്കുന്നത്. അനീതിയുടെ അനന്തര ഫലങ്ങളിൽ നിന്ന് രക്ഷപ്പെടുമെന്ന മിഥ്യാവിചാരത്തിൽ അവൻ നില കൊള്ളുകയും ചെയ്യുന്നു. അതിലേക്ക് നമുക്ക് പിന്നീട് തിരിച്ചു വരാം.

**രോഗത്തിൽനിന്നുള്ള സംരക്ഷണം.**

മനുഷ്യ ജീവിതത്തിന്റെ ആരോഗ്യകരമായ പാലനത്തിന്ന് അല്ലാഹു സൃഷ്ടിച്ച മറ്റുചില സന്തുലന വ്യവസ്ഥകളുടെ ഉദാഹരണത്തിലേക്ക് നമ്മുടെ ശ്രദ്ധ തിരിക്കാം. മനുഷ്യ ജീവിതം മാത്രമല്ല, എണ്ണമറ്റ ജീവജാലങ്ങളുള്ള മുഴു പ്രപഞ്ചവും സുദൃഢമായ നിലയിൽ അചഞ്ചലവും കേവലവുമായ സന്തുലന തത്ത്വത്തിന്നു കീഴിൽ നിയന്ത്രിക്കപ്പെടുകയും ചലിപ്പിക്കപ്പെടുകയും ചെയ്യുന്നു. എവിടെയാണോ അറിയാതെയോ കരുതിക്കൂട്ടിയോ ഉള്ള ലംഘനമുണ്ടാകുന്നത് അത് രോഗത്തിന്റെ ആരംഭമാണെന്നു തിരിച്ചറിയാതിരിക്കില്ല.

ദൈവം അവന്റെ അപാരമായ അനുഗ്രഹത്താൽ ഓരോ വ്യവസ്ഥയുടേയും ഉപവ്യവസ്ഥയായി ആഘാത പരിഹാര വ്യവസ്ഥയും (Cushioning) പൂർവ്വസ്ഥിതി പ്രാപിക്കാനുള്ള നൈസർഗികമായ കഴിവും (Resilience) കൂടി അധികമായി മനുഷ്യ ശരീരത്തിന്ന് നൽകിയിട്ടുണ്ട്. കുറച്ചു കൂടി വ്യക്തമായി പറയുകയാണെങ്കിൽ ഈ വ്യവസ്ഥ അദ്‌ൽ ന്റെ അഥവാ നീതിയുടെ മണ്ഡലത്തിൽ നിന്ന് മാത്രമുള്ളതല്ല. അത് മനുഷ്യ ശരീരത്തിന്ന് ആസകലം സവിശേഷമായ കാരുണ്യവഴിയിൽ വരദാനമായി നൽകപ്പെട്ട വ്യവസ്ഥയാണ്. മറ്റൊരു വീക്ഷണ കോണിൽ നോക്കുകയാണെങ്കിൽ, മനുഷ്യന്റെ പിഴവുകൾ, അധികമായ അശ്രദ്ധകൾ, എന്നിവ വരുത്തിവെക്കുന്ന അപകടങ്ങൾക്ക് പോലും അതിന്റെ കഷ്ട നഷ്ടങ്ങൾ പരിഹരിക്കാനുള്ള ഒരു വ്യവസ്ഥ ദൈവം അനുവദിച്ചിരിക്കുന്നു എന്നാണ് പറയാൻ കഴിയുക. മനുഷ്യന്റെ ബോധപൂർവ്വമായ പ്രവർത്തനങ്ങളുടെ വീക്ഷണ കോണിൽ നോക്കുമ്പോൾ അത് നാം നേരത്തെ സുദീർഘമായി ചർച്ചചെയ്തത് പോലെ ഇഹ്സാൻ എന്ന പദത്തിലെ അർത്ഥത്തിന്ന് സമാനമായാണ് കൂടുതൽ കാണപ്പെടുന്നത്.

ഇഹ്സാൻ, ഈതാദിൽ ഖുർബാ എന്നിവയുടെ സൽപ്രവർത്തികൾ നീതിക്ക് മുകളിലും നീതിയേക്കാൾ അധികവുമാണ്. ഉദാഹരണത്തിന്. ഒരു മനുഷ്യന്ന് ദിനേനയുള്ള ആവശ്യങ്ങൾ നിവർത്തിപ്പാനുള്ള ദഹന രസം മാത്രമേ ലഭ്യമാവുന്നുവെങ്കിൽ അത് സൂചിപ്പിക്കുന്നത് എല്ലാവരും

(ശേഷം പേജ് 24 ൽ)

# ആദം ആദ്യമനുഷ്യനല്ല. മനുഷ്യ സമൂഹത്തിലെ ആദ്യത്തെ ദൈവിക പ്രതിനിധിയാണ്.

ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് ؓ

ആദം നബി ﷺ ആദ്യത്തെ മനുഷ്യനെന്നാണ് ക്രിസ്ത്യാനികളും ബഹുഭൂരിപക്ഷം മുസ്‌ലിംകളും വിശ്വസിക്കുന്നത്. വാസ്തവത്തിൽ മനുഷ്യാസ്തിത്വത്തിന്റെ ഒരു പ്രാഗ്രൂപത്തിൽ നിന്നും പരിണമിച്ചാണ് മനുഷ്യൻ നിലവിൽ വന്നത്. മസ്തിഷ്ക്കവും മനസ്സും പക്വത പ്രാപിച്ച ഒരു സമൂഹമായി പ്രാക്തന മനുഷ്യർ വികസിച്ചപ്പോൾ അവരിൽ നിന്നുമുണ്ടായ ആദ്യത്തെ ദൈവിക പ്രതിനിധിയാണ് ആദം. അല്ലാതെ ആദം ആദ്യ മനുഷ്യനല്ല.

ഈ വിഷയ സംബന്ധമായി വിശുദ്ധ ഖുർആനിൽ നിന്നും ഒന്നാമതായി ഉദ്ദരിക്കുവാനുള്ള ആയത്തുകൾ ഇപ്രകാരമാണ്

നിങ്ങൾക്കെന്തു പറ്റി? അല്ലാഹുവിന്റെ മഹത്ത്വം വകവെച്ചു കൊടുക്കുവാൻ നിങ്ങൾ ആഗ്രഹിക്കുന്നില്ലേ. വാസ്തവത്തിൽ അവൻ നിങ്ങളെ പല ദശകളിലായി സൃഷ്ടിച്ചിരിക്കുന്നു. അല്ലാഹു ഏഴാകാശങ്ങളെ പരസ്പരം യോജിച്ച നിലയിൽ എങ്ങനെ സൃഷ്ടിച്ചുവെന്ന് നിങ്ങൾ കാണുന്നില്ലേ? അവയിൽ അവൻ ചന്ദ്രനെ ഒരു പ്രകാശവും സൂര്യനെ ഒരു ദീപവുമാക്കിയിരിക്കുന്നു. നിങ്ങളെ അല്ലാഹു ഭൂമിയിൽ നിന്ന് നല്ലനിലയിൽ ഉത്പാദിപ്പിച്ചു വളർത്തിയിരിക്കുന്നു. പിന്നീട് അവൻ നിങ്ങളെ അതിലേക്ക് തിരിച്ചയക്കുകയും നിങ്ങളെ അവൻ എഴുന്നേൽപ്പിച്ച് പുറത്ത് കൊണ്ട് വരികയും ചെയ്യും (അദ്ധ്യ: 7:14-19)

ഇതിന്റെ ഏകദേശ വിശദീകരണം ഇപ്രകാരമാണ്.

അല്ലയോ മനുഷ്യവർഗമേ, എന്തുകൊണ്ട് നിങ്ങൾ മനസ്സിലാക്കുന്നില്ല? അല്ലാഹു യാതൊരു വിവേചനവും ഉചിതജ്ഞതയും ഉദ്ദേശവുമില്ലാതെ പ്രവർത്തിക്കുകയില്ലെന്ന്. നിങ്ങളാകട്ടെ ചില പ്പോഴെങ്കിലും യാതൊരു ലക്ഷ്യമോ ഉദ്ദേശമോ ഇല്ലാതെ പ്രവർത്തിക്കുന്നവരാണ് എന്ന് അംഗീകരിക്കാൻ തയ്യാറുമല്ല. എന്നിരിക്കെ ഏറ്റവും യുക്തിജ്ഞനും സർവജ്ഞനുമായ അല്ലാഹുവിനെതിരിൽ അങ്ങനെ ചെയ്യുന്നവരാണെന്ന് ആരോപണം ഉന്നയിക്കുകയാണോ? മനുഷ്യനെ യാതൊരു ഉദ്ദേശവും ലക്ഷ്യവുമില്ലാതെയാണ് സൃഷ്ടിച്ചിരിക്കുന്നത് എന്ന് യാതൊരു വീണ്ടു വിചാരവുമില്ലാതെ ഉന്നയിക്കുവാൻ മനുഷ്യൻ ധൃതികാണിക്കുകയാണ്. എന്നാലും മനുഷ്യന്റെ സൃഷ്ടിപ്പ് പെട്ടെന്ന് ഏതോ പ്രചോദനത്താൽ യാദൃശ്ചികമായി സംഭവിച്ചതല്ല. എന്ന പ്രകടമായ സത്യം എന്തു കൊണ്ട് നിങ്ങൾ മനസ്സിലാക്കുന്നില്ല. യഥാർത്ഥത്തിൽ മനുഷ്യൻ സൃഷ്ടിക്കപ്പെട്ടത് ബുദ്ധിപരമായ സംവിധാനത്തിന്റെ ഭാഗമായി വിവിധ ദശാപരിണാമങ്ങളിലൂടെയാണ്. ഏഴാകാശങ്ങളെയും രമ്യ മനോഹരമായാണ് അല്ലാഹു സൃഷ്ടിച്ചിരിക്കുന്നത്. നീ കാണുന്നില്ലേ? അത്പ്പോലെ തന്നെ സൂര്യനേയും ചന്ദ്രനേയും മനുഷ്യനേയും ഭുമിയിൽ നിന്നും സൃഷ്ടിച്ച് ഘട്ടം ഘട്ടമായി വളർത്തി വികസിപ്പിച്ച് പൂർണതയിലാക്കി അവനെ ഇന്നത്തെ നിലയിലെത്തിച്ചു.

ഇതു പ്രകാരമാണ് വിശുദ്ധ ഖുർആൻ മനുഷ്യ ഉൽപ്പത്തിയെ പറ്റിയും അവന്റെ വികാസത്തെക്കുറിച്ചും വിവരിച്ചിരിക്കുന്നത്. യൂറോപ്യന്മാർ തങ്ങളാണ് പരിണാമ സിദ്ധാന്തത്തിന്റെ ഉപജ്ഞാതാക്കൾ എന്ന് വാദിക്കുന്നു. എന്നാൽ ആയിരത്തി നാനൂറ് വർഷങ്ങൾക്ക് മുമ്പ് തന്നെ മനുഷ്യന്റെ വികാസ പരിണാമത്തെക്കുറിച്ച് വിശുദ്ധ ഖുർആനിൽ അല്ലാഹു സ്പഷ്ടമായി വെളിപ്പെടുത്തിയിട്ടുണ്ടായിരുന്നു. അതായത് മനുഷ്യനെ ശാരീരികമായും മാനസികവുമായും ഇന്നത്തെ അവസ്ഥയിൽ പെട്ടെന്ന് ഒരു നിമിഷനേരം കൊണ്ട് സൃഷ്ടിക്കപ്പെട്ടതാണെന്ന വാദം തെറ്റാണെന്നാണ് ഖുർആൻ പറയുന്നത്. ദൈവംകുറിച്ച് കളിമണ്ണെടുത്ത് അത് കുഴച്ച് ഒരു രൂപമുണ്ടാക്കി അതിൽ ജീവൻ ഊതി മനുഷ്യനെ സൃഷ്ടിക്കയല്ല ചെയ്തത്. ഭൂമിയിൽ വെച്ച് തന്നെ ജന്മം നൽകി പല ഘട്ടങ്ങൾ തരണം ചെയ്ത് ക്രമേണ പുരോഗതി പ്രാപിപ്പിച്ചു കൊണ്ടാണ് മനുഷ്യനെ അല്ലാഹു ഈ നിലയിലെത്തിച്ചത്.

എന്നാൽ എത്രയും വ്യസനകരമായ വസ്തുത, ഇന്നത്തെ ഭൂരിപക്ഷം മുസ്‌ലിംകളും ഈ സുപ്രാധാന സത്യം അവഗണിച്ചു എന്നതാണ്. അവർ മനുഷ്യ സൃഷ്ടി നിമിഷനേരം കൊണ്ട് ഉണ്ടായതാണെന്ന് വിശ്വസിക്കുന്നു. മനുഷ്യൻ ഭൂമിയിൽ നിന്നു തന്നെ ഉടലെടുത്തെന്ന് അവർ വിശ്വസിക്കുന്നില്ല. മനുഷ്യൻ സ്വർഗത്തിൽ വെച്ച് സൃഷ്ടിക്കപ്പെട്ട് അതിന്ന് ശേഷം അവിടെ നിന്നും

ഭൂമിയിലേക്ക് ഇറക്കപ്പെട്ടതാണെന്നാണ് ബഹുഭൂരിപക്ഷം മുസ്ലിംകളും വിശ്വസിക്കുന്നത്. ദൈവത്തിന്റെ പക്കൽ ആത്മാക്കളുടെ ഒരു വലിയ ശേഖരമുണ്ടെന്നും അതിൽ നിന്നും കാലാകാലങ്ങളിൽ ആത്മാക്കളെ പുറത്ത് വിടുകയും അതിന്ന് ശേഷം ആത്മാക്കൾ മനുഷ്യ രൂപം കൈക്കൊള്ളുകയുമാണെന്നാണ് അവരുടെ വിശ്വാസം. ഈ മൂഢവിശ്വാസത്തിന്റെ അടിസ്ഥാനത്തിലണ് ഖേദകരമെന്ന് പറയട്ടെ ഭൂരിപക്ഷമുസ്ലിംകളും വിശുദ്ധ ഖുർആന്റെ അദ്ധ്യാപനങ്ങൾക്കെതിരായ വീക്ഷണങ്ങൾ വെച്ച് പുലർത്തുന്നതെന്ന് തോന്നുന്നു.

മനുഷ്യൻ സൃഷ്ടിക്കപ്പെട്ടത് ഘട്ടം ഘട്ടമായാണെന്നാണ് ഖുർആന്റെ പ്രസ്താവന. എന്തെന്നാൽ സാവകാശ വികാസത്തിലൂടെയാണ് എല്ലാ ന്യൂനതകളും പരിഹരിക്കപ്പെടുക. ഇത് സംബന്ധിച്ച് മുസ്ലിം ഉലമാക്കൾപോലും വച്ച് പുലർത്തുന്ന ഭീമമായ അബദ്ധ വിശ്വാസങ്ങൾ എത്രമാത്രമെന്ന് സയ്യിദ് സർവർശാ എന്ന പണ്ഡിതൻ തന്റെ അദ്ധ്യാപകനെ ഉദ്ധരിച്ചു കൊണ്ട് ഇപ്രകാരം വിവരിച്ചതായി കാണാം. മനുഷ്യൻ സുന്ദരന്മാർ വിരൂപന്മാർ സാധാരണ പ്രകൃതക്കാർ എന്നീ നിലകളിയിലാവാൻ കാരണം ദൈവം മനുഷ്യ സൃഷ്ടിപ്പ് ദിവസത്തിൽ ഇത്ര വേണമെന്ന് കണക്കാക്കി മാലാഖമാർക്ക് കരാർ കൊടുത്തു. അങ്ങനെ അവർ പണി ആരംഭിച്ചു. ഓരോ അവയവവും വളരെ സൂക്ഷ്മതയോടെ നിർമ്മിക്കാൻ ആരംഭിച്ചു. അങ്ങനെ ഉച്ചവരെ പണി തുടർന്നു. അപ്പോൾ മനസ്സിലായി തങ്ങൾ ഉദ്ദേശിച്ചത്രയെണ്ണം പൂർത്തിയായിക്കിയിട്ടില്ല. അപ്പോൾ പണി പൂർത്തിയാക്കുക എന്ന ലക്ഷ്യത്തോടെ കലാപരമായ രൂപഭംഗിയിൽ ശ്രദ്ധ ചെലുത്താതെ ധൃതിയിൽ പണി തുടർന്നു. ഇപ്രകാരം ദിവസത്തിന്റെ ആരംഭത്തിൽ രൂപം നൽകിയ മനുഷ്യൻ വളരെ രൂപഭംഗിയുള്ളവനും ഉച്ചയ്ക്ക് ശേഷം രൂപം കൊടുത്ത മനുഷ്യൻ സാധാരണ പ്രകൃതക്കാരനും ദിവസത്തിന്റെ അവസാനത്തിലെത്തിയപ്പോൾ എണ്ണം തികക്കാൻ വേണ്ടി അലക്ഷ്യമായി ധൃതിയിൽ പടച്ചെടുക്കുകയായിരുന്നു. അത്തരത്തിൽ ഒരു രൂപം ആ രൂപത്തിന്ന് വിരൽക്കൊണ്ട് ഒരു കുത്ത് കൊടുത്ത് വായും രണ്ട് കണ്ണുകളും പെട്ടെന്ന് പണി പൂർത്തിയാക്കി. സമയം വൈകുന്തോറും സൃഷ്ടികൾ വികൃതമായി. നോക്കുക എപ്രകാരമാണ് സുന്ദരമായ സത്യങ്ങൾ അജ്ഞത കാരണം അത്യന്തം വ്യസനകരവും പരിഹാസ്യവും അതിശയോക്തി കലർന്ന വികൃതമായ പുരാതന കഥകളായി രൂപാന്തരപ്പെട്ട് മുസ്ലിംകളുടെയും കൃസ്ത്യാനികളുടെയും വിശ്വാസമായി മാറിയത്.

### സൃഷ്ടി ശൂന്യതയിൽ നിന്ന് ആരംഭിച്ചു.

വിശുദ്ധ ഖുർആൻ നല്കുന്ന മറ്റൊരു വീക്ഷണം മനുഷ്യ സൃഷ്ടിയുടെ പ്രാരംഭ ഘട്ടം ഒന്നുമില്ലായ്മ അഥവാ ശൂന്യാവസ്ഥ ആയിരുന്നുവെന്നാണ്. പ്രപഞ്ചം എങ്ങനെ അസ്തിത്വത്തിൽ വന്നു എന്നതിനെ സംബന്ധിച്ച് ചൂടു പിടിച്ച വിവാദങ്ങൾ നടക്കുന്നുണ്ട്. ആര്യന്മാരുടെ സിദ്ധാന്ത പ്രകാരം അനശ്വരമായ പ്രപഞ്ചത്തിൽ നിന്നാണ് പ്രപഞ്ചം സൃഷ്ടിക്കപ്പെട്ടത് എന്നാണ്. ദ്രവ്യവും ആത്മാവും യോജിപ്പിച്ചുവെന്നല്ലാതെ മറ്റൊന്നും ദൈവം നിർവഹിച്ചിട്ടില്ല എന്നും ഈ സംയോജനത്തോടുകൂടി മനുഷ്യൻ സൃഷിക്കപ്പെട്ടുവെന്നുമാണ്. ആര്യന്മാരുടെ ഈ സിദ്ധാന്തം വിശുദ്ധ ഖുർആന്ന് വിരുദ്ധമാണ്. ദ്രവ്യം അനശ്വരമല്ല. ഇല്ലായ്മയിൽ നിന്നാണ് ദ്രവ്യം ഒരു ഘട്ടത്തിൽ ദൈവത്താൽ സൃഷ്ടിക്കപ്പെട്ടത് എന്നാണ് ഖുർആൻ പറഞ്ഞത്.

**ഒന്നാം ഘട്ടം:-** ഇതിന്ന് മുമ്പ് അവൻ ഒന്നുമില്ലാത്ത അവസ്ഥയിൽ നിന്നും നാം അവനെ സൃഷ്ടിച്ചിരിക്കുന്നു. എന്ന വസ്തുത അവൻ ഓർക്കുന്നില്ലേ (ഖുർആൻ 19:68)

ഇപ്പോൾ മനുഷ്യൻ സങ്കലിതമായ ബീജത്തിൽനിന്നും ഉത്പാദിക്കപ്പെടുന്നു എന്നാൽ മുകളിൽ പറഞ്ഞ ഖുർആൻ വാക്യം സൂചിപ്പിക്കുന്നത് ആദ്യഘട്ടത്തിലുള്ള മനുഷ്യന്റെ സൃഷ്ടിപ്പിനെയാണ് ഇപ്പോൾ കാണുന്ന അവസ്ഥയിലുള്ള മനുഷ്യന്റേതല്ല. ഒരു കാര്യം നാം പ്രത്യേകം മനസ്സിലാക്കണം. മനുഷ്യൻ അസ്തിത്വം ഒന്നുമില്ലാത്ത അവസ്ഥയിൽ നിന്നുമാണ് അസ്തിത്വത്തിലേക്ക് വരുന്നത് എന്ന് വിശുദ്ധ ഖുർആൻ പറയുന്നില്ല. മറിച്ച് ഖുർആൻ പറയുന്നത് ദ്രവ്യവും മറ്റു വസ്തുക്കളും സൃഷ്ടിക്കപ്പെടുന്നതിന്ന് മുമ്പ് ഒന്നുമില്ലാതിരുന്ന അവസ്ഥയായിരുന്നു എന്നാണ്. കസേരയും മേശയും മരത്തിൽ നിന്നും ചങ്ങല ഇരുമ്പിൽ നിന്നും ഉണ്ടായി എന്ന് നാം പറയുന്നു. ഇവിടെ ഒരു രൂപത്തിലുള്ള ദ്രവ്യത്തിൽനിന്നാണ് മറ്റൊന്ന് ഉണ്ടാകുന്നത്. 'ൽ' 'നിന്ന്' എന്നീ പ്രയോഗങ്ങൾ തെറ്റിദ്ധരണ ഉളവാക്കുന്നതാണ്. നിരീശ്വരവാദികൾ ഇപ്രകാരം വാദിക്കുന്നു. ശൂന്യതയിൽ നിന്ന് ഒന്നും തന്നെ ഉണ്ടാക്കാനാവില്ല എന്നല്ല മേൽപ്പറഞ്ഞ ഖുർആൻ വീക്ഷണം കൊണ്ട് ഉദ്ദേശിക്കുന്നത്. ഈ പ്രപഞ്ചത്തിന്റെ ഉദ്ഭവത്തിന്ന് മുമ്പ് ഒന്നും ഇല്ലാത്ത ഒരവസ്ഥ ഉണ്ടായിരുന്നു എന്നാണ്. പിന്നീട് സൃഷ്ടി നടന്നു. അതിന്ന് ശേഷം മനുഷ്യനെ സൃഷ്ടിച്ചു. എപ്രകാരമാണ് ഇത് സംഭവിച്ചതെന്ന അറിവ് മനുഷ്യന്ന് നൽകിയിട്ടില്ല. എന്തെന്നാൽ അത് മനുഷ്യന്റെ ഗ്രാഹ്യശക്തിക്കതീതമാണ്. അത് മനസ്സിലാക്കുവാൻ മനുഷ്യന്ന് കഴിഞ്ഞിരുന്നുവെങ്കിൽ അവൻ സ്വയം മനുഷ്യനെ സൃഷ്ടിക്കുവാൻ കഴിഞ്ഞേനെ.

**രണ്ടാം ഘട്ടം :** വിശുദ്ധ ഖുർആനിൽ നിന്നും മനസ്സിലാക്കാൻ കഴിയുന്നത് രണ്ടാംഘട്ടം വസ്തു ഉള്ള അവസ്ഥയാണ്. അതായത് മനുഷ്യന്റെ പ്രാക്തന ഘട്ടത്തിൽ ശരീര രൂപം ഉണ്ടായിരുന്നു. എന്നാൽ മനുഷ്യനെ മറ്റു ജീവികളിൽ നിന്നും വേർതിരിക്കുന്ന മാനുഷതയും സജീവമായ മസ്തിഷ്ക്കവും പൂർണ്ണ വളർച്ചയെത്തിയിരുന്നില്ല. അപ്പോൾ മനുഷ്യന്റെ കായികാസ്തിത്വം നിലവിൽ വന്നിരുന്നു. അവന്റെ സത്താപരമായ അസ്തിത്വം നിലവിൽ വന്നിരുന്നില്ല. ഈ അവസ്ഥയിൽ പൂർണമായ മനസ്സോ മസ്തിഷ്ക്കമോ ഇല്ലാത്ത ഒരു കായികാസ്തിത്വമായിരുന്നു മനുഷ്യന്നുണ്ടായുരുന്നത് എന്ന് പറയാം ഈ ഘട്ടത്തിൽ മനുഷ്യൻ അചേതനമായ ഒരു ശിലാരൂപമായോ ഒരു ചെടിയെ പോലെയോ ആണെന്ന് പറയാവുന്നതാണ്. എന്നാൽ ഒരു കാര്യം തീർച്ചയാണ് അവൻ ഒരു ജീവിയെ പോലെ ആയിരുന്നില്ല. തീർച്ചയായും മനുഷ്യൻ ഒരു ഘട്ടത്തിലെത്തി അവൻ പറയത്തക്ക ഒരു വസ്തു അല്ലായിരുന്നു.

മറ്റൊരു പ്രകാരത്തിൽ പറഞ്ഞാൽ മനുഷ്യ സൃഷ്ടിപ്പിന്റെ ചരിത്രത്തിൽ അവന്റെ ശരീരം നിലവിൽ വന്നു. എന്നാൽ സ്വയം തിരിച്ചറിയാൻ കഴിയാത്തതും ബുദ്ധിയില്ലാത്തതുമായ ഒരവസ്ഥയായിരുന്നു. അവനെ പറ്റി സ്വയമായോ മറ്റുള്ളവയെ പറ്റിയോ അവന്ന് ഒരറിവും ഉണ്ടായിരുന്നില്ല. കാരണം ഇപ്പറഞ്ഞ ഗുണങ്ങൾ മസ്തിഷ്കത്തിന്റെ അഥവാ മനുഷ്യന്റെ ഗുണങ്ങൾ ആയിരുന്നു.

**മൂന്നാം ഘട്ടം:–** സ്ത്രീ പുരുഷ ഇണചേരലിലൂടെ പുരുഷ ബീജം സ്ത്രീയുടെ ശരീരത്തിൽ നിക്ഷേപിച്ച് മനുഷ്യൻ പ്രത്യുൽപ്പാദനം ആരംഭിച്ചതോടു കൂടി മനുഷ്യ സൃഷ്ടിപ്പിന്റെ മൂന്നാം ഘട്ടം എത്തി. ഇതിൽ പിന്നെ വിവിധ സ്വഭാവ ഗുണങ്ങളോടും വൈവിധ്യമാർന്ന പ്രകൃതിയോടും കൂടിയ മനുഷ്യൻ സൃഷ്ടിക്കപ്പെട്ടു. വിശുദ്ധ ഖുർആനിൽ അല്ലാഹു വിവരിക്കുന്നു. മനുഷ്യന്റെ പരിണാമഘട്ടത്തിൽ ഒരു ഘട്ടം ആണ് പെണ്‍ വേർതിരിവോടുകൂടിയ മൃഗസമാനമായിരുന്നു. പ്രത്യുൽപ്പാദനം സ്ത്രീപുരുഷ ലൈംഗിക ബന്ധത്തിലൂടെ ആരംഭിച്ചതോടുകൂടി (ഇത് ഉയർന്ന ജീവി വർഗ്ഗത്തിന്റെ പ്രത്യേകതയായിരുന്നു) പ്രത്യുൽപാദനത്തിന്റെ അടുത്ത പടിയായ നുത്ഫത്തിൻ അംശാജിൻ അതായത് ഗുണസങ്കലിതമായ ഇന്ദ്രിയ ബിന്ദുവിൽനിന്നും മനുഷ്യൻ സൃഷ്ടിക്കപ്പെട്ടു. അല്ലാഹു വിശുദ്ധ ഖുർആനിൽ വ്യക്തമാക്കുന്നു.

'തീർച്ചയായും നാം മനുഷ്യനെ ഗുണ സങ്കലിതമായ ഇന്ദ്രിയ ബിന്ദുവിൽ നിന്നും സൃഷ്ടിച്ചു. എന്തെന്നാൽ നാം അവനെ പരീക്ഷിക്കുന്നതാണ് അതുകൊണ്ട് നാം അവന്ന് കേൾവിയും കാഴ്ച്ചയും നൽകി.'

ഈ ഘട്ടത്തിന് ശേഷം അവന്റെ ഉത്പാദനം പല ഗുണസങ്കലിതമായ കണത്തിൽ നിന്നാക്കി. എന്തെന്നാൽ അവന്ന് ഈ ലോകത്ത് നാനാമുഖങ്ങളായ പ്രവർത്തികൾ ചെയ്യാനുണ്ട്.അതിനാൽ അവൻ വിവിധ തരത്തിലുള്ള കഴിവുകളും സ്വായത്ത്വമാക്കേണ്ടതുണ്ട്.

**നാലാം ഘട്ടം:–** മനുഷ്യന് മസ്തിഷ്ക്കത്തിന്റെ പൂർണവളർച്ചയെത്തിയപ്പോൾ അതായത് അവന്റെ ബുദ്ധിയും ഗ്രാഹ്യശക്തിയും വളർന്ന് വികസിച്ചതോടുകുടി മനുഷ്യവളർച്ചയുടെ നാലാം ഘട്ടം എത്തി. 'സമി ' യും 'ബസി' യും അതായത് കാണുവാനും കേൾക്കുവാനുമുള്ള കഴിവ് ആർജിച്ചു. താഴ്ന്ന ജീവികൾക്ക് കാണുവാനും കേൾക്കുവാനും കഴിവുകളുണ്ട്. എന്നാൽ മനുഷ്യൻ അതിലുപരിയായി അവന്റെ കഴിവുകളുപയോഗിക്കാനുള്ള ശേഷിയുണ്ട്. തുടർച്ചയായ അന്വേഷണത്താലും ആലോചനയുടെയും ഫലമായി എത്തിചേരുന്ന നിഗമനങ്ങളിലൂടെ കണ്ടെത്തലുകൾ നടത്താനുള്ള കഴിവും അവൻ ആർജ്ജിച്ചു. ഇതാണ് മനുഷ്യനെ സമീ ഉം ബസീറുമാക്കുന്നത്. ചിന്തിക്കുവാനുള്ള ശേഷിയും പിന്നീട് സംസാരിക്കുവാനുള്ള കഴിവും കൈവരിക്കുകവഴി, മറ്റു ജന്തു വർഗത്തിൽ നിന്നും വ്യത്യസ്തമായി വളരെ വ്യക്തമായ ഒരു ഉയർന്ന പടിയിലേക്ക് മനുഷ്യൻ കയറി. മനുഷ്യന്റെ വികാസപരിണാമങ്ങൾ ശൃംഖലയിലെ പ്രാരംഭ ദശയിലെ വിവിധ ഘട്ടങ്ങളാണിത്. ഈ കണ്ണികൾക്കിടയിലെ സുദീർഘമായ കാലങ്ങളെ പറ്റി വിശുദ്ധ ഖുർആൻ വ്യക്തമാക്കിയിട്ടില്ല. ഖുർആൻ ഒരു ശാസ്ത്ര പ്രബന്ധമല്ലല്ലോ. ഖുർആൻ ഈ ഘട്ടങ്ങളെല്ലാം വിവരിക്കുന്നത് മനുഷ്യന്റെ ധാർമികവും അദ്ധ്യാത്മികവുമായ വശങ്ങളിലേക്ക് വെളിച്ചം വീശുന്നതിന്ന് വേണ്ടിയാണ്. അതിൽ വിട്ടുപോയ ഭാഗങ്ങൾ മനുഷ്യന് ഖുർആന്റെ മറ്റു വിവരണങ്ങളിൽ നിന്നും സമാഹരിക്കാൻ കഴിയും. ഉദാഹരണമായി,

'അല്ലാഹു നിങ്ങളെ മണ്ണിൽ നിന്നും സൃഷ്ടിച്ചു. പിന്നീട് രേതസ്കണത്തിൽ നിന്നും (അദ്ധ്യായം 35: 12)

മറ്റൊരിടത്ത് ഇപ്രകാരം കാണാം. 'അല്ലാഹു നിങ്ങളെ ഭൂമിയിൽ നിന്നും നല്ലനിലയിൽ വളർത്തിയിരിക്കുന്നു'(71:17)

നിങ്ങളെ മണ്ണിൽ നിന്ന് സൃഷ്ടിച്ചതായും പിന്നീട് ബീജത്തിൽ നിന്ന് സൃഷ്ടിച്ചതായും തുടർന്ന് ഈ അവസ്ഥകൾ വിശദീകരിക്കാതെ 'നിങ്ങളെ അവൻ ഇണകളാക്കി' അതായത് സാമുദായ വിഭാഗമാക്കി. അങ്ങനെ ജീവിക്കുക വഴി മനുഷ്യ സംസ്കാരവും ജീവിത രീതിയും കെട്ടിപ്പടുക്കുവാൻ സാധ്യമാവുകയും ചെയ്തു. ഇടക്കുള്ള സംഭവങ്ങൾ എന്തുകൊണ്ട് വിട്ടുകളഞ്ഞു എന്ന് പിന്നീട് വ്യക്ത

മാക്കാം.

### 'അസ്വാജ്' എന്ന പദത്തിന്റെ അർത്ഥം

മേൽപ്പറഞ്ഞ വാക്യത്തിലെ **അസ്വാജ്** എന്നതിന്റെ അർത്ഥം സ്ത്രീ പുരുഷൻ എന്ന വിഭജനമല്ല. എന്തെന്നാൽ അത് ബീജകണം എന്ന പദത്തിൽ ഉൾക്കൊള്ളുന്നു. പിന്നീട് അവൻ നിങ്ങളെ ഇണകളാക്കി എന്നത് മേൽ പറഞ്ഞ വിഭജനത്തിന്നപ്പുറം മറ്റൊരു വ്യാഖ്യാനമാണു യോജിക്കുക. അറബി ഭാഷയിൽ **സൗജ്** എന്നാൽ 'തരം', 'വിവിധയിനം' അല്ലെങ്കിൽ പരസ്പരപൂരകമായത് എന്നൊക്കെ അർത്ഥം കാണാം. അതു തന്നെയാണ് ഇവിടെ ഉദ്ദേശിക്കുന്നതും. മനുഷ്യന്റെ മനസ്സ് പൂർണമായും വികാസം പ്രാപിച്ചപ്പോൾ വിവിധയിനം വൈകാരിക ഭാവം ഉടലെടുത്തു. പ്രത്യേക മനുഷ്യർ സമാന സ്വഭാവക്കാരുടെ ഭാഗത്തേക്ക് കൂട്ടംകൂടുകയും തങ്ങളുടെ പ്രവർത്തനം അവരുടെ ഇടയിലേക്ക് വ്യാപിപിക്കുകയും ചെയ്തു. ഇത്തരത്തിലുള്ള കുടുംബങ്ങൾ ചേർന്ന് പരസ്പരം ബന്ധപ്പെട്ട സമുദായങ്ങളും സംസ്കാരങ്ങളും രൂപം കൊണ്ടു.

മനുഷ്യ പരിണാമ ചരിത്രം ഇപ്രകാരം ചുരുക്കി പറയാം. ഇന്ന് നാം മനുഷ്യനെന്ന് പറയുന്നത് തുടക്കത്തിൽ ഒരു തരം കളി മണ്ണോ പൊടി മണ്ണോ കൊണ്ടുണ്ടാക്കിയതായിരുന്നു. പിന്നീട് ഖുർആൻ വിവരിച്ചിട്ടില്ലാത്ത ഇടയിലുള്ള ഘട്ടങ്ങൾ പിന്നിട്ട് മൃഗങ്ങളുടെതിന് സമാനമായ വളർച്ച പ്രാപിച്ചാണ് ആണും പെണ്ണും എന്ന രണ്ട് വിഭാഗമായത്. പിന്നീട് ലൈംഗിക പ്രത്യുൽപ്പാദനം വഴിയും അതിൽ പിന്നെ ഖുർആൻ വിട്ടുകളഞ്ഞ ഇടയിലുള്ള ഘട്ടങ്ങളും തരണം ചെയ്ത് മാനസികവും ശാരീരികവുമായ വിവിധ സ്വഭാവങ്ങളോടു കൂടിയ വിഭിന്ന സാമ്പത്തികാവസ്ഥയുമായി ബന്ധപ്പെട്ട സമുദായം ഉടലെടുത്തു. ഈ കാലത്താണ് മനുഷ്യന്റെ നാഗരികതക്ക് ആരംഭം കുറിച്ചത്.

മനുഷ്യന്റെ പരിണാമത്തിലെ വിവിധ ഘട്ടങ്ങളാണ് പൊടിമണ്, വരണ്ട് മണ്ണ്, കളി മണ്ണ്. അല്ലെങ്കിൽ വെള്ളംകൂടികലർന്ന പാറ എന്നിവ. വെള്ളം ഉണങ്ങിയ മണ്ണുമായി ചേർന്ന് മറ്റൊരു തരത്തിലുള്ള ജീവൻ ഉടലെടുത്തു. എന്ന വിശുദ്ധ ഖുർആൻ സൂചന നല്കുന്നു.

'നാം വെള്ളത്തിൽ നിന്നും എല്ലാ ജീവനുള്ള വസ്തുക്കളെയും സൃഷ്ടിച്ചു.' (അദ്ധ്യാ: 21:31)

'സൃഷ്ടിച്ച സകലതിനേയും നല്ല നിലയിലാക്കിയവനാണ് അവൻ. അവൻ മനുഷ്യന്റെ സൃഷ്ടി ആരംഭിച്ചത് കളിമണ്ണിൽ നിന്നാണ്' (അദ്ധ്യാ: 21:31)

'സൃഷ്ടിച്ച് സകലതിനേയും നല്ല നിലയിലാക്കിയവനാണ് അവൻ. അവൻ മനുഷ്യന്റെ സൃഷ്ടി ആരംഭിച്ചത് കളിമണ്ണിൽ നന്നാണ്.'(അദ്ധ്യാ 32:8)

കളിമണ്ണ് എന്നതിന്ന് മേൽപറഞ്ഞ രണ്ടാമത്തെ ആയത്തിൽ ഖുർആൻ നല്കിയ 'ത്വീൻ' എന്ന പദത്തിന്റെ അർത്ഥം വെള്ളം കൂടിക്കലർന്ന മണ്ണെന്നാണ്. അതിന്ന് സ്വയം ഒട്ടി പിടിച്ചു നിൽക്കാൻ കഴിയും. അതിനാൽ ഖുർആന്റെ അദ്ധ്യാപനത്തിന്റെ അടിസ്ഥാനത്തിൽ മനുഷ്യ ജീവൻ വെള്ളവും മണ്ണും കലർന്ന ഒരു മിശ്രിതത്തിൽ നിന്നും ഉടലെടുത്ത് എന്നാണ്. കാലക്രമേണ അഭിവൃദ്ധി പ്രാപിച്ച സംസ്ക്കാരസമ്പന്നനായ വിവേവചന ബോധമുള്ള മനുഷ്യനായി തീർന്നു.

വിശുദ്ധ ഖുർആന്റെ വിവിധ വിഷയങ്ങൾ വിചിന്തനം ചെയുമ്പോൾ മനുഷ്യ വികാസത്തിലെ വിട്ടുപോയ കണ്ണികളെക്കുറിച്ച് അറിവ് ലഭിക്കുന്നതാണ്. മുൻ പറഞ്ഞ ഖുർആൻ വാക്യത്തിൽ മനുഷ്യസമൂഹത്തിന്റെ പരിണാമചിരിത്രത്തിലെ ആദ്യ ഘട്ടത്തിലെ പ്രാരംഭദശ കളിമണ്ണിൽ നിന്നും പ്രാദുർഭവിച്ചതാണെന്നും പിന്നീട് ലൈംഗികാവയവങ്ങളിലൂടെ ലൈംഗിക പ്രത്യുത്പാദന സമ്പ്രദായം നിലവിൽ വന്നു എന്നും മനസ്സിലാവുന്നു.

'പിന്നീട് അവന്റെ സന്തതിയെ നിസ്സാരമായ ദ്രവവസ്തുവിൽ നിന്നുള്ള സത്തിൽ നിന്നും അവൻ സൃഷ്ടിച്ചു.'(32:9) 'പിന്നെ നാം അതിനെ ഭദ്രമായ സ്ഥാനത്ത് വച്ചു.' (77:22) ഈ ഖുർആനിക സൂക്തങ്ങൾ വ്യക്തമാക്കുന്നതെന്തന്നാൽ മനുഷ്യൻ ഉണങ്ങിയ മണ്ണിൽ നിന്ന് അതായത് കളിമണ്ണ് പാറ ഇവയിൽ നിന്നും ഉടലെടുത്തു. പല ഘട്ടങ്ങളിൾ തരണം ചെയ്ത് ഒരു ഘട്ടത്തിൽ ജലവുമായി കൂടിക്കലർന്ന് ഈ മിശ്രിതത്തിൽ നിന്നും പ്രഥമാവസ്ഥയിലുള്ള മനുഷ്യൻ രൂപംകൊണ്ടു. അതിൽ പിന്നെ സ്ത്രീ പുരുഷ ലൈംഗികാവയവങ്ങളുടെ പ്രവർത്തനം മൂലമുള്ള പ്രത്യുൽപ്പാദനം നിലവിൽ വന്നു. മണ്ണ് കളിമണ്ണ് പാറ എന്നിവയോട് സമാനമായത് ഒരു ഘട്ടം. സ്ത്രീപുരുഷ ലൈംഗികാവയവങ്ങളുടെ വളർച്ചയോടു കൂടിയ ലൈംഗിക പ്രത്യുൽപാദനത്തിന്റെ മറ്റൊരു ഘട്ടം. ഈ ഘട്ടങ്ങ പരിണാമത്തിന്റെ വ്യത്യസ്ത കാലയളവുകളായിട്ടാണ് അതിന്റെ ദൈർഘ്യം അനുമാനിക്കാൻ മാത്രമേ കഴിയൂ.

### മനുഷ്യ സൃഷ്ടിപ്പിന്റെ തത്ത്വം

വിശുദ്ധ ഖുർആനിൽ പറയുന്നു: 'നിന്റെ നാഥന്റെ അടുക്കലേക്കാണ് അവസാനം ചെന്നെത്തുന്നത്. അവൻ തന്നെയാണ് ചിരിപ്പിക്കുകയും കരയിപ്പിക്കുകയും ചെയ്യുന്നത്. മരിപ്പിക്കുകയും ജീവിപ്പിക്കുകയും ചെയ്യുന്നതും അവനാണ്. രേതസ്കണം തെറിപ്പിക്കപ്പെടുമ്പോൾ അതിൽനിന്ന് ആൺ പെൺ എന്നീ രണ്ട് ഇണകളെ സൃ

ഷ്ടിക്കുന്നവനും അവൻ തന്നെ യാണ്. പുനരുത്ഥാനം ചെയ്യിക്കുന്നതും അവന്റെ ചുമതലയാണ്.' (53:43-48)

മറ്റൊരു പ്രകാരത്തിൽ പറഞ്ഞാൽ നിങ്ങളുടെ ആരംഭവും അന്തവും തന്റെ പക്കൽ തന്നെയാണ്. നിങ്ങളുടെ അവസ്ഥ ഒരു വൃത്തചാപം പോലെയുള്ള വില്ല് പോലെയാണ്. വില്ലിന്റെ ഇരു വശവും വളക്കുമ്പോൾ അവ രണ്ടും അടുത്ത് വരുന്നു. നിങ്ങൾ തങ്ങളുടെ ഉദ്ഭവസ്ഥാനം തേടി പുറപ്പെട്ടാൽ അല്ലാഹുവല്ലാതെ ഒന്നുമില്ലാത്ത ഒരു സ്ഥലത്ത് എത്തിച്ചേരും. മറ്റൊരു രൂപത്തിൽ പറഞ്ഞാൽ മനുഷ്യന്റെ ഉദ്ഭവവും അന്ത്യവും അല്ലാഹുവിന്റെ അടുക്കൽ തന്നെയായിരിക്കും. കാര്യകാരണങ്ങളുടെ ശൃംഖല നേർത്ത് നേർത്ത് അവസാനം അഭയ സങ്കേതമായ അല്ലാഹുവിൽ എത്തിചേരുന്നു.

മേൽ ഉദ്ദരിച്ച ഖുർആനിക സൂക്തങ്ങളിൽ നിന്നും താഴെ പറയുന്ന നിഗമനങ്ങളിൽ എത്തിച്ചേരാം.

1) മനുഷ്യൻ സൃഷ്ടിക്കപ്പെട്ട ധാതു അനശ്വരമല്ല.. അവൻ ദൈവത്താൽ സൃഷ്ടിക്കപ്പെട്ടവനാണ്.

2) മനുഷ്യ സൃഷ്ടിപ്പ് പല ഘട്ടമായി ദീർഘകാലം സംഭവിച്ച വികാസത്തിന്റെ ഫലമാണ്. പെടുന്നന്നെ സൃഷ്ടിക്കപ്പെട്ടതാണെന്ന വാദം ശരിയല്ല.

3) മനുഷ്യ സൃഷ്ടി അവന്റെ തായ ഒരു സത്തയിൽ നിന്നും തന്നെയാണ്. അല്ലാതെ മറ്റൊരു തരം സൃഷ്ടിയിൽനിന്നോ മൃഗങ്ങളിൽ നിന്നോ മറ്റെന്തെങ്കിലും വസ്തുവിൽ നിന്നോ അല്ല. വാനരന്മാരിൽ നിന്നാണ് മനുഷ്യൻ പരിണമിച്ചുണ്ടായത് എന്ന ഡാർവിന്റെ സിദ്ധാന്തം ശരിയല്ല.

4) അവൻ കടന്നുവന്ന പരിണാമഘട്ടം കല്ലിനോടോ പാറയോടോ ഉപമിക്കാം.

5) അവൻ പിന്നീട് മൃഗങ്ങളുടേതിനു തുല്യമായ ജീവിത രീതിയിലൂടെ കടന്നുപോയി ബുദ്ധി വികസിച്ചിട്ടുണ്ടായിരുന്നില്ല. എന്നാലും മറ്റു മൃഗങ്ങളെ പോലെ തിന്നുകയും കുടിക്കുകയും ചെയ്തു.

6) പിന്നീട് അവൻ ബുദ്ധി ആർജ്ജിച്ച് സംസാരിക്കുവാൻ കഴിവുള്ള ജീവിയായി.

7) അവൻ ജീവിത രീതി ക്രമപ്പെടുത്തി. മാനവസംസ്കാരം കെട്ടിപടുക്കുവാൻ തുടങ്ങിയപ്പോൾ മനുഷ്യനെന്ന നിലയിൽ അവന്റെ വികാസത്തിലെ അവസാന ഘട്ടം എത്തി മറ്റു താഴെക്കിടയിലുള്ള ജീവികളുടെ ഒറ്റപ്പെട്ട ജീവിത രീതിതിക്കു പകരം അവൻ അന്യോന്യം സഹകരിച്ചു കൂട്ടായി പ്രവർത്തിച്ചു. ജീവിതക്രമത്തിന്റെ തത്ത്വസംഹിത രൂപപ്പെടുത്തി.

ഈ എല്ലാ ഘട്ടങ്ങളേയും കൂട്ടിചേർത്തു നാലായി വിഭജിക്കാം. ജീവനില്ലാത്ത അവസ്ഥ, ഉയർന്ന മസ്തിഷ്ക്കമില്ലാത്ത ജീവനുള്ള അവസ്ഥ, ബുദ്ധി വികസിച്ച അവസ്ഥ, അവസാനമായി പരിഷ്കൃതനായി മനുഷ്യൻ. അവസാനത്തെ രണ്ട് അവസ്ഥകളെ മാത്രമെ മനുഷ്യന്റെ ആവിർഭാവമായി കണക്കാക്കാൻ സാധ്യമാകയുള്ളൂ. ബുദ്ധി വികസിക്കാതിരുന്ന ഘട്ടത്തിൽ അവൻ ഏറെക്കുറെ മൃഗത്തിന്റെത് പോലെയുള്ള സ്വഭാവത്തോടു കൂടിയവരായിരുന്നു. തുടക്കം മുതൽക്കേ മനുഷ്യനായി ജീവിക്കാനുള്ള ഒരു ദൈവനിയോഗം ഉണ്ടായിരുന്നിന്നെങ്കിലും ബുദ്ധി വികസിക്കുന്നതിനു മുമ്പ് അവൻ മനുഷ്യനായി ഗണിക്കാൻ യോഗ്യനായിരുന്നില്ല. അവനെ ഗർഭത്തിൽ വികസിച്ചു വരുന്ന ഭ്രൂണമായി ഉപമിക്കാവുന്നതാണ്. യഥാർത്ഥത്തിൽ കുട്ടി ഗർഭാവസ്ഥയിലും മനുഷ്യ ജീവി ആയിരിക്കുമെങ്കിലും മനുഷ്യനായി പൂർണ വളർച്ച പ്രാപിക്കാതിരിക്കുന്നിടത്തോളം കാലം അതിനെ മനുഷ്യനായി അംഗീകരിക്കാൻ പ്രയാസമായിരിക്കും അതെന്തായാലും അത് സ്വയം നിലനിൽക്കാൻ സാധ്യമല്ലാത്ത അവസ്ഥയിലായിരിക്കും. ഇതു പോലെ തുടക്കത്തിൽ മനുഷ്യനും മനുഷ്യ സത്തയിലുള്ളവനായിരുന്നെങ്കിലും മനുഷ്യൻ എന്ന് നാമകരണം ചെയ്യാനുള്ള വികാസം സിദ്ധിച്ചിരുന്നില്ല. ബുദ്ധി വികസിച്ചതിന്ന് ശേഷമാണ് മനുഷ്യൻ എന്ന പേരിന്ന് അർഹനായത്. അപ്പോഴും അവൻ വിവേചനമുള്ള മനുഷ്യനായിരുന്നില്ല. ബുദ്ധിയെക്കാളുപരി ചിലത് കൂടി സ്വായത്തമാക്കേണ്ടിയിരുന്നു. അതിന്ന് അവന്ന് വ്യവസ്ഥപിതവും ചിട്ടയോടുകൂടിയതുമായ ഒരു ജീവിത രീതി സ്വായത്തക്കേണ്ടതുണ്ട്. അതായിരുന്നല്ലോ അവന്റെ സൃഷ്ടിപ്പിന്റെ പരമമായ ഉദ്ദേശ്യവും അതി നാൽ മനുഷ്യന്റെ ആദ്യകാല ചരിത്രത്തെ രണ്ടു ഘട്ടങ്ങളായി വിഭജിക്കാം

ഒന്ന്: അവൻ ബുദ്ധിയും വിവേചന ശക്തിയും സ്വായത്തമാക്കിയ ഘട്ടം.

രണ്ട്: മേൽ പറഞ്ഞ ശക്തികൾ വികസിപ്പിച്ചെടുത്ത് അടുക്കും ചിട്ടയോടു കൂടി ജീവിത രീതിയും അതു വഴി സാംസ്കാരവും വാർത്തെടുത്ത കാലഘട്ടം.

### ആദം ആദ്യത്തെ പരിപൂർണ മനുഷ്യൻ

മനുഷ്യന്റെ ബുദ്ധി വികാസത്തിന്റെ ഘട്ടം രണ്ട് വ്യത്യസ്ത വിഭാഗങ്ങളായി വീണ്ടും വിഭജിക്കാം.

1) മനുഷ്യനിൽ ബുദ്ധി വികസിച്ചു എന്നാൽ അത് തന്റെ വ്യക്തിപരമായ ആവശ്യങ്ങൾക്ക് മാത്രമായി തന്റെ ഇണയുടെ ഇംഗിതത്തിന്ന് മാത്രം ഉപയോഗിക്കുന്നതിൽ ഒതുങ്ങി.

2) ഈ ബുദ്ധി വികാസത്തിന്റെ അനന്തര ഫലമായി സാമൂഹ്യമായ താൽപര്യം രൂപപ്പെടുകയും അങ്ങനെ ജീവിതത്തിന് ഒരു നിയന്ത്രണവും ചിട്ടയും വന്നു ചേരുകയുമുണ്ടായി. മനുഷ്യൻ ഈ അവസ്ഥലെത്തിയപ്പോൾ ബാഹ്യ

മായ നിയന്ത്രണങ്ങൾക്കും നിർദേശങ്ങൾക്കും വിധേയനാവാൻ പ്രാപ്തനായതോടുകൂടി മാനവീയതയുടെ സമ്പൂർണ ഘട്ടത്തിന്ന് ആരംഭം കുറിച്ചു.

വിശുദ്ധ ഖുർആന്റെ അധ്യാപനമനുസരിച്ച് ആദം ആണ് മേൽ പറഞ്ഞ സമൂഹത്തിലെ ആദ്യത്തെ മനുഷ്യൻ. കളിമണ്ണ് കുഴച്ചെടുത്ത് രൂപപ്പെടുത്തിയ ആദ്യത്തെ മനുഷ്യനല്ല ആദംﷺ. എന്നാൽ അങ്ങിങ്ങായി വ്യാപിച്ചു കിടക്കുന്ന നാനാ സമൂഹങ്ങളിൽ മേൽ പറഞ്ഞ മാനസിക വികാസം വന്നവരിൽ ആദ്യത്തെ വ്യക്തി അദ്ദേഹമായിരുന്നു. ഒരു ഗുഹാ മനുഷ്യന് പുറത്ത് നിന്നുള്ള നിയന്ത്രണങ്ങൾക്കും നിദേശങ്ങൾക്കും സ്വയം വഴിപ്പെടുക എന്നത് വളരെ അസാദ്ധ്യമായ കാര്യമാണ്. ചുറ്റുപാടുമുണ്ടായിരുന്നവരിൽ ഈ വിധം വികാസം പ്രാപിച്ചവരും ഈ ആശയം ഉൾക്കൊള്ളാൻ സന്നദ്ധരായിരുന്നില്ല. അവരിൽ ബുദ്ധി വികാസം സംഭവിച്ചിരുന്നുവെങ്കിലും സഹകരണത്തിന്നും സാമൂഹിക ജീവിതത്തിന്നുമുള്ള പ്രചോദനം അത്രമാത്രം ശക്തമായിരുന്നില്ല. ആപേക്ഷികമായി വികാസം പ്രാപിച്ചവർ വിപ്ലവകരമായ പുതിയ സംവിധാനനത്തെയും പ്രവർത്തനരീതിയേയും ശക്തമായി എതിർത്തു. നമുക്കറിയാം വ്യത്യസ്ത സ്വഭാവമുള്ള രണ്ട് കുതിരകളെ ഒരു വണ്ടിക്കു കെട്ടിയാൽ അത് ആടിയും ഉലഞ്ഞുമാണ് മുന്നോട്ട് നീങ്ങുക. അതു തന്നെയാണ് ആദ്യമനുഷ്യൻ തന്റെ സമൂഹത്തെ അടുക്കും ചിട്ടയും സഹവർത്തിത്വവും ശിക്ഷണബോധത്തോടും കൂടിയൊരു ജീവിതക്രമമുള്ള ജനതയാകാൻ ആഹ്വാനം ചെയ്തപ്പോയും സംഭവിച്ചത്.

**ആദം എന്ന വാക്കിന്റെ വിവക്ഷ**

ആദ്യമനുഷ്യന്ന് ഖുർആൻ നല്കിയ നാമം തികച്ചും പ്രസക്തമാണ്. അറബി ഭാഷയിൽ ആദം എന്ന പദം രണ്ട് മൂലത്തിൽ അതായത് 'ആദിം' ഭൂമിയുടെ പ്രതലം അല്ലെങ്കിൽ 'ഉദ്മ' ഗോതമ്പിന്റെ നിറം എന്നതിൽ ഏതെങ്കിലും ഒന്നാകുന്നു. അതുക്കൊണ്ട് ആദം ഭൂമിയിൽ ജീവിച്ച ഗോതമ്പ് നിറത്തോടു കൂടിയ ആളാണ് എന്ന് സിദ്ധിക്കുന്നു. യഥാർത്ഥത്തിൽ രണ്ടും ഒന്നു തന്നെയാണ് സൂചിപ്പിക്കുന്നത്. തുറസ്സായ സ്ഥലത്ത് ജീവിക്കുന്ന ഒരാളുടെ നിറം ഗുഹയിൽ താമസിക്കുന്ന ആളിനെ അപേക്ഷിച്ച് ഇരുണ്ടതായിരിക്കും അയാൾക്ക് സൂര്യപ്രകാശം ഏൽക്കേണ്ടിവരുമല്ലോ.

ആദ്യത്തെ ദൈവിക പ്രതിനിധി എന്ന നിലയിൽ ആദമിലൂടെ മാനവസംസ്കാരത്തിന്ന് തുടക്കം കുറിച്ചു. അദ്ദേഹത്തിന്റെ വിളിക്കുത്തരം നൽകിയവർ തങ്ങളുടെ മാളങ്ങളിൽ നിന്നും കൂട്ടം കൂട്ടമായി പുറത്ത് വന്ന് തമസിക്കുവാൻ തുടങ്ങി. എന്തെന്നാൽ പുറത്ത് നിന്നുള്ള ആക്രമങ്ങളെ ഒന്നിച്ച് എതിർക്കാമല്ലോ.

**ആദമിന്റെ കാലത്തെ മനുഷ്യ സംസ്കാരം**

അദ്ദേഹത്തിന്റെ കാലത്തും അതിന്ന് മുമ്പ് കടന്നുപോയ കാലത്തെ അവികസിത മാനസികാവസ്ഥയുള്ള, പുതിയ ആശയങ്ങളെ ഉൾക്കൊള്ളാൻ പ്രാപ്തരാവാത്ത മനുഷ്യരും ഉണ്ടായിരിക്കാം അവർ തങ്ങളുടെ മേൽ ഏർപ്പെടുത്തിയിരുന്ന നിയന്ത്രണങ്ങളെ ചെറുക്കുകയും മുൻ വിവരിച്ചത് പോലെ തങ്ങളുടെ മാളങ്ങളിൽ തുടർന്നും ജീവിച്ചിരുന്നിരിക്കാം. അങ്ങനെ ആദമിനെ അനുസരിച്ചവരും അദ്ദേഹത്തെ എതിർത്തവരും രണ്ട് വിഭാഗങ്ങളായി വിഭജിച്ചു. അവരിൽ ആദ്യത്തെകൂട്ടർ തങ്ങളുടെ ഗുഹകളിൽ നിന്ന് പുറത്ത് വന്ന് സമൂഹമായി അന്യോന്യം സഹകരിച്ചും മനുഷ്യന്റെ പൊതു താൽപര്യങ്ങൾ അംഗീകരിച്ചുകൊണ്ടും ആപത്തുകളെ ഒത്തൊരുമിച്ചു ചെറുത്തു കൊണ്ട് ജീവിച്ചു. മറ്റേകൂട്ടർ പഴയത് പോലെ തങ്ങളുടെ മാളങ്ങളിൽ ത്തന്നെ വസിച്ചു കൊണ്ട് ഒരു തരത്തിലുള്ള ഒളിവിൽ കഴിഞ്ഞു വന്നു. ഇരുട്ടിൽ തന്നെ മറഞ്ഞു കഴിഞ്ഞിരുന്നതിനാൽ ഇവർ 'ജിന്ന്' എന്നറിയപ്പെട്ടു. ഇവർ സാധാരണയായി ഭയം ജനിപ്പിക്കുന്നതിലും ദുഷ്ചെയ്തികളിൽ തൽപരരും എല്ലാവരോടും വിദ്വേഷം വെച്ചു പുലർത്തുന്ന സ്വഭാവക്കാരായിരുന്നു. നേരെ മറിച്ച് സമൂഹമായി തുറന്ന സ്ഥലത്ത് പരസ്പരം സഹായിച്ചും സഹകരിച്ചും ജീവിച്ചവർ ആദ്യത്തെ 'ഇൻസ്' അഥവാ സമൂഹ ജീവിതം നയിക്കുന്നവരും പരസ്പരം സ്നേഹിക്കുന്നവരുമായി. എന്നാൽ ഇരുകൂട്ടരും ഒരേ വർഗ്ഗത്തിൽപെട്ടവർ തന്നെയെന്ന് നാം ഓർക്കണം.

അറബി ഭാഷയിൽ ജിന്ന് എന്നതിന്ന് മറഞ്ഞിരിക്കാൻ ഇഷ്ടപ്പെടുന്നത്, അജ്ഞാതം, അസാമാന്യ കഴിവോടു കൂടിയത്, സാധാരണയായി മറ്റുള്ളവർക്ക് ദോഷകരമായത്. എന്നെല്ലാം അർത്ഥം കാണാം. അതിനാലാണ് പ്രധാനപ്പെട്ട വ്യക്തികൾ, രാഷ്ട്രീ നേതാക്കന്മാർ, ഗോത്രത്തലവന്മാർ എന്നിവരെ 'ജിന്ന് ' എന്ന് വിളിക്കുന്നത്. അവരെ പെട്ടെന്ന് സമീപിക്കാൻ സാദ്ധ്യമല്ല. അവർ പൊതുസ്ഥലങ്ങളിൽ സധാരണയായി പ്രത്യക്ഷപ്പെടാറുമില്ല. അവർ അംഗരക്ഷകന്മാരാൽ ചുറ്റപ്പെട്ടിരിക്കുന്നതിനാൽ സാധാരണക്കാർക്ക് പെട്ടെന്ന് അവരെ സമീപിക്കുവാൻ സാധ്യമാകുന്നില്ല. വിദേശികൾ എന്ന അർത്ഥത്തിലും ഈ വാക്ക് ഉപയേഗിക്കാറുണ്ട്. അതായത് ജിന്നുകൾ മനുഷ്യരിൽനിന്നും വ്യത്യസ്ത സൃഷ്ടികളല്ല. അതായത് ജിന്നുകൾ മനുഷ്യരിൽ നിന്നും വ്യത്യസ്ത ജീവികളായിരുന്നില്ല.

ആദം ആദ്യത്തെ മനുഷ്യനായിരുന്നില്ല. ഒന്നാമതായി വിശുദ്ധ ഖുർആന്റെ അദ്ധ്യാപനമനുസരിച്ച് ആദം ആദ്യത്തെ മനുഷ്യനല്ല. മനുഷ്യൻ നിമിഷ നേരം കൊണ്ട് സൃഷ്ടിക്കപ്പെട്ടവനാണ് എന്ന സിദ്ധാന്തം പ്രകാരമാണ് അങ്ങിനെ പറയുന്നത്. ആദം രംഗപ്രവേശം ചെയ്യുന്നതിന്ന് വളരെ മുമ്പ് മനുഷ്യവർഗ്ഗം ലോകത്ത് നിലനിന്നിരുന്നു. ആദമിനെക്കുറിച്ച് അല്ലാഹു വിശുദ്ധ ഖുർആനിൽ പറയുന്നു.

‘നാം ഭുമിയിൽ ഒരു പ്രതിനിധിയെ നിശ്ചയിക്കാൻ പോകുകയാണ്.’(2:31) എന്നാൽ ആദം ആദ്യത്തെ മനുഷ്യനായിരുന്നുവെങ്കിൽ അല്ലാഹു പറയുമായിരുന്നത് ‘നാം ആദ്യത്തെ മനുഷ്യനെ സൃഷ്ടിക്കുവാൻ പോകുകയാണ്’ എന്നായിരുന്നു. എന്നാൽ അല്ലാഹു പറഞ്ഞത് അങ്ങനെയല്ല. ഒരു പ്രത്യേക മനുഷ്യനെ പ്രതിനിധിയായി നിശ്ചയിക്കാൻ പോകുന്നു എന്നാണ്. അക്കാലത്ത് ആദമിനോടൊപ്പം വേറേയും മനുഷ്യർ നിലവിലുണ്ട് എന്നാണ്. അതിൽ നിന്നും ഒരാളെ പ്രത്യേക ദൗത്യത്തിനായി തെരെഞ്ഞെടുക്കുകയാണുണ്ടായത് എന്നാണ് വ്യക്തമാവുന്നത്. ഒരു വർഗത്തിലെ ആദ്യത്തെ ജീവിയുടെ സൃഷ്ടിപ്പിനെയല്ല. ഒരു പ്രത്യേക ഉത്തരവാദിത്വം ഏൽപ്പിച്ചു കൊണ്ടുള്ള നിയോഗത്തെയെന്നാണ് ഇവിടെ പ്രതിപാദിച്ചിരിക്കുന്നത് എന്ന് വ്യക്തം.

ആദമിന്ന് മുമ്പും മനുഷ്യൻ ഉണ്ടയിരുന്നു എന്ന് വ്യക്തമാക്കുന്ന മറ്റൊരു ഖുർആൻ വാക്യം.

‘നാം തീർച്ചയായും നിങ്ങളെ സൃഷ്ടിച്ചു. പിന്നീട് രുപം നൽകി എന്നിട്ട് മാലാഖമാരോട് പറഞ്ഞു: ആദമിനെ വണങ്ങുക.’ (അദ്ധ്യാ: 7:12) അതായത് മനുഷ്യനെ സൃഷ്ടിച്ചു പിന്നീട് ഘട്ടം ഘട്ടമായി രുപപ്പെടുത്തി. ബുദ്ധി വികസിച്ചു കഴിഞ്ഞതിന്ന് ശേഷം അവരുടെ ആവശ്യങ്ങൾ നിറവേറ്റാനായി മാലാഖമാരോട് ആജ്ഞാപിക്കുകയാണ് ചെയ്തത്. ഇവിടെ നാം മനുഷ്യനെ സൃഷ്ടിച്ചു എന്നിട്ട് അവനെ വണങ്ങുക, എന്നല്ല പറഞ്ഞത്. അവൻ മനുഷ്യനെ സൃഷ്ടിച്ചു വിവിധ ദശകളിലായി പരിഷ്ക്കരിച്ചു. അവന്റെ വികാസം ഒരു പ്രത്യേക അവസ്ഥയിൽ എത്തിചേരുന്നത് അവൻ പ്രാപ്തനായപ്പോഴാണ് അവനെ വണങ്ങാൻ ആജ്ഞ നൽകിയിരിക്കുന്നത്. ഇതിൽ നിന്നും വ്യക്തമാകുന്നതെന്നാൽ മനുഷ്യരുടെ സമൂഹമുള്ളപോഴാണ് അവരിലൊരാളെ ആദരിക്കുകയും ദൈവത്തിന്റെ പ്രതിനിധി എന്ന നിലയിലേക്ക് ഉയർത്തുകയും ചെയ്തത്.

**പേജ് 16 ൽ നിന്ന്**

അതിനാവശ്യമുള്ളത് മാത്രമാണ് ഭക്ഷിക്കുക എന്നാണല്ലോ. കൂടുതലായി ഭക്ഷിക്കാനുള്ള അവസരം ഉണ്ടാവുന്നില്ല എന്നുമാണ്. ഇത് നീതിയുടെ മാത്രം അനുശാസനമാണ്. പക്ഷേ ദൈവം ജീവികളോട് അതിശയകരമാം വിധം വളരെ ഔദാര്യത്തോടെയാണ് പെരുമാറുന്നത്. ജീവികൾ ഭക്ഷിക്കുന്ന അധിക ഭക്ഷണം പോഷക ശോഷണമുള്ള ദിനങ്ങൾക്ക് വേണ്ടി കരുതലായി കൊഴുപ്പ് രൂപത്തിൽ സംഭരിച്ചു വെക്കുകയാണ് ചെയ്യുന്നത്. തീർച്ചയായും അധികം കൊഴുപ്പ് മൃഗങ്ങൾക്ക് ഒരു ഭാരമാണ്. എന്നാൽ മിതമായ അളവ് കൊഴുപ്പ് അതിന്റെ അതിജീവനത്തിന്ന് ആവശ്യവുമാണ്. സാധാരണ നിലയിൽ ഒരാൾക്ക് ആരോഗ്യകരമായ ജീവിതത്തിന്നാവശ്യമായതിന്റെ ഇരട്ടി ഭക്ഷണം ദഹിപ്പിക്കാനാകും. ഇതിന്റെയും പരിധിയിൽ കവിഞ്ഞ് ഒരാൾ ഭക്ഷിച്ചാൽ ശിക്ഷയുടെമേഖല ആരംഭിക്കുന്നു. ഒരാൾക്കും തന്നെ അതിന്റെ അനന്തരഫലം അനുഭവിക്കാതെ നീതിയുടെ സ്ഥിരമായ ലംഘകനായി നിൽക്കാനാവില്ല.

അതിലോലമായ സന്തുലന സംവിധാന പാലനത്തെപറ്റി നമുക്കിപ്പോഴും മതിയായ വിവരമില്ല. ചിന്തയുടേയും കണക്ക്കൂട്ടലിന്റേയും ഏറ്റവും സങ്കീർണ്ണമായ കഴിവുകൾ കൊണ്ട് സജ്ജീകരിക്കുകയും ജീവിതത്തിന്റെ എല്ലാ പരിണാമാത്മക നേട്ടങ്ങൾക്കും ബോധം നേതൃത്വം നൽകകയും ചെയ്യുന്ന മനുഷ്യനെ പോലെയുള്ള ഒരു അഭിജാത ജീവി ദൈവത്തോട് നന്ദി കെട്ടവനായി തുടരുന്നു എന്ന സ്ഥിതി എത്ര കഷ്ടമാണ്?. മനുഷ്യനോട് ഏറ്റവും തികവാർന്ന രീതിയിൽ നീതി പൂർവ്വം പെരുമാറിയിട്ടും മനുഷൻ എത്രമാത്രം നീതി രഹിതമായാണ് അവന്റെ സ്രഷ്ടാവിനോട് വർത്തിക്കുന്നത്.? വാസ്തവത്തിൽ ജീവിതത്തിന്റെ എല്ലാ വശങ്ങളും പരിഗണിച്ചു കൊണ്ട് സർവ്വ ആവശ്യങ്ങളും നിറവേറ്റാൻ നിരന്തരം ശ്രദ്ധയോടെ എണ്ണമറ്റ പരസ്പര ബന്ധത്തിന്റെ പ്രവിശാലമായ ആന്തരിക പ്രപഞ്ചങ്ങൾ ലയിച്ചു ചേർന്ന തികവുറ്റ സംന്തുലനവും സാമഞ്ജ്യസ്യവും മനുഷ്യ ശരീരത്തിൽ നിലനിൽക്കുന്നു. മനുഷ്യനിലുള്ള ഈ കൊച്ചു പ്രപഞ്ചങ്ങളുടെ സ്വരമേളനമാണ് അവനിലുലുള്ള ഉദാത്തമായ സംഗീതം. മനുഷ്യനാണ് ദൈവത്തിന്റെ ഏറ്റവും മഹിഷ്ഠമായ സൃഷടി. പക്ഷേ മനുഷ്യൻ അവനിൽ സൃഷ്ടിക്കപ്പെട്ടിരിക്കുന്ന വിസ്മയ പ്രപഞ്ചത്തെപ്പറ്റി നിസ്സംഗമായ അശ്രദ്ധയിലാണ്.

വിവ: എ. എം മുഹമ്മദ് സലീം.



# ഖുർആൻ ഹൃദയത്തിന് ഔഷധം

**ഹൃദയത്തിന്റെ ആത്മീയവും ധാർമ്മികവുമായ രോഗങ്ങൾക്ക് ഖുർആൻ ദിവ്യൗഷധമാണ്. രോഗശമനം വരുത്തി ആരോഗ്യത്തിലേക്കും പുരോഗതിയിലേക്കും അത് മനുഷ്യനെ നയിക്കുന്നു.**

***ജനങ്ങളേ, തീർച്ചയായും നിങ്ങളുടെ നാഥനിൽ നിന്നുള്ള ഒരു തത്ത്വോപദേശവും ഹൃദയത്തിനുള്ള ശമനൗഷധവും നിങ്ങൾക്ക് വന്നുകിട്ടിയിരിക്കുന്നു. വിശ്വാസികൾക്ക് മാർഗദർശനവും കാരുണ്യവുമാകുന്നു (അത്). (10:58)***

**ഖലീഫത്തുൽ മസീഹ് III ഹദ്റത്ത് മിർസാ നാസിർ അഹ്മദ്رحمه الله**

ഖുർആൻ മനുഷ്യന് വിലമതിക്കാനാവാത്ത ഒരമൂല്യനിധിയാണ്. നമുക്ക് വായിച്ചുനോക്കി അർത്ഥം ഗ്രഹിക്കുമാറ് പ്രപഞ്ചസ്രഷ്ടാവും കരുണാവാരിധിയുമായ ദൈവം നമുക്ക് ആവശ്യമായ ഗ്രന്ഥം രൂപപ്പെടുത്തിക്കൊണ്ടിരിക്കുന്നു എന്നതിന് നമ്മുടെ നാഥനെ എത്ര നാം സ്തുതിക്കണം. ആത്മീയമായും ഭൗതികമായും ബുദ്ധിപരമായും നമ്മെ അങ്ങേയറ്റം ഉന്നതിയിലെത്തിക്കാനും നമ്മുടെ എല്ലാ പ്രശ്നങ്ങളും പരിഹരിക്കാനുമുള്ള വഴികൾ ഖുർആനിലുണ്ട്.

മേൽവചനം റസൂൽ തിരുമേനിﷺന്റെ ജീവിതവിജയങ്ങളുടെ രഹസ്യങ്ങളിലേക്ക് വെളിച്ചം വീശുന്നു. ആ വിജയം സാധ്യമായത് സൈന്യമോ, സമ്പത്തോ, വമ്പിച്ച അനുയായികളോ മുഖേനയായിരുന്നില്ല. എന്നാൽ ഖുർആൻ എന്ന അതുല്യവും അത്ഭുതകരവുമായ ഒരേയൊരു ഗ്രന്ഥം മുഖേനയാണ്. ഒരു മനുഷ്യന് അതിന്റെ സാരഗർഭമായ ഉപദേശങ്ങൾക്കും അധ്യാപനങ്ങൾക്കും മുമ്പിൽ എതിർത്തുനിൽക്കാൻ സാധ്യമല്ല. അധികം കഴിയാതെ തന്നെ ഖുർആന്റെ അനുവാചകർ ഖുർആനിൽ നിന്ന് മാർഗദർശനം തിരയുന്നു. കാരണം, ഖുർആൻ സ്വയം വിശേഷിപ്പിക്കുന്നത് പോലെ 'നിങ്ങളുടെ നാഥനിൽ നിന്നുള്ള ഒരു തത്ത്വോപദേശവും ഹൃദയത്തിനു ശമനൗഷധവുമാണ്. സന്മാർഗദർശകവും കാരുണ്യവുമാണ്.' അതായത്, മനുഷ്യഹൃദയത്തെ സ്വാധീനിക്കുന്ന സൂക്ഷ്മഘടകങ്ങളെല്ലാം വിശുദ്ധ ഖുർആന്റെ ഓരോ വചനത്തിലും കൃത്യമായ അളവിൽ അല്ലാഹു സന്നിവേശിപ്പിച്ചിരിക്കുന്നു. ഖുർആനെ 'മൗഇളത്' (തത്ത്വോപദേശം) എന്നാണ് ഈ വചനത്തിൽ വിശേഷിപ്പിച്ചിരിക്കുന്നത്. ഖുർആൻ, മനുഷ്യന് കലവറയില്ലാതെ സദുപദേശം നല്കുന്നു. റസൂൽ തിരുമേനിﷺ യാതൊരുവിധ സ്വകാര്യനേട്ടവും ആഗ്രഹിക്കാതെ പരജനകാംക്ഷ മാത്രം ലക്ഷ്യമാക്കിക്കൊണ്ടാണ് ഉപദേശങ്ങൾ നല്കിയത്. ജനങ്ങളുടെ നന്മ മാത്രമായിരുന്നു ആ ധന്യാത്മാവിന്റെ ലക്ഷ്യം. അത് കൊണ്ട് ജനങ്ങൾ റസൂൽ തിരുമേനിﷺയിൽ ആകൃഷ്ടരാകാതെയിരുന്നില്ല. ഖുർആനിക വചനം മനുഷ്യഹൃദയത്തെ അഗാധമായി സ്വാധീനിക്കാനുള്ള മറ്റൊരു കാരണം, അത് സ്നേഹത്തിനും ദൈവഭയത്തിനും അനിതരസാധാരണമായ പ്രാധാന്യം നല്കുന്നുഎന്നതാണ്. ഒരു കഠിനഹൃദയന് പോലും ഖുർആന്റെ ഈ സ്വാധീനത്തെ അതിവർത്തിക്കാൻ സാധ്യമല്ല. മനുഷ്യന്റെ ഹൃദയസംസ്കരണത്തിന് പ്രേരിപ്പിക്കുന്നവിധത്തിൽ അതിമനോഹരവും ഹൃദയാവർജകവുമായ രീതിയിലാണ് ഖുർആൻ കാര്യങ്ങൾ പ്രതിപാദിച്ചിരിക്കുന്നത്.

'ശിഫാഅ്' (ശമനൗഷധം) എന്ന പദമാണ് ഖുർആൻ വചനങ്ങളെ വിശേഷിപ്പിക്കാൻ ഇവിടെ ഉപയോഗിച്ചത്. എല്ലാവിധത്തിലുള്ള ആത്മീയവും മാനസികവുമായ വ്യാധികൾക്കും ഒരു ദിവ്യൗഷധമായി ഖുർആനിക വചനങ്ങൾ ഉപയോഗിക്കാമെന്നാണ് ഇതിനർത്ഥം. മനുഷ്യൻ എത്ര വലിയ നിരാശയിൽ പതിച്ചാലും സത്യത്തിനോട് അഭിമുഖമായിക്കൊണ്ട് വീണ്ടും ഉയരാനുള്ള പ്രവണത അവൻ കാണിക്കുന്നു. ജീവിതത്തിന്റെ പൊരുൾ എന്തെന്നറിയാൻ അവൻ ആഗ്രഹിക്കുന്നു. ഹതാശയരായി നിരാശയിൽപ്പെട്ട ആളുകളുടെ ഹൃദയങ്ങൾക്ക് ഖുർആൻ നൽകുന്ന ശാന്തിയും ശമനവും അളവറ്റതാണ്. അവരെ ഖുർആൻ സംശയങ്ങളിൽ നിന്നും അവ്യക്തതകളിൽ നിന്നും രക്ഷിച്ച് വ്യക്തമായ മാർഗവും ധൈര്യവും ആശ്വാസവും പകർന്നു നല്കുന്നു.

ആത്മീയ ഉന്നതി പ്രാപിച്ച മഹാത്മാക്കളുടെ ജീവിതത്തെപ്പറ്റി വായിക്കുമ്പോഴും അറിയുമ്പോഴും മനുഷ്യഹൃദയം വലിയതോതിൽ ചലനം കൊള്ളാറുണ്ട്. വിശ്വാസകാര്യങ്ങൾ ദൈനംദിന ജീവിത യാഥാർത്ഥ്യങ്ങളായി മാറ്റുരച്ചുകൊണ്ട് വലിയ വലിയ കഷ്ടപാടുകൾക്കും ദുരിതങ്ങൾക്കും പരീക്ഷണങ്ങൾക്കും നടുവിൽ എല്ലാം സഹിച്ച്, മഹാത്മാക്കൾ കാട്ടിയ ജീവിതമാതൃക നമ്മിലും അങ്ങനെയനുകരിക്കാനുള്ള പ്രതിജ്ഞയും ആഗ്രഹവും ഹൃദയത്തിൽ അങ്കുരിപ്പിക്കുന്നു. അങ്ങനെ ദൈവത്തെ പ്രാപിക്കാനുള്ള ഒരു വഴി നമുക്ക്

തുറന്നു കിട്ടുന്നു. അപ്രകാരം ഖുർആൻ വിവരിക്കുന്ന പ്രവാചകകഥകൾ നമ്മെയും പരിശുദ്ധജീവിതം നയിക്കാൻ പ്രേരിപ്പിക്കുന്നു.

ഖുർആൻ മാർഗദർശകവും കാരുണ്യവുമാണ് എന്ന ഈ വചനത്തിലെ സന്ദേശം, ആത്മീയ പുരോഗതി മാത്രമല്ല ഈ ലോകത്തും വിജയം പ്രാപിക്കാൻ ഖുർആന്റെ ഉപദേശങ്ങൾ പര്യാപ്തമാണെന്നാണ് അർത്ഥമാക്കുന്നത്. ചിലയാളുകൾ ആത്മീയജ്ഞാനത്തെ സംബന്ധിച്ച് താല്പര്യമില്ലാത്തവരും അതിന്റെ അഗാധതലങ്ങളിലേക്ക് ഇറങ്ങിച്ചെല്ലാൻ കൂട്ടാക്കാത്തവരുമാണ്. മതനിയമങ്ങളുടെ തത്ത്വശാസ്ത്രം അവർ മനസ്സിലാക്കുന്നില്ല. ഭൗതിക പുരോഗതിയും അതിന്റെ സാമഗ്രികളുമാണ് അവരെ ആകർഷിക്കുക. അത്തരം ആളുകളെ തൃപ്തിപ്പെടുത്താൻ ഭൗതികലോകത്തെ ചില അത്ഭുതങ്ങൾ ദൈവം വിശുദ്ധ ഖുർആനിലൂടെ കാണിച്ചുകൊടുക്കുന്നു.

ഈ ആയത്തിൽ ഖുർആൻ ഹൃദയരോഗങ്ങൾക്ക് ശമനകാരിയാണെന്ന പരാമർശത്തെപ്പറ്റി ചിലർക്ക് സംശയമുണ്ടാകാം. മസ്തിഷ്കമാണല്ലോ മനുഷ്യചിന്തയുടെ അധിഷ്ഠാനം. അപ്പോൾ മസ്തിഷ്കത്തെപറ്റി എന്തുകൊണ്ട് ഇവിടെ പറഞ്ഞില്ല എന്നാണ് അവരുടെ സംശയം. ഇവിടെ ഒരു കാര്യം നാം ശ്രദ്ധിക്കേണ്ടതുണ്ട്. ആത്മീയ കാര്യങ്ങൾ ഹൃദയവുമായി ബന്ധപ്പെട്ടതാണ്. അതിന്റെ സൂക്ഷ്മമായ വശങ്ങളും ചലനങ്ങളും ഹൃദയമാണ് സംവേദിച്ചറിയുന്നത്. ആത്മീയാനുഭവമുള്ള മഹാത്മാക്കന്മാരെല്ലാം അവരുടെ ആത്മീയാനുഭവങ്ങൾ ഹൃദയവുമായി ബന്ധപ്പെട്ടതാണെന്ന് സാക്ഷ്യം നൽകുന്നു. മനുഷ്യഹൃദയവും ആത്മാവും തമ്മിലുള്ള ബന്ധം ഒരുപക്ഷേ മെഡിക്കൽ സയൻസിന് മനസ്സിലാക്കാൻ സാധ്യമല്ലെന്ന് വരും. പക്ഷേ, ഇത്തരം ജ്ഞാനികളുടെ അഭിപ്രായമാണ് ഇക്കാര്യത്തിൽ ഏറ്റവും സ്വീകാര്യം. രക്തത്തിൽ വരുന്ന മാറ്റങ്ങൾ മനുഷ്യന്റെ ചിന്തകളെ സ്വാധീനിക്കുന്നുവെന്ന വസ്തുതയും നാം പരിഗണിക്കേണ്ടതുണ്ട്. മസ്തിഷ്ക്കത്തിൽ ചിന്തയുടെ പ്രക്രിയകൾ നടക്കണമെങ്കിൽ ഹൃദയം രക്തം പമ്പ് ചെയ്ത് മസ്തിഷ്ക്കത്തിലെത്തിക്കേണ്ടതുണ്ട്. നല്ല ആരോഗ്യമുള്ള ഹൃദയങ്ങളിൽ നിന്ന് നല്ല രക്തം പമ്പ് ചെയ്യുമ്പോൾ മാത്രമേ മസ്തിഷ്ക്കം നല്ല ചിന്തകൾ ഉത്പാദിപ്പിക്കുകയുള്ളൂ. ഈ തത്ത്വത്തിന്റെ അടിസ്ഥാനത്തിൽ ഹൃദയത്തിന് ശമനം നല്കുന്ന ഖുർആൻ മനുഷ്യന്റെ ചിന്തയെ വിമലീകരിക്കുകയും നിർമലമാക്കുകയും ചെയ്യുന്നു. അങ്ങനെ മനുഷ്യസമൂഹത്തിൽ സ്നേഹവും ശാന്തിയും വിളയിക്കാൻ ഖുർആനിന്റെ അനുയായികൾക്കും അനുവാചകർക്കും സാധ്യമാവുന്നു.

*(ഖുർആൻ തഫ്സീർ ഹദ്റത്ത് മിർസാ നാസിർ അഹ്മദ് ﵀)*

അറിയിപ്പ്

# സത്യദൂതൻ വായനക്കാരോട്

**ബഹുമാന്യരെ, അസ്സലാമു അലൈക്കും**

**1925 ൽ ആരംഭിച്ച സത്യദൂതൻ അതിന്റെ സുദീർഘവും സംഭവ ബഹുലവുമായ ചരിത്രത്തിന്റെ നൂറ് വർഷം പൂർത്തിയാക്കാനാനൊരുങ്ങുകയാണ്. സത്യദൂതനെ പ്രോത്സാഹിപ്പിക്കുകയും പിന്തുണക്കുകയും ചെയ്തത് അതിന്റെ ബഹുമാന്യരായ വായനക്കാരാണ്. തുടർന്നും നിങ്ങളുടെ പ്രാർത്ഥനയും സഹകരണവും സത്യദൂതന് ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു. സത്യദൂതന്റെ പുതിയ മാനേജറായി ജനാബ് മാലിക് അമീൻ സാഹിബിനെ നിയമിച്ചിരിക്കുന്നു. അദ്ദേഹത്തിന്റെ ഫോൺ നമ്പർ 9895 867 185. സബ്സ്ക്രിബ്ഷൻ സംബന്ധിച്ച കാര്യങ്ങൾക്ക് വായനക്കാർ അദ്ദേഹവുമായിട്ടാണ് ബന്ധപ്പെടേണ്ടത്.**

**സത്യദൂതന്റെ പുതിയ വർഷത്തേക്കുള്ള വരിസംഖ്യയും കുടിശ്ശികയും അയക്കാൻ പുതിയ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. QRcode, Gpay, PhonePe, Paytm എന്നീ ആപ്പുകൾ ഉപയോഗിക്കാം. മെസ്സേജിൽ വായനക്കാരുടെ സബ്സ്ക്രിബ്ഷൻ നമ്പറും ഫോൺ നമ്പറും എഴുതണം. പണം അയച്ചു കഴിഞ്ഞാൽ അതിന്റെ സ്ക്രീൻ ഷോർട്ട് താഴേ കൊടുത്ത നമ്പരിൽ തന്നെ വാട്സ് ആപ് ചെയ്യാൻ മറക്കരുത്. വായനശാലയിലേക്കും ലൈബ്രറികളിലേക്കും അയക്കാൻ ആഗ്രഹിക്കുന്നവർ ഒന്നോ രണ്ടോ അതിലധികമോ കോപ്പികൾ സ്പോൺസർ ചെയ്യാനും അഭ്യർത്ഥിക്കുന്നു. പ്രാർത്ഥനയോടെ പൂർണ്ണ സഹകരണം പ്രതീക്ഷിക്കുന്നു.**

**വസ്സലാം**
**സി. ശമീം അഹ്മദ്**
**സദർ, ഇശാഅത്ത് കമ്മിറ്റി, കേരള**

# സുലൈമാൻ നബി عَلَيْهِ ٱلسَّلَامُ യുടെ സൈന്യവും 'ഹുദ് ഹുദ്' എന്ന വ്യക്തിയും

സുലൈമാൻ നബിﷺയുടെ സൈന്യത്തിലുണ്ടായിരുന്ന 'ഹുദ് ഹുദ്' മരം കൊത്തി പക്ഷിയല്ല, മനുഷ്യനായിരുന്നു

സുലൈമാന്റെ മുമ്പാകെ ജിന്നുകളിൽ നിന്നും ഇൻസുകളിൽ നിന്നും പക്ഷികളിൽ നിന്നുമുള്ള അദ്ദേഹത്തിന്റെ സൈന്യങ്ങൾ ഒരുമിച്ചു കൂട്ടപ്പെട്ടു. എന്നിട്ട് അവ പല വകുപ്പുകളിലായി ക്രമീകരിക്കപ്പെടുകയും ചെയ്തു... അദ്ദേഹം പക്ഷികളെ പരിശോധിച്ചു. അദ്ദേഹം പറഞ്ഞു: 'എനിക്കെന്തു പറ്റി? ഞാൻ ഹുദ്ഹുദിനെ കാണുന്നില്ലല്ലോ അഥവാ അവൻ മനഃപൂർവ്വം അപ്രത്യക്ഷനായതാണോ? തീർച്ചയായും ഞാൻ അവനെ കഠിനമായി ശിക്ഷിക്കുന്നതാണ്. അല്ലെങ്കിൽ ഞാൻ അവനെ കൊന്നുകളയും. അതുമല്ലെങ്കിൽ അവൻ എനിക്ക് സ്പഷ്ടമായ വല്ല തെളിവും കൊണ്ടുവരണം. അങ്ങനെ അദ്ദേഹം അല്പം താമസിച്ചു. (അപ്പോഴേക്കും ഹുദ്ഹുദ് വന്നു). ഇങ്ങനെ പറഞ്ഞു: 'താങ്കൾ അറിഞ്ഞിട്ടില്ലാത്ത ഒരു കാര്യം ഞാൻ ശരിക്കും അറിഞ്ഞിട്ടുണ്ട്. ഞാൻ 'സബഇൽ' നിന്നും സൂക്ഷ്മമായ ഒരു വിവരവും കൊണ്ടാണ് താങ്കളുടെ അടുക്കലേക്ക് വന്നിട്ടുള്ളത്. അവിടെ ഒരു സ്ത്രീ അവരുടെ മേൽ ആധിപത്യം വഹിക്കുന്നതായി ഞാൻ കണ്ടു. എല്ലാ വസ്തുക്കളിൽ നിന്നും (അവശ്യമായത്) അവൾക്ക് നൽകപ്പെട്ടിരിക്കുന്നു. അവൾക്ക് ഒരു വലിയ സിംഹാസനമുണ്ട്.... അദ്ദേഹം (സുലൈമാൻ) പറഞ്ഞു: 'നീ സത്യമാണോ പറയുന്നത്? അതല്ല കള്ളം പറയുന്നവരിൽപ്പെട്ടതാണോ എന്ന് ഉടനെ നമുക്ക് നോക്കാം. എന്റെ ഈ എഴുത്ത് കൊണ്ടുപോയി അത് അവരിലേക്ക് ഇട്ടുകൊടുക്കുക. എന്നിട്ട് അവരിൽ നിന്നും പിൻമാറി നില്ക്കുക. പിന്നെ അവർ എന്ത് മറുപടി നല്കുന്നുവെന്ന് നോക്കുക' (27:18-27)

സൂറ: അന്നംലിലെ പ്രസ്തുത വചനങ്ങളിൽ സുലൈമാൻ നബിﷺയുടെ സൈന്യങ്ങളെ പറ്റി വർണ്ണിച്ചിരിക്കുന്നു. അതിൽ ഇൻസും, ജിന്നും, പക്ഷികളും, പക്ഷികളുടെ കൂട്ടത്തിൽ ഹുദ്ഹുദും ഉള്ളതായി ഖുർആൻ പറയുന്നു. പ്രസ്തുത പരാമർശത്തെ അക്ഷരാർത്ഥത്തിൽ എടുത്തുകൊണ്ട് അരൂപികളായ ജിന്നുകളുടേയും, പക്ഷികളുടേയും ഒരു സൈന്യം സുലൈമാൻ നബിﷺക്കുണ്ടായിരുന്നു എന്ന് ഖുർആൻ ഭാഷ്യകാരന്മാരിൽ പലരും പറയുന്നു. വാസ്തവത്തിൽ ജിന്നും പക്ഷികളുമെല്ലാം അദ്ദേഹത്തിന്റെ സൈന്യത്തിൽ പ്രത്യേക ദൗത്യങ്ങൾ നിർവഹിക്കാനുള്ള സേനാവിഭാഗങ്ങളുടെ പേരായിരുന്നു. അവരെല്ലാം തന്നെ മനുഷ്യരുമായിരുന്നു.

പ്രസ്തുത വചനവും സൂറ: അമ്പിയായിലെ 83-ാം വചനവും സൂറ സബഅ്ലെ 13-ാം വചനവും ചേർത്ത് വ്യാഖ്യാനിക്കേണ്ടതാണ്.

(നാം) അദ്ദേഹത്തിന് (സുലൈമാന്) വേണ്ടി മുങ്ങൽ വിദഗ്ദരേയും (അധീനപ്പെടുത്തിക്കൊടുത്തു). ഇതിനുപുറമെ ചില പ്രവൃത്തികളും അവർ ചെയ്യാറുണ്ടായിരുന്നു. (സൂറ അമ്പിയാഅ് : 83)

*'വ മിന ശയാത്ത്വീനി മൻയ ഊസൂന'* എന്നതിന് ശയ്ത്വാന്മാരിൽ നിന്നും (പിശാചുക്കളിൽ നിന്നും) സമുദ്രത്തിൽ മുങ്ങുന്ന മുങ്ങൽക്കാരെയും' എന്നാണ് സാധാരണ അർത്ഥം പറയാറുള്ളത്. ഇവിടെ 'ശയാത്തീൻ' എന്നതിന് പിശാചുക്കൾ എന്നതിനു പകരം 'വിദഗ്ദർ' അല്ലെങ്കിൽ മുഖ്യന്മാർ' എന്ന് പ്രയോഗിക്കാവുന്നതാണ്. ഖുർആനിലും അതിന് പ്രയോഗസാധുതയുണ്ട്. സൂറ:ബഖറ 15-ാം വചനം ഉദാഹരണം.

സുലൈമാൻ നബിﷺ പല വിദഗ്ധ ജോലികളും ചെയ്തിരുന്ന ഇസ്രായേലികളല്ലാത്ത ഗോത്രവർഗങ്ങളെ അടിമകളാക്കി പിടിച്ചു അധീനതയിൽ വെച്ചിരുന്നതായി ബൈബിളിൽ കാണാവുന്നതാണ്. 'ഇസ്രായേൽക്കാരുടെ വംശത്തിൽ പെടാത്തവരായ അമോറിയർ ഹിത്തി സുലൈമാന്റെ മുമ്പാകെ ജിന്നുകളിൽ നിന്നും ഇൻസുകളിൽ നിന്നും പക്ഷികളിൽ നിന്നുമുള്ള അദ്ദേഹത്തിന്റെ സൈന്യങ്ങൾ ഒരിമിച്ചു കൂട്ടപ്പെട്ടു. എന്നിട്ട് അവ പല വകുപ്പുകളിലായി ക്രമീകരിക്കപ്പെടുകയും ചെയ്തു... അദ്ദേഹം പക്ഷികളെ പരിശോധിച്ചു. അദ്ദേഹം പറഞ്ഞു: 'എനിക്കെന്തുപറ്റി? ഞാൻ ഹുദ്ഹുദിനെ കാണുന്നില്ലല്ലോ അഥ

വാ അവൻ മനഃപൂർവ്വം അപ്രത്യക്ഷനായതാണോ? തീർച്ചയായും ഞാൻ അവനെ കഠിനമായി ശിക്ഷിക്കുന്നതാണ്. അല്ലെങ്കിൽ ഞാൻ അവനെ കൊന്നുകളയും. അതുമല്ലെങ്കിൽ അവൻ എനിക്ക് സ്പഷ്ടമായ വല്ല തെളിവും കൊണ്ടു വരണം. അങ്ങനെ അദ്ദേഹം അല്പം താമസിച്ചു. (അപ്പോഴേക്കും ഹുദ് ഹുദ് വന്നു). ഇങ്ങനെ പറഞ്ഞു: 'താങ്കൾ അറിഞ്ഞിട്ടില്ലാത്ത ഒരു കാര്യം ഞാൻ ശരിക്കും അറിഞ്ഞിട്ടുണ്ട്. ഞാൻ 'സബ്ഇൽ' നിന്നും സൂക്ഷ്മമായ ഒരു വിവരവും കൊണ്ടാണ് താങ്കളുടെ അടുക്കലേക്ക് വന്നിട്ടുള്ളത്. അവിടെ ഒരു സ്ത്രീ അവരുടെ മേൽ ആധിപത്യം വഹിക്കുന്നതായി ഞാൻ കണ്ടു. എല്ലാ വസ്തുക്കളിൽ നിന്നും (അവശ്യമായത്) അവൾക്ക് നൽകപ്പെട്ടിരിക്കുന്നു. അവൾക്ക് ഒരു വലിയ സിംഹാസനമുണ്ട്.... അദ്ദേഹം (സുലൈമാൻ) പറഞ്ഞു: 'നീ സത്യമാണോ പറയുന്നത്? അതല്ല കള്ളം പറയുന്നവരിൽപ്പെട്ടതാണോ എന്ന് ഉടനെ നമുക്ക് നോക്കാം. എന്റെ ഈ എഴുത്ത് കൊണ്ടുപോയി അത് അവരിലേക്ക് ഇട്ടുകൊടുക്കുക. എന്നിട്ട് അവരിൽ നിന്നും പിൻമാറി നില്ക്കുക. പിന്നെ അവർ എന്ത് മറുപടി നൽകുന്നുവെന്ന് നോക്കുക' (27:18-27)

സൂറ: അന്നംലിലെ പ്രസ്തുത വചനങ്ങളിൽ സുലൈമാൻ നബി ﷺയുടെ സൈന്യങ്ങളെ പറ്റി വർണ്ണിച്ചിരിക്കുന്നു. അതിൽ ഇൻസും, ജിന്നും, പക്ഷികളും, പക്ഷികളുടെ കൂട്ടത്തിൽ ഹുദ്ഹുദും ഉള്ളതായി ഖുർആൻ പറയുന്നു. പ്രസ്തുത പരാമർശത്തെ അക്ഷരാർത്ഥത്തിൽ എടുത്തുകൊണ്ട് അരൂപികളായ ജിന്നുകളുടേയും, പക്ഷികളുടേയും ഒരു സൈന്യം സുലൈമാൻ നബി ﷺക്കുണ്ടായിരുന്നു എന്ന് ഖുർആൻ ഭാഷ്യകാരന്മാരിൽ പലരും പറയുന്നു. വാസ്തവത്തിൽ ജിന്നും പക്ഷികളുമെല്ലാം അദ്ദേഹത്തിന്റെ സൈന്യത്തിൽ പ്രത്യേക ദൗത്യങ്ങൾ നിർവ്വഹിക്കാനുള്ള സേനാവിഭാഗങ്ങളുടെ പേരായിരുന്നു. അവരെല്ലാം തന്നെ മനുഷ്യരുമായിരുന്നു.

പ്രസ്തുത വചനവും സൂറ: അമ്പിയായിലെ 83-ാം വചനവും സൂറ സബഅ്ലെ 13-ാം വചനവും ചേർത്ത് വ്യാഖ്യാനിക്കേണ്ടതാണ്.

(നാം) അദ്ദേഹത്തിന് (സുലൈമാന്) വേണ്ടി മുങ്ങൽ വിദഗ്ദരേയും (അധീനപ്പെടുത്തിക്കൊടുത്തു). ഇതിനുപുറമെ ചില പ്രവൃത്തികളും അവർ ചെയ്യാറുണ്ടായിരുന്നു. (സൂറ അമ്പിയാഅ് :83) **'വ മിന ശയാത്ത്വീനി മൻയ ഊസൂന'** എന്നതിന് ശയ്ത്വാന്മാരിൽ നിന്നും (പിശാചുക്കളിൽ നിന്നും) സമുദ്രത്തിൽ മുങ്ങുന്ന മുങ്ങൽക്കാരെയും' എന്നാണ് സാധാരണ അർത്ഥം പറയാറുള്ളത്. ഇവിടെ 'ശയാത്തീൻ' എന്നതിന് പിശാചുക്കൾ എന്നതിനുപകരം 'വിദഗ്ദർ' അല്ലെങ്കിൽ മുഖ്യന്മാർ' എന്ന് പ്രയോഗിക്കാവുന്നതാണ്. ഖുർആനിലും അതിന് പ്രയോഗസാധുതയുണ്ട്. സൂറ:ബഖറ 15-ാം വചനം ഉദാഹരണം.

സുലൈമാൻ നബി ﷺ പല വിദഗ്ധ ജോലികളും ചെയ്തിരുന്ന ഇസ്രായേലികളല്ലാത്ത ഗോത്രവർഗങ്ങളെ അടിമകളാക്കി പിടിച്ചു അധീനതയിൽ വച്ചിരുന്നതായി ബൈബിളിൽ കാണാവുന്നതാണ്. 'ഇസ്രായേൽക്കാരുടെ വംശത്തിൽ പെടാത്തവരായ അമോറിയർ ഹിത്തിയർ, പെരിസിയർ, ഹിവിയർ യെബുസിയർ എന്നീ കൂട്ടരിൽ അവശേഷിച്ചിരുന്നവരെയെല്ലാം ഇവരുടെ പിന്മുറക്കാരായി ദേശത്ത് അവശേഷിച്ചിരുന്നവരെ പൂർണമായി നശിപ്പിക്കാൻ ഇസ്രായേൽക്കാർക്കു കഴിഞ്ഞില്ല. (1 രാജാക്കന്മാർ 20-21)

സുലൈമാൻ നബി ﷺ ഇങ്ങനെ അടിമകളാക്കി വച്ച ജനങ്ങളിൽ പേർഷ്യൻ കടലിൽ നിന്നും മുത്തുകൾ മുങ്ങിയെടുക്കുന്ന വിദഗ്ദരും, സൈനികവും നിർമാണ പരവുമായ പ്രവൃത്തികൾ നിർവ്വഹിക്കുന്ന അതിവിദഗ്ധരായ ചില ഗോത്രവർഗ മുഖ്യന്മാരുമുണ്ടായിരുന്നു.

ചുരുക്കത്തിൽ സുലൈമാൻ നബി ﷺ സൈന്യത്തിലെ ചില പ്രത്യേക ദൗത്യങ്ങൾ നിർവ്വഹിച്ച ഇൻസ്, ജിന്ന്, പക്ഷികൾ എന്നിവർ ഇവരെല്ലാം മനുഷ്യർ തന്നെയായിരുന്നു. 21:83ലും 38:38ലും വിവരിച്ച 'ശയാത്ത്വീൻ' എന്ന് പേരുള്ള വിഭാഗവും 'ജിന്ന്' (അതാത് ദൗത്യങ്ങളിലെ നിർവഹണ വിദഗ്ദർ) വിഭാഗത്തിൽപ്പെട്ടവരായിരുന്നു.

മറ്റൊരു കാര്യം പക്ഷി എന്ന അർത്ഥത്തിൽ ഉപയോഗിച്ച 'ത്വൈർ' എന്ന പദം അതിവേഗത്തിൽ കുതിക്കുന്ന കുതിരയെയും കുതിരപട്ടാളത്തേയും സൂചിപ്പിക്കുന്നതാണ്. സുലൈമാൻ നബി ﷺ കുതിരകളെ ഇഷ്ടപ്പെട്ടിരുന്നതായും അങ്ങനെ ഓമനിച്ചിരുന്നതായും 38:32, 34 വചനങ്ങളിൽ കാണാം.

ഇവിടെ ഹുദ്ഹുദിനെ സംബന്ധിച്ചു സൂറ:അന്നംലിലെ വചനങ്ങളിൽ നിന്നു തന്നെ 'ഹുദ് ഹുദ്' ഒരു പക്ഷി (മരംകൊത്തി) യല്ല എന്ന കാര്യം സുവിദിതമാണ്. ഇതിന്നു ഉപോൽബലകമായുള്ള മറ്റു തെളിവുകൾ ഇവയാണ്.

1. അതായത്, സുലൈമാൻ നബി ﷺയെ പോലെ പ്രവാചകനും അതിപ്രഗത്ഭനും രാജാധിരാജനുമായ ഒരാൾ നിസ്സാരനായ ഒരു മരംകൊത്തി പക്ഷിയെ കാണാതിരുന്നത് മൂലം കോപിഷ്ടനായി, അതിനെ വധിച്ചുകളയുമെന്ന് പറയുന്നത് അവിശ്വസനീയമാണ് (വചനം 23)

2. ഹുദ് ഹുദ് അഥവാ മരംകൊത്തി ഒരു ദേശാടന പക്ഷിയല്ല.


(ശേഷം പേജ് 39 ൽ)

# വംശീയതയും ഇസ്‌ലാമും

ജനവർഗ്ഗം (Ethnic)അഥവാ വംശം (Race) ഒരു ശാസ്ത്രീയ പരികല്പനയാണെങ്കിൽ വംശീയത (Racism) അയുക്തികവും വികാരപരവുമായ ഒരു സാമൂഹിക തിന്മയും ആ തിന്മയുടെ പ്രത്യയശാസ്ത്രവത്ക്കരണവുമാണ്. വംശം ജനവർഗം എന്ന അടിസ്ഥാനത്തിൽ ഒരു പ്രകൃതി യാഥാർത്ഥ്യമായി അംഗീകരിക്കുന്ന ഖുർആൻ വംശീയതയെ ശക്തമായി അപലപിക്കുന്നു. അമേരിക്കയിലെ കറുത്ത വംശജനായ ജോർജ്ജ് ഫ്ളോയിഡിന്റെ നിഷ്ഠൂരമായി കൊലചെയ്യപ്പെട്ട വംശവെറിയുടെ പശ്ചാത്തലത്തിൽ വീണ്ടും പ്രസക്തമാവുന്ന വംശീയ പ്രശ്നം.

**എ.എം. മുഹമ്മദ് സലീം**

ജനവർഗങ്ങളുടെ സങ്കലനത്തിനും സമന്വയത്തിനും ദ്രുതഗതി കൈവന്നിട്ടും വംശീയതയുടെ ഭീഷണി ഒരു വൻ വിപത്തായി ആധുനിക ലോകത്ത് നിലനിൽക്കുന്നു. ഹിറ്റ്ലറുടെ ആര്യൻ വർഗ സിദ്ധാന്തവും ജൂതന്മാരുടെ സയണിസവും ബോസ്നിയൻ മുസ്ലിംകളെ കൊന്നൊടുക്കി സെർബുകൾ നടത്തിയ എത്നിക് ക്ലൻസിംങ്ങും ഇന്ത്യയിലെ ജാതീയതയും അമേരിക്കയിലും യൂറോപ്പിലും ദക്ഷിണാഫ്രിക്കയിലും ഇപ്പോഴും നീറിപ്പുകയുന്ന നിലവിലുള്ള വർണവിവേചനവും അഫ്ഗാനിസ്ഥാനിലെയും പാകിസ്ഥാനിലേയും ഗോത്രവർഗപ്പോരുകളും അങ്ങനെ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ അരങ്ങേറുന്ന സംഘർഷങ്ങളിലെല്ലാം വംശീയത എന്ന പൈശാചിക വികാരത്തിന്റെ പ്രത്യക്ഷവും പരോക്ഷവുമായ തേരോട്ടങ്ങൾ കാണാം. ഇതിൽ ആര്യൻ വംശീയത രാഷ്ട്രത്തിന്റെ ദേശീയതയായി പ്രഖ്യാപിച്ച് ലോകത്തെ കിടിലം കൊള്ളിച്ച അഡോൾഫ് ഹിറ്റ്ലർ രണ്ടാം ലോകമഹായുദ്ധത്തോടെ അരങ്ങൊഴിഞ്ഞു. എന്നാൽ യഹൂദ വംശദേശീയതയിൽ രാഷ്ട്രം കെട്ടിപ്പടുത്ത ഇസ്രയേൽ അതിന്റെ ഭീകരമായ പടയോട്ടം തുടരുകയാണ്. അതുപോലെ അവസരം കിട്ടിയാൽ നരമേധങ്ങളും കൂട്ടക്കൊലകളുമായി ആളിക്കത്തുന്ന അണയാത്ത കനൽക്കട്ടകളായി




ലോകത്തെമ്പാടുമുള്ള ജനവർഗങ്ങളിൽ വംശീയത കുടികൊള്ളുന്നു എന്നതാണ് യാഥാർത്ഥ്യം.

### വംശവും വംശീയതയും

വംശവും (Race) വംശീയതയും (Racism) നാം വേർതിരിച്ച് മനസ്സിലാക്കേണ്ടതാണ്. വംശം എന്നത് ശാസ്ത്രീയമായ ഒരു പരികല്പന യാണ്. വർണ്ണം (നിറം), മുഖാകൃതി (Facial features) ശാരീരികവുമായ പ്രത്യേകതകൾ, ഭാഷ, ജനിതക ഘടന മുതലായ പാരമ്പര്യ ഘടകങ്ങളെ അടിസ്ഥാനമാക്കിയുള്ള ജന വിഭാഗങ്ങളെയാണ് (Race) വംശം എന്ന് പറയുന്നത്. ലോകത്തിലെ എല്ലാ ജനതകളും എന്തെങ്കിലും ഒരു വംശത്തിൽപ്പെടുന്നു. ആധുനിക നരവംശ ശാസ്ത്രം ഒരു ജനവർഗത്തെ മറ്റൊരു ജനവർഗത്തിൽ നിന്നും തിരിച്ചറിയാനാണ് (വംശം) എന്ന സംജ്ഞ ഉപയോഗിക്കുന്നത്. എന്നാൽ വംശീയത (Racism) എന്നത് അശാസ്ത്രീയവും വികാരപരവുമായ ഒരു സാമൂഹിക തിന്മയാണ്. വംശമഹിമയുടെ പ്രത്യയശാസ്ത്രവത്ക്കരണമാണ് വംശീയത. താന്താങ്ങളുടെ വംശമഹിമ സ്വയം പെരുപ്പിച്ചും മറ്റുള്ള വംശങ്ങളെ ഇകഴ്ത്തിയുമുള്ള പ്രതിലോമകരമായ ഒരു സാമൂഹിക വീക്ഷണം പുലർത്തി അത് ആശയപരമായും കായികപരമായും അധികാരശക്തികൊണ്ടും മറ്റുള്ളവരിൽ അടിച്ചേൽപ്പിക്കാൻ ശ്രമിക്കുന്നതാണ് വംശീയത. വംശം എന്ന യാഥാർത്ഥ്യത്തെ വംശീയവാദികൾ വികാരപരമായ ഒരടിസ്ഥാനമാക്കിക്കണ്ട് അതിന്മേലാണ് അയുക്തികവും വൈകാരികവുമായ വംശീയവാദം കെട്ടിപ്പടുക്കുന്നത്. വംശീയതയെക്കുറിച്ചുള്ള മിഥ്യാധാരണകളും സംഘർഷങ്ങളും ഇല്ലാതാക്കാൻ 1949 ൽ നരവംശശാസ്ത്രജ്ഞന്മാരേയും, സാമൂഹ്യ ശാസ്ത്രജ്ഞന്മാരേയും ഉൾപ്പെടുത്തു ഐക്യരാഷ്ട്രസഭയുടെ കീഴിലുള്ള UNESCO ഒരു ചർച്ച സംഘടിപ്പി

ക്കുകയും 1950 ജൂലൈ 15 ന് ഒരു പ്രഖ്യാപനം നടത്തുകയുമുണ്ടായി. ലോകമഹായുദ്ധത്തിലേക്ക് നയിച്ച വംശവെറിയുടെ അടിസ്ഥാനത്തിൽ ഉയർന്നു വന്ന ആര്യൻ നാസിസത്തിന്റെ ഫലമായി ലോക മഹായുദ്ധം കഴിഞ്ഞതിന്റെ വീണ്ടു വിചാരത്തോടുകൂടിയായിരുന്നു ആ സമ്മേളനം നടന്നത്. അതിന്റെ സംക്ഷിപ്തം ഇപ്രകാരമാണ്.

''എല്ലാ മനുഷ്യരും ഒന്നാണ് മനുഷ്യർ തമ്മിലുള്ള വൈജാത്യങ്ങളേക്കാൾ ഏറെയാണ് അവർ തമ്മിലുള്ള യോജിപ്പുകൾ. മനുഷ്യന്റെ ശാരീരിക പ്രത്യേകതകൾക്ക് നിദാനം ഭൂമിശാസ്ത്രപരവും സാംസ്കാരികവുമായ ഒറ്റതിരിഞ്ഞുള്ള ജീവിതമാണ്. ദേശീയവും, മതപരവും ഭാഷാപരവും സാംസ്കാരികവുമായ വിഭജനങ്ങൾക്ക് വംശവുമായി യാതൊരു ബന്ധവുമില്ല. വംശം (Race) എന്നതിനേക്കാൾ ജനവർഗം (Ethnic) എന്ന സംജ്ഞ ഉപയോഗിക്കുന്നതാണ് ഏറെ ശാസ്ത്രീയം. മനുഷ്യ വർഗത്തിന്റെ മുഖ്യ വിഭജനങ്ങൾ മംഗളോയിഡുകൾ (Mangoloid Division) നീഗ്രോയിഡുകൾ (Negroid Division) കാക്കസോയിഡപരമായ കഴിവുകളുടെ അടിസ്ഥാനം വംശീയമല്ല. സാംസ്കാരിക പ്രത്യേകതകൾ ജനിതകപരമല്ല. മനുഷ്യന്റെ വ്യക്തിത്വത്തിനും സ്വഭാവത്തിനും വംശവുമായി ബന്ധമില്ല. ജനവർഗങ്ങളുടെ സങ്കലനത്തിലൂടെ തന്നെയാണ് വംശം രൂപപ്പെട്ടത്. വംശവും വംശത്തെ സംബന്ധിച്ച മിത്തും വ്യത്യസ്തമാണ് എന്നിവയാണ് ആ പ്രഖ്യാപനത്തിന്റെ സാരസംഗ്രഹം.

ഐക്യരാഷ്ട്രസഭയുടെ സുചിന്ത്യങ്ങളായ പ്രഖ്യാപനങ്ങൾ വരുന്നതിന് ആയിരത്തി നാനൂറ് വർഷങ്ങൾക്ക് മുമ്പേ മനുഷ്യവർഗ്ഗത്തെ സംബന്ധിച്ച് ഖുർആൻ മുന്നോട്ടുവച്ച യാഥാർത്ഥ്യങ്ങൾ എത്രമാത്രം ആർജവമുള്ളതും ഹൃദയാവർജകവും നരവംശ ശാസ്ത്രത്തിനു പോലും വഴി കാണിക്കുന്നതുമാണ് എന്ന വസ്തുത നമ്മെ അത്ഭുതപ്പെടുത്തും.

'മനുഷ്യരെ നിങ്ങളെ ഒരേയൊരു സത്തയിൽ നിന്നും സൃഷ്ടിക്കുകയും അതിൽ നിന്ന് അതിന്റെ ഇണയേയും സൃഷ്ടിക്കുകയും അവ രണ്ടിൽ നിന്നുമായി നിരവധി പുരുഷന്മാരെയും സ്ത്രീകളെയും വ്യാപിപ്പിക്കുകയും ചെയ്ത നിങ്ങളുടെ നാഥനെ നിങ്ങൾ സൂക്ഷിച്ചു കൊള്ളുക.'(4:2). നിശ്ചയമായും ഇത് നിങ്ങളുടെ സമുദായമാകുന്നു ഒരേയൊരു സമുദായം (21:94). 'മനുഷ്യരെ നാം നിങ്ങളെ ആണിൽ നിന്നും പെണ്ണിൽ നിന്നുമായി സൃഷ്ടിച്ചിരിക്കുന്നു. നിങ്ങളെ വിവിധ സമുദായങ്ങളും ഗോത്രങ്ങളുമാക്കിയിരിക്കുന്നു. നിങ്ങൾ പരസ്പരം അറിയുന്നതിനുവേണ്ടി' (49:14) 'നിങ്ങളെ അവൻ മണ്ണിൽ നിന്ന് സൃഷ്ടിച്ചു. അപ്പോൾ നിങ്ങളതാ നാം ഭൂമിയിൽ വ്യാപിക്കുന്ന മനുഷ്യരായിത്തീർന്നിരിക്കുന്നു. ഇത് അവന്റെ ദൃഷ്ടാന്തങ്ങളിൽപ്പെട്ടതാണ്. നിങ്ങൾക്ക് നിങ്ങളുടെ വർഗത്തിൽ നിന്ന് തന്നെ അവൻ ഇണകളെ സൃഷ്ടിച്ചത്. നിങ്ങളവരോട് കൂടിചേർന്ന് മനസ്സമാധാനം കൈവരുത്താൻ വേണ്ടി. എന്നിട്ട് നിങ്ങളുടെ ഇടയിൽ അവൻ സ്നേഹവും കാരുണ്യവുമുണ്ടാക്കുകയും ചെയ്തു എന്നതും (അവന്റെ ദൃഷ്ടാന്തങ്ങളിൽപ്പെട്ടതാണ്) ചിന്തിക്കുന്ന ജനങ്ങൾക്ക് അതിൽ പല ദൃഷ്ടാന്തങ്ങളുമുണ്ട്. അവന്റെ ദൃഷ്ടാന്തങ്ങളിൽപ്പെട്ടതാണ്. ആകാശങ്ങളുടെയും ഭൂമിയുടെയും സൃഷ്ടിപ്പും നിങ്ങളുടെ ഭാഷകളുടെയും വർണങ്ങളുടെയും വൈവിധ്യവും തീർച്ചയായും അറിവുള്ളവർക്ക് അതിൽ പല ദൃഷ്ടാന്തങ്ങളുമുണ്ട് (30:21–23).

മനുഷ്യവർഗ്ഗത്തിന്റെ ഏകാത്മകതയെ പറ്റിയും പൊതു ഉല്പത്തിയെ സംബന്ധിച്ചും ഊന്നിപ്പറയുന്ന വി.ഖുർആൻ, ഗോത്രം, സമൂഹം, വർണം, ഭാഷ മുതലായ ഉപദാനങ്ങൾ പ്രകൃതി നിർമ്മിച്ചതും നരവംശശാസ്ത്രപരമായി മനുഷ്യനെ കൂടുതൽ അറിയാനുള്ളതുമാണ് എന്നാണ് പറയുന്നത്. ഇതിൽ ഭാഷ എന്ന ഘടകം വംശീയമായ വർണ വിഭജനങ്ങളെ അതിവർത്തിക്കുകയും ഉദ്ഗ്രഥിക്കുകയും ചെയ്യുന്ന ഒരു ഘടകമായിത്തീരാറുണ്ട്. ഉദാഹരണത്തിന് ഇംഗ്ലീഷ് ഭാഷ സംസാരിക്കുന്ന യൂറോപ്പിലേയും അമേരിക്കയിലേയും ജനവർഗങ്ങളെ ഭാഷാപരമായി ഉദ്ഗ്രഥിക്കാൻ ഇംഗ്ലീഷ് ഭാഷക്കു കഴിഞ്ഞു. അതുപോലെ സഊദി അറേബ്യ ഏഡൻ. ഗൾഫ് രാജ്യങ്ങൾ, ജോർദ്ദാൻ, ഈജിപ്ത്, സുഡാൻ, ലിബിയ ടുണിഷ്യ, മോറോക്കോ, അൾജീരിയ എന്നീ ആഫ്രിക്കൻ രാജ്യങ്ങളിലേയും സിറിയ, ഇറാക്ക്, ലബനോൻ എന്നീ പശ്ചിമേഷ്യൻ രാജ്യങ്ങളിലേയും വിവിധ വംശങ്ങളിൽപ്പെട്ട ജനവർഗങ്ങളെ ഉദ്ഗ്രഥിക്കാൻ അറബി ഭാഷക്ക് സാധിച്ചു. ഇതിൽ പല ജനവർഗങ്ങളും ഇസ്ലാം മതം സ്വീകരിച്ചതിനുശേഷമാണ് അറബി ഭാഷ സ്വായത്തമാക്കിയത്. ഭാഷ ഒരു ആർജിത ഗുണവും വംശാതീതവുമായി ഏതൊരു ജനവർഗത്തിനു സ്വായത്തമാക്കാൻ കഴിയുന്നതുമാണ്. ഭാഷയേയും നിറത്തേയും ഒരുമിച്ച് ദൃഷ്ടാന്തങ്ങളായെണ്ണുന്ന ഖുർആൻ വംശീയ നിർണ്ണയ വാദത്തിന്റെ മിഥ്യയെ തകർക്കുകയാണ് ചെയ്യുന്നത്. ജനവർഗങ്ങളുടെ വംശലക്ഷണങ്ങൾ പ്രകൃതിയിൽ കാണുന്ന വൈവിധ്യങ്ങളുടെ ഭാഗമാണെന്നും അവർ തമ്മിൽ വിവാഹബന്ധത്തിലൂടെ സങ്കലിതമാക്കാമെന്നും ഈ വചനം സൂചിപ്പിക്കുന്നു. മനുഷ്യനെ പുരോഗതിയിലേക്ക് നയിക്കാനും പരസ്പരം ഗ്രഹിക്കാനും ദൈവം നല്കിയ അനുഗ്രഹങ്ങളിലൊന്നാണ് ഗോത്രീയവും വംശപരവുമായ വ്യതിരേകങ്ങളെന്നും മനുഷ്യവർഗത്തിന്റെ ഏകാത്മകതയിലൂന്നിക്കൊണ്ട് നിരവധി തവണ ഖുർആൻ ഈ തത്ത്വം ആവർത്തിക്കു

ന്നുണ്ട്. അത്തരം വംശ വ്യതിരേകങ്ങൾ വിനാകരമായ വംശീയത സൃഷ്ടിക്കാനുള്ളതല്ല എന്നതാണ് ഖുർആന്റെ സന്ദേശം.

### വംശീയതയും കോളോണിയലിസവും

വംശീയവാദം ലോകസമാധാനത്തെ അലോസരപ്പെടുത്തിക്കൊണ്ടിരിക്കുന്ന ഒരു സാമൂഹ്യവിപത്താണ്. പാശ്ചാത്യ രാജ്യങ്ങളുടെ കോളോണിയലിസത്തിന്റെ പ്രത്യയശാസ്ത്രം വംശീയതയായിരുന്നു. തൊലിവെളുപ്പിന്റെ വർണമഹിമയിൽ, ശ്രേഷ്ഠതയും കുലീനതയും തങ്ങൾക്കാണെന്ന വർണ്ണഡംഭിൽ അഹങ്കരിച്ച പാശ്ചാത്യർ കറുത്ത വർഗ്ഗക്കാർ മാനവ സംസ്കൃതിയിലെ പുറമ്പോക്കിലെ നിലയും വിലയുമില്ലാത്ത അടിമ പണ്ടാരങ്ങളാണെന്നാണ് ഗണിച്ചത്. തങ്ങൾ കീഴടക്കിയ കോളനികളിലെ ജനങ്ങൾ അപരിഷ്കൃതരും പ്രാകൃതരുമാണെന്നാണ് അവർ പറഞ്ഞത്. അക്കൂട്ടരെല്ലാം അടിമകളാകാൻ വിധിക്കപ്പെട്ടവരാണെന്ന് കരുതിയ പാശ്ചാത്യർ ബൈബിൾ സൂക്തങ്ങളുദ്ധരിച്ചാണ് ഈ വർണവെറിയുടെ തത്ത്വശാസ്ത്രം പ്രചരിപ്പിച്ചത്. അടിമത്വത്തെ വിധിദത്തമാണെന്ന് സ്ഥാപിക്കുന്ന ബൈബിളിലെ ഉല്പത്തികഥ ഇങ്ങനെയാണ്.

'നോഹിന്റെ മൂന്നു പുത്രന്മാരായിരുന്നു. ശേം, യാഫെത്ത്, ഹാം, മനുഷ്യകുലത്തിന്റെ വംശപിതാക്കളാണ് നോഹിന്റെ ഈ മൂന്നു പുത്രന്മാർ. ശേം സെമിറ്റിക് ജനതയുടെ വംശപിതാവാണ്. യാഫെത്ത്, കറുത്തവരും, സെമിറ്റിക്കല്ലാത്തതുമായ ജനതയുടെ പിതാവ്. ഹാം അടിമകളാക്കപ്പെട്ട കറുത്തവരുടെ വംശപിതാവും, ഹാമിന്റെ മകനായ കനാനാണ് താൻ ചെയ്യാത്ത കുറ്റത്തിന് നോഹയുടെ ശാപമേറ്റ് അധഃസ്ഥിതനും അടിമയുമായിപ്പോയത്. കഥ ഇങ്ങനെയാണ്. നോഹ മുന്തിരി കർഷകനായിരുന്നു. ഒരിക്കൽ മുന്തിരിയിൽ നിന്നെടുത്ത വീഞ്ഞ് സേവിച്ച് നോഹ ലഹരിയിൽ മുങ്ങി. മദ്യലഹരിയിൽ ഉടുത്തുണിയില്ലാതെ കൂടാരത്തിൽ കിടക്കുന്ന പിതാവിനെക്കണ്ട ഹാം വിവരം സഹോദരന്മാരായ ശേമിനോടും, യാഫെതിനോടും പറഞ്ഞു. അപ്പോൾ ഈ രണ്ട് സഹോദരന്മാരും പിതാവിന്റെ നഗ്നതയിലേക്ക് നോക്കാതെ വസ്ത്രവുമായി പിറകോട്ട് നടന്ന് ഒരുവിധം നഗ്നത മറച്ചു. മദ്യലഹരിവിട്ടകന്ന നോഹ ശേമിന്റേയും യാഫെത്തിന്റേയും പ്രവർത്തിയിൽ സംപ്രീതനായി അവരെ അനുഗ്രഹിച്ചു. പിതാവായ നോഹയുടെ നഗ്നതയെപ്പറ്റി സഹോദരന്മാരോടു പറഞ്ഞത് ഹാം ആണെന്നറിഞ്ഞ നോഹ കോപാകുലനായിക്കൊണ്ടു ഹാമിന്റെ ചെറുമകൻ കനാനെ ശപിച്ചു. 'ഹാമിന്റെ മകൻ കനാൻ ശേമിന്റെ അടിമയാകട്ടെ' എന്നായിരുന്നു ശാപം. പിതാവ് ചെയ്ത കുറ്റത്തിന് മകനെ ശിക്ഷിക്കുകയായിരുന്നു നോഹ. കനാന്റെ വംശപരമ്പരയാണ് കനാൻ ദേശത്ത് വസിച്ചിരുന്നത് ഇസ്രയേൽ ജനത കനാൻ ദേശത്ത് വരുമ്പോൾ കനാന്റെ വംശപരമ്പരയിൽ പെട്ടവരായിരുന്നു അവിടെ വസിച്ചിരുന്നത്. കന്യാന്യരോടുള്ള വെറുപ്പും പുഛവും ബൈബിൾ വിവരണങ്ങളിൽ കാണാം. അങ്ങനെ ശേമിന്റെയും യാഫെത്തിന്റെയും വംശങ്ങൾക്ക് അടിമവേല ചെയ്യാൻ ദൈവം തന്നെ വിധിച്ച ഒരു വംശം പിറക്കുകയാണുണ്ടായത്.

വെള്ളക്കാരനല്ലാത്ത കറുത്തവരെ കൊന്നൊടുക്കുവാനും കറുമ്പമാരുടെ ഭൂമി കയ്യേറി കോളനി സ്ഥാപിക്കാനും വർണ്ണമഹിമയുടെ ബൈബിൾ കഥയാണ് അവർക്ക് പ്രചോദനമായി വർത്തിച്ചത്. മതപരമായ സാധൂകരണമുള്ളത് കൊണ്ട് അടിമത്വത്തിനും വർണ വെറിക്കും വർണ വിവേചനത്തിനുമെതിരെ ആത്മീയവും പ്രതിരോധവും രോഷവും മനസ്സാക്ഷിക്കുത്തും മതപരമായി അവരിൽ ഉളവായിയില്ല. കാറൽമാർക്സ് പറഞ്ഞ മയക്കുന്ന മതത്തെ ഇവിടെ കാണാം.

മധ്യകാല നൂറ്റാണ്ടുകളിൽ മുസ്ലിം പ്രതാപം ലോകത്തിന്റെ ഉച്ചിയിൽ എത്തിയിട്ടും മുസ്ലിംകൾ എവിടെയും കോളനി സ്ഥാപിക്കുകയുണ്ടായില്ല. സ്പെയിൻ മുതൽ ചൈന വരെയുള്ള വിവിധങ്ങളായ ജനവർഗങ്ങളെ ഒരു മതസമൂഹം എന്ന നിലയിൽ നൂറ്റാണ്ടുകളോളം ഉദ്ഗ്രഥിച്ചു നിർത്തുവാൻ ഇസ്ലാം മതത്തിനു സാധിച്ചു. തുർക്കി ഖിലാഫത്തിന്റെ പതനത്തിനുശേഷമാണ് സാമ്രാജ്യത്വശക്തികൾ 'പാൻ അറബിസം' എന്ന വംശീയ ഇസ്ലാമിനെ അറബികൾക്കിടയിൽ പ്രചരിപ്പിച്ചത്. ഇസ്ലാം തുടക്കം കുറിച്ച ജനവർഗങ്ങളുടെ ഉദ്ഗ്രഥന ദൗത്യം ഇന്ന് ആഗോളതലത്തിൽ അഹ്മദിയ്യാ മുസ്ലിം ജമാഅത്തിലൂടെയാണ് നടക്കുന്നത് എന്നത് ഒരു യാഥാർത്ഥ്യമാണ്.

### ഖുർആന്റെ ചരിത്രരചനാ രീതി വംശീയതക്ക് എതിര്

ദേശീയതയേയോ വംശീയതയേയോ ആവേശം കൊള്ളിക്കുകയോ അരക്കിട്ടുറപ്പിക്കുകയോ ചെയ്യുന്ന രീതിയിലുള്ള ഒരു ചരിത്രരചനയല്ല ഖുർആൻ വരച്ചു കാട്ടുന്നത്. ദേശീയ രാഷ്ട്രങ്ങൾക്ക് പാദസേവ ചെയ്യാൻ രചിക്കുന്ന അക്കാഡമിക് ചരിത്രത്തിന്റെ പ്രാമാണികമായ ഒരു സവിശേഷതയും ഖുർആൻ പാലിച്ചിട്ടില്ല. ചരിത്രങ്ങളിലുള്ളതു പോലുള്ള അനുസ്യൂതത (Continuity) കാലാനുക്രമം (Cronological order) ചരിത്രഭൂമിശാസ്ത്രം (Historical Geography) മുതലായ അക്കാഡമിക് ചരിത്രത്തിന്റെ ജാമിതീയ പരികല്പനകൾ മിക്കവാറും ഖുർആന്റെ ചരിത്ര വിവരണത്തിൽ കാണുകയില്ല. ഖുർആനിക ചരിത്രത്തിന്റെ ഈ അരേഖിയത (Nonlinearity) വംശീയതയുടെയും ദേശീയതയു

ടെയും വേരറുക്കുന്നു. മനുഷ്യന്റെ ധാർമ്മികവും ആദ്ധ്യാത്മികവുമായ വളർച്ച ലക്ഷ്യം വെച്ചുകൊണ്ടുള്ള അദ്ധ്യാപനങ്ങളെ പ്രമേയമാക്കിയാണ് ഖുർആൻ ചരിത്ര വൃത്താന്തങ്ങൾ വിവരിക്കുന്നത്. വംശീയത വളർത്തുന്നതോ രാഷ്ട്ര നിർമ്മാണത്തിനു വേണ്ടിയുള്ള ചരിത്രമല്ല ഖുർആൻ വിവരിക്കുന്നത്. ഐഹിക ലോകത്ത് ഗുണങ്ങൾ പ്രതിഫലിക്കുന്നതും പാരത്രിക ലോകം ലക്ഷ്യം വച്ചുകൊണ്ടുള്ളതുമായ ചരിത്ര വിവരണങ്ങളാണ് അത് നൽകുന്നത്. വി.ഖുർആൻ പറയുന്നു.

'എന്നാൽ ഇക്കൂട്ടർ ഭൂമിയിൽ സഞ്ചരിച്ചിട്ടില്ലേ? എങ്കിൽ അവർക്ക് മുമ്പുണ്ടായിരുന്നവരുടെ പര്യവസാനം എങ്ങനെയായിരുന്നുവെന്ന് അവർക്ക് നോക്കിക്കാണാമായിരുന്നു. സൂക്ഷ്മത കൈക്കൊള്ളുന്നവർക്ക് പാരത്രിക ഭവനം ഏറ്റവും ഗുണകരമാണ്. എന്നിട്ടു നിങ്ങൾ ചിന്തിച്ചു മനസ്സിലാക്കുന്നില്ലേ? ......... അവരുടെ ചരിത്ര വിവരണത്തിൽ ബുദ്ധിമാന്മാർക്ക് വലിയ പാഠമാണ്. ഇത് കെട്ടിചമച്ച ഒരു വാർത്തയല്ല. നേരെ മറിച്ച് ഇതിനു മുമ്പുള്ള പ്രവചനങ്ങളുടെ സാക്ഷാത്കാരവും എല്ലാ കാര്യങ്ങളുടെ വിശദീകരണവും സത്യവിശ്വാസികൾക്ക് ഒരു മാർഗദർശനവും ഒരു കാരുണ്യവുമാണ്. (12:111-112).

### ഖുർആൻ: വംശീയഡംഭിനെതിരെ

വംശീയ ഗർവ്വും, ദൈവത്തിന്റെ ഇഷ്ടജനമാണ് തങ്ങളെന്ന മതവിശ്വാസികളുടെ അവകാശവാദങ്ങളെയും വി. ഖുർആൻ ഭർത്സിക്കുന്നു. യഹൂദികളും ക്രിസ്ത്യാനികളും ഈ വാദമുയർത്തിയപ്പോൾ, അല്ല; നിങ്ങൾ വൈവിധ്യപൂർണമായ മനുഷ്യസമുദായത്തിലെ അംഗങ്ങൾ മാത്രമാണ് എന്ന് പറഞ്ഞുകൊണ്ട് ആ അവകാശവാദത്തിനെതിരെ ഖുർആൻ ശക്തമായി പ്രതികരിക്കുന്നുണ്ട്. കാണിക.

'ഞങ്ങൾ അല്ലാഹുവിന്റെ സന്തതികളും ഇഷ്ടജനങ്ങളുമാണ്' എന്ന് യഹൂദികളും ക്രിസ്ത്യാനികളും പറയുന്നു. പറയുക അങ്ങനെയാണെങ്കിൽ നിങ്ങളുടെ തെറ്റുകൾ നിമിത്തം അവൻ നിങ്ങളെ ശിക്ഷിക്കുന്നതെന്ത്കൊണ്ട് മറിച്ച് അവൻ സൃഷ്ടിച്ചരിൽപ്പെട്ട മനുഷ്യർ മാത്രമാണ് നിങ്ങൾ' (5:19).

### ബൈബിൾ ചരിത്രരചനയുടെ ദൂഷ്യങ്ങൾ

ദൈവത്തിന്റെ തിരഞ്ഞെടുക്കപ്പെട്ട ജനമാണ് യഹൂദികൾ എന്നാണ് ബൈബിൾ സങ്കല്പം. യഹൂദികളെ ബൈബിളിൽ 'അം' (Laos Theon - ദൈവജനം) എന്നും മറ്റുള്ളവരെ ലോജ് പുറംജാതി എന്നുമാണ് വിശേഷിപ്പിച്ചിരിക്കുന്നത്.

രാഷ്ട്രനിർമാണത്തിന് വേണ്ടിയുള്ള ചരിത്രരചനയുടെ രീതിയിലാണ് ബൈബിൾ ചരിത്രം വിവരിക്കുന്നത്. കാലാനുക്രമം പുരോഗമിക്കുന്ന ഭൂദേശീയതയിലധിഷ്ഠിതമായ ബൈബിളിന്റെ ചരിത്ര വിവരണത്തിന്റെ ഭയാനകമായ ഫലങ്ങൾ നാലായിരം വർഷം കഴിഞ്ഞിട്ടും ലോകം ഇന്നും അനുഭവിക്കുകയാണ് എന്ന പരമാർത്ഥം നാമറിയുവാൻ വിശുദ്ധ ഖുർആൻ ഇത്തരം വിഷയങ്ങളിൽ കാണിച്ച് ദൈവികമായ സൂക്ഷ്മതയും അവധാനതയും നമ്മെ വിസ്മയം കൊള്ളിക്കുന്നു. ഇന്നത്തെ പശ്ചിമേഷ്യയിലെ ഇസ്രയേൽ ഫലസ്തീൻ സംഘർഷങ്ങളുടെ അടിവേരുകൾ ബൈബിളിന്റെ ചരിത്രവിവരണം കൊണ്ടുണ്ടായ ദൂഷ്യഫലങ്ങളാണ്.

ദൈവത്തിന്റെ സ്വന്തം ജനത്തിന് ബൈബിളിലെ ദൈവം തീറെഴുതിക്കൊടുത്ത ഭൂമിയാണ് പോലും ഫലസ്തീൻ. ബൈബിൾ വിവരണം കാണുക: 'അന്ന് യഹോവ അബ്രഹാമിനോട് ഒരു നിയമം ചെയ്തു നിന്റെ സന്തതിക്ക് ഞാൻ മിസ്രയിം നദി (നൈൽ നദി) മുതൽ ഫ്രാത്ത് നദി (യൂഫ്രട്ടീസ്) യായ മഹാനദി വരെയുള്ള ഈ ദേശത്തെ കേന്യർ കെനിസ്വൽ, കദോന്യർ, ഹിത്യർ, പെരിസ്യർ, രെഫായീമ്യർ, അമോയ്യർ, കനാന്യർ, ഗിർഗ്ഗശ്യർ, യെബൂസ്യർ എന്നിവരുടെ ദേശത്തെ തന്നെ തന്നിരിക്കുന്നു എന്നു അരുളിച്ചെയ്തു (ഉല്പത്തി, 15:18-21). അതായത് മറ്റ് പുറം ജാതിക്കാർ താമസിച്ചുകൊണ്ടിരിക്കെ അവരറിയാതെ തന്നെ ദൈവം തന്റെ ഇഷ്ടജനത്തിന് ഫലസ്തീൻ ഭൂമി ദാനം ചെയ്തു കളഞ്ഞു. ദൈവത്തിന്റെ തന്നെ രണ്ടാം തരം സൃഷ്ടികളായ മനുഷ്യ മക്കളുടെ കൂടികിടപ്പുപോലും ദൈവം വകവെച്ചു കൊടുത്തില്ല. ദൈവം സ്വന്തം ജനതയോട് കാട്ടിയ പക്ഷപാതിത്വം മൂലം ഇഷ്ടജനമായ ഇസ്രയേലികൾക്ക് ബൈബിളിൽ എഴുതിക്കൊടുത്ത ഈ ദാനപത്രത്തിന്റെ അവകാശവാദം ഉന്നയിച്ചാണ് നാലായിരം വർഷങ്ങൾക്ക് ശേഷം അവിടത്തെ കുടിപാർപ്പുകാരായ അമ്പത് ലക്ഷം ഫലസ്തീനികളെ കുടിയിറക്കി വിട്ടും പതിനായിരങ്ങളെ കൊന്നൊടുക്കിയും ഇസ്രയേൽ ഭീകര ഭരണം നടത്തുന്നത്. ദേശത്തിന്റെ അതിരുപോലും നിർണയിച്ച് ദൈവം യഹൂദർക്ക് നല്കിയ ഭൂമിയാണ് സിയോണിസ്റ്റുകൾ ദാവീദിന്റെ സാമ്രാജ്യത്തിന്റെ അതിരുകളായി കണക്കാക്കുന്നത്. ഇപ്പോഴത്തെ ഇസ്രയേൽ ആ പ്രവിശാലമായ ഭൂപ്രദേശത്തെ ഒരു ചെറുദേശം മാത്രമാണ്. കിഴക്കൻ ഈജിപ്റ്റ്, ജോർദ്ദാൻ, സൗദി അറേബ്യ സിറിയ, ഇറാക്ക് എന്നീ രാജ്യങ്ങളിലേക്കുവരെ യഹോവയുടെ വാഗ്ദാനഭൂമി വ്യാപിപ്പിക്കാം. അവിടെയുള്ള കോടിക്കണക്കിന് മനുഷ്യമക്കളെ ആട്ടിപായിച്ച് ലോക ജനസംഖ്യയിൽ അല്പം വരുന്ന ഇസ്രയേലികൾക്ക് കൈയ്യടക്കാം. വാസ്തവത്തിൽ ബൈബിളിൽ യഹോവ പതിച്ചു നൽകിയ ഭൂമിയെ പറ്റിയുള്ള അവകാശ ബോധത്തിന്റെ ബലത്തിലാണ് പശ്ചിമേഷ്യയിൽ മുഴുവൻ അധിനിവേശ ഭീഷണി മുഴക്കി ഇസ്രയേൽ വിരാചിക്കുന്നത്.

## ജാതീയത

അതുപോലെ മനുഷ്യമക്കളോടുള്ള കടുത്ത വിവേചനമാണ് ഹിന്ദുമത സമൂഹത്തിലെ ജാതീയത. തീർച്ചയായും ലോകാ സാമസ്തോ സുഖിനോ ഭവന്തു എന്ന മഹത്തായ ദർശനം ലോകത്തിന്ന് സമർപ്പിച്ച പരിശുദ്ധ ഹിന്ദുമതത്തിൽ പിന്നീട് കയറികൂടിയ തിന്മയാണ് ജാതീയത. ജന്മജാതമായി ലഭ്യമായതും മാറാൻ കഴിയാത്തതുമാണ് ജാതി വ്യവസ്ഥ. ഇതിന് വംശീയ വർഗീകരണവുമായി (Racial Stratification) സാമ്യതയുണ്ട്. സൈന്ധവ സംസ്കാരത്തിന്റെ തകർച്ചക്കുശേഷം വൈദിക കാലത്ത് ഉടലെടുത്തതാണ് ജാതി വ്യവസ്ഥ. വൈദിക ആര്യന്മാരുടെ അധിനിവേശാനന്തരം ഇന്ത്യയിൽ നിലവിൽ വന്ന വർണ വ്യവസ്ഥ യൂറോപ്യന്മാരുടെ വർണ വ്യവസ്ഥയേക്കാൾ യാഥാസ്ഥികവും ആചാരബദ്ധവും അഗാധമായി സമൂഹത്തിൽ വേരുകളുള്ളതാണ്. അത്ഭുതകരമെന്ന് പറയട്ടെ മറ്റെങ്ങും കാണാത്തവിധം അത് ആയിരക്കണക്കിന് വർഷങ്ങളായി ഇന്നും തുടരുന്നു. തൊഴിൽ തിരഞ്ഞെടുക്കുക എന്ന അർത്ഥമുള്ള ‘വ്യ’ എന്ന് ധാതുവിൽ നിന്നാണ് വർണം നിഷ്പന്നമായത് എന്ന് പറയപ്പെടുന്നു. എന്ത് തന്നെയായാലും മനുസ്മൃതികാലഘട്ടത്തിൽ അത് നാലായി (ചാതുർവർണ്യം) തിരിച്ചു ജന്മ ജാതവും മതപരവുമായ ജാതി വ്യവസ്ഥയായി.

ബൗദ്ധ പ്രഭാവത്തിൽ കഴിഞ്ഞിരുന്ന പ്രാചീന കേരളത്തിലേക്ക് ആര്യൻ പ്രതിനിധികളായ നമ്പൂതിരിമാരുടെ അധിനിവേശ ശേഷമാണ് അയിത്താചരണത്തിലൂടെ ഈ ഹീന വ്യവസ്ഥ ഇവിടെ അരക്കിട്ടുറപ്പിച്ചത്. സ്വാമി വിവേകാനന്ദൻ ഭ്രാന്താലയം എന്ന് വിശേഷിപ്പിച്ച നമ്മുടെ കേരളമായിരുന്നു ഇന്ത്യയിലെ ജാതി വ്യവസ്ഥയുടെ ഏറ്റവും ഭീകരമായ രംഗവേദി. മനുസ്മൃതിയിലെ ജാതിവ്യവസ്ഥയിലെ ജാതി നാലാണെങ്കിൽ കേരളത്തിൽ അത് അറുപത്തിനാലാണ്. ആകെയുള്ള 64 ജാതികളിൽ 54 ഉം നമ്പൂതിരിമാർക്ക് തീണ്ടുകുളി ആവശ്യമായ അയിത്ത വിഭാഗക്കാരാണ്. ഉന്നത ജാതിക്കാരിൽ നിന്നും തീണ്ടാപാടകലം സൂക്ഷിക്കേണ്ട കീഴ്ജാതികൾ തമ്മിലും അയിത്തം കർശനമായി പാലിച്ചു. വിഭജനമിങ്ങനെയായിരുന്നു. നമ്പൂതിരി ഇല്ലങ്ങളിലും, കോവിലകങ്ങളിലും, ക്ഷേത്രങ്ങളിലും. ഭൃത്യ ജോലിയും സായുധ സേവനവുമായിരുന്നു നായന്മാർക്കു വിധിച്ചത്. ഈഴവരിൽ വലിയൊരു വിഭാഗവും നായർ തറവാടുകളിലെ ഊഴിയം അടിമകളായിരുന്നു. തെങ്ങിന്റെ കൃഷി പരിചരണവും, കയറ്റവും അത് സംബന്ധമായ ജോലികളുമായിരുന്നു അവർക്ക് വിധിച്ചത്. അധഃകൃതവർഗക്കാർക്ക് കൃഷിപ്പണിയായിരുന്നു കുലത്തൊഴിൽ. ഇവർ ചണ്ഡാളരും അടിമകളുമായിരുന്നു. അബദ്ധത്തിൽ ഒറു അടിമ ഉന്നത കുലജാതയായ സ്ത്രീയെ സ്പർശിച്ചാൽ കൊലശിക്ഷ വരെ നല്കാൻ നിയമമുണ്ടായിരുന്നു. ധാർമികതയുടെയും മനുഷ്യത്വത്തിന്റെയും ഉന്നതമായ അദ്ധ്യാപനങ്ങൾ നൽകിയ മഹത്തായ ഹിന്ദുമതത്തിലെ ധീരന്മാരായ മനുഷ്യസ്നേഹികൾ തന്നെ ഹിന്ദുമതത്തെ ഗ്രസിച്ച ഈ ജാതി പിശാചിനെതിരെ പോരാടി. കേരളത്തിലെ ഹിന്ദു പൊതുസമൂഹത്തിൽ ജാതി വ്യവസ്ഥയുടെ ഭാഗമായി നില നിന്നിരുന്ന അയിത്തവും അസ്പൃശ്യതയും ഏറെക്കുറേ ഇല്ലാതായി. പക്ഷേ വൈവാഹിക ബന്ധങ്ങളിലും മതരംഗത്തും ജാതീയത അഭംഗുരം തുടരുന്നു.

## ഉപസംഹാരം

കാരുണ്യവാനായ ദൈവം സൃഷ്ടിച്ച മനുഷ്യരിൽ വംശീയതയും, വിഭാഗീയതയുമില്ല. ഖുർആൻ പറഞ്ഞതുപോലെ വൈവിധ്യങ്ങൾ പരസ്പരം അറിയാനും വർണശബളിമ കൂട്ടാനും ജ്ഞാനം ഉല്പാദിപ്പിക്കാനും വേണ്ടിമാത്രമാണ്. ഒരു വിശ്വാമാനവ സംസ്കൃതി രൂപപ്പെടുത്താനാവശ്യമായ ദൈവിക അദ്ധ്യാപനങ്ങൾ ഹിന്ദു, ക്രിസ്ത്യൻ, ജൂത, ബുദ്ധ, ഇസ്‌ലാം തുടങ്ങി എല്ലാ മതങ്ങളും ഉൾക്കൊള്ളുന്നുണ്ട് എന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. ആ വിശുദ്ധ പാഠങ്ങൾ മറച്ചുവെച്ചും മറികടന്നും അന്യഥാവ്യാഖ്യാനിച്ചും കൂട്ടിച്ചേർത്തും മനുഷ്യനാണ് വംശീയതയും വിഭാഗീയതയും വർഗ്ഗീയതയും സൃഷ്ടിച്ചത്. ഏതായാലും അനന്തമായ മനുഷ്യവൈവിധ്യങ്ങളെ രമ്യമനോഹരമായി കോർത്തിണക്കാനുള്ള സ്വർണ്ണ നൂൽ സമ്മാനിച്ച മതമാണ് ഇസ്‌ലാം വിശുദ്ധ ഖുർആൻ ഈ സന്ദേശത്തെ ശക്തമായ വചനങ്ങളിലൂടെ അരക്കിട്ടുറപ്പിക്കുന്നു.

വാഗ്ദത്ത് മസീഹ് ഹദ്റത്ത് അഹ്മദ്ﷺന്റെ വാക്കുകളിൽ ഈ ലേഖനം ഉപസംഹരിക്കട്ടെ. ‘അല്ലാഹുവിന്റെ സത്തയിൽ ഏകത്വം ഉള്ളത് പോലെ, ശാശ്വതമായ ദൈവിക ദാസ്യത്തിനുവേണ്ടി സൃഷ്ടിക്കപ്പെട്ട മനുഷ്യസമുദായത്തിനും ഏകത്വം തന്നെയാണ് അവൻ വിധിച്ചിരിക്കുന്നത്. വംശവർദ്ധനവ് കാരണം മനുഷ്യസമുദായത്തിൽ രൂപപ്പെട്ടിട്ടുള്ള വൈവിധ്യങ്ങൾ തന്നെയും പൂർണമായ മനുഷ്യ ഐക്യത്തിനുവേണ്ടിയുള്ള മുന്നൊരുക്കമായിരുന്നു. ആദ്യം മനുഷ്യസമുദായത്തിൽ ഏകതയുടെ വിഭിന്നശാഖകൾ സ്ഥാപിച്ചുകൊണ്ട് പിന്നീട് പൂർണമായ ഐക്യവൃത്തത്തിൽ ഏകോപിപ്പിക്കുവാനാണ് ദൈവം ഇച്ഛിക്കുന്നത്. ആകയാൽ ദൈവം സമുദായങ്ങളുടെ വ്യത്യസ്ത ശാഖകൾ ഏർപ്പെടുത്തുകയും ഓരോ സമുദായത്തിലും ഓരോ ഏകത സൃഷ്ടിക്കുകയും ചെയ്തു. സമുദായങ്ങൾ പരസ്പരം ബന്ധപ്പെടുന്നതിന് താമസം സംഭവിക്കാതിരിക്കുകയും വേണമെന്നതാണ് ഇതിന്റെ രഹസ്യം’. (ചശ്മെ മഅ്രിഫ പേ. 137).

www.mta.tv

# ഇസ്ലാം ജനാധിപത്യ ഭരണം ഖിലാഫത്ത്

ലണ്ടനിൽ നിന്നും പ്രസിദ്ധീകരിക്കുന്ന ലോകപ്രശസ്തമായ ' ദ ഇക്ണോമിസ്റ്റ് (The Economist)' എന്ന മാഗസിനിൽ ഇസ്ലാമിനെതിരെ വന്ന ലേഖനത്തോടുള്ള പ്രതികരണം

**നഖാഷ് അഹ്മദ് & ഷഹ്സാദ് അഹ്മദ്. യു. കെ**

ഇസ്ലാമിന്ന് ഉദാര ജനാധിപത്യവുമായി ചേർന്നു പോകാനാവുമോ? ഒരു ജനാധിപത്യ രാഷ്ട്രീയ ഭരണകൂടം നടത്തിക്കൊണ്ടു പോകാൻ ശരീഅത്ത് നിയമങ്ങൾ ഭരണ നിയമങ്ങളായി മാറ്റാൻ പറ്റുമോ? ഈ അടുത്ത കാലത്ത് ഈ ചോദ്യങ്ങൾ ശക്തമായ തോതിൽ ഉന്നയിക്കപ്പെട്ടുകൊണ്ടിരിക്കുന്നു. പാശ്ചാത്യ ദേശങ്ങളിലുള്ള ജനങ്ങൾ അത്ഭുതപ്പെടുന്നത് മുസ്ലിംകൾക്ക് സഹിഷ്ണുത പുലർത്താനും ഒരു ബഹു സ്വരസമൂഹത്തിൽ ജീവിക്കാനും സാധിക്കുമോ എന്നാണ്. എല്ലാ വിശ്വാസങ്ങളും സ്വാഗതം ചെയ്യപ്പെടുന്ന ഒരു സമൂഹവുമായി സമാധാനപരമായ സഹവർത്തിത്വത്തിൽ കഴിയാൻ ഇസ്ലാം മുസ്ലിംകളെ അനുവദിക്കുമോ? Dreaming of a Caliphate' എന്ന പേരിൽ The Economist. 12 സെപ്തംബർ 2011 പ്രസിദ്ധീകരിച്ച 'ഇക്കണോമിസ്റ്റി' ൽ ലേഖകൻ അഭിപ്രായപ്പെടുന്നത് 'പൂർണ വികസിതമായ ഉദാര ജനാധിപത്യവുമായി (Full-blown Liberal Democracy) അനുരഞ്ജനത്തിൽ വർത്തിക്കാൻ ഇസ്ലാമിന്ന് പ്രയാസകരമാണ് എന്നതിനെ പറ്റി എന്തെങ്കിലും വാദിക്കുക എന്നത് ഒരു ഫാഷനായി തീർന്നിരിക്കുന്നു.' എന്നാണ്. മറ്റു വാക്കുകളിൽ പറഞ്ഞാൽ കുടുതൽ കൂടുതൽ ആളുകൾ വിശ്വസിച്ചു വരുന്നത് ഇസ്ലാമിന് അതായത് മുസ്ലിംകൾക്ക് സെക്കുലർ അവകാശങ്ങളെയും, സ്വാതന്ത്ര്യത്തെയും, ജനാധിപത്യത്തെയും ബഹുസ്വരതയെയും പിന്തുണക്കാൻ സാദ്ധ്യമല്ല എന്നാണ്.

ഇത് ഉത്തരം നല്കപ്പെടേണ്ട ഇസ്ലാമിനെതിരെയുള്ള ഗുരുതരമായ ഒരാരോപണമാണ്. ഇക്കണോമിസ്റ്റിലെ കുറിപ്പുകൾ പ്ര




കാരം ഇസ്ലാം സന്ദേഹികൾ (Islamosceptics) ഉന്നയിക്കുന്ന ഒരു ആരോപണം ഇങ്ങിനെയാണ്. മുസ്ലിംകൾ പുനരുജ്ജീവിപ്പിക്കാനാഗ്രഹിക്കുന്ന ഖിലാഫത്ത്(Caliphate) നിശ്ചയമായും രാഷ്ട്രീയ പശ്ചാത്തലമുള്ളതാണ്. ഒരു ആദർശ ഭരണ മാതൃക എന്ന നിലക്ക് ഇസ്ലാമിക ലോകത്ത് ആകെ സ്വാധീനമുള്ള മതരാഷ്ട്രീയ അധികാരത്തിന്റെ ഇരിപ്പിടമായാണ് മുസ്ലിംങ്ങൾ കാലിഫേറ്റിനെ അഥവാ ഖിലാഫത്തിനെ കാണുന്നത്. അങ്ങിനെയാണെങ്കിൽ മതനിരപേക്ഷമായ ജനകീയ ഭരണകൂടത്തെ ഒരു നീക്ക്പോക്ക് എന്ന നിലയിലായിരിക്കും മുസ്ലിംകൾ എപ്പോഴും കണക്കാക്കുക. അവർക്കുള്ള മറ്റൊരു ആശങ്ക, ഇസ്ലാമിലെ ശിക്ഷാ നിയമത്തെ പറ്റിയും കുടുംബ നിയമത്തെക്കുറിച്ചാണ്. അവ സ്ത്രീപുരുഷ സമത്വത്തിന്റെ ലിബറൽ ആശയങ്ങളുമായി പൊരുത്തപെട്ടുപോകുമോ?. അപ്രകാരം അമുസ്ലിംകളിൽ ശരീഅത്ത് നിയമങ്ങൾ അടിച്ചേൽപ്പിക്കപ്പെടുമോ എന്നുമാണ്.

ഇസ്ലാമിനെ സംബന്ധിച്ചുള്ള ഇത്തരം സങ്കൽപ്പങ്ങളിൽ ചില സംശയങ്ങൾ അന്തർഭവിച്ചിട്ടുണ്ട്. അതിൽ ആദ്യത്തേത് ഖിലാഫത്തിന്റെ സ്വഭാവമെന്തായിരിക്കും എന്നതിനെക്കുറിച്ചാണ് അത് രാഷ്ട്രീയമാണോ? അതോ ആത്മീയമാണോ? മത നിരപേക്ഷമായി തെരഞ്ഞടുക്കപെട്ട ഒരു ഗവർമെൺമെന്റിനെ അധികാരത്തെ സംബന്ധിച്ച് എന്താണ് ഇസ്ലാമിന്ന് പറയാനുള്ളത്? സമത്വത്തിന്റെ ഉദാര വീക്ഷണങ്ങളുമായി എങ്ങനെ ഇസ്ലാമിലെ കുടുംബ നിയമവും ക്രിമിനൽ നിയമവും പൊരുത്തപെടുന്നു. ഈ ചോദ്യങ്ങൾക്കെല്ലാം ഖുർആന്റെയും ഹദീസിന്റെയും പരിശുദ്ധ പ്രവാചകന്റെ മാതൃകയുടെയും അടിസ്ഥാനത്തിൽ സൂക്ഷ്മമായ പഠനം നടത്തി ഉത്തരം കണ്ടെത്തേണ്ടിയിരിക്കുന്നു. യഥാർത്ഥത്തിൽ ഖിലാഫത്ത് ഒരു ആത്മീയ സ്ഥാപനമാണ്. രാഷ്ട്രീയ സ്ഥാപനമല്ല. ഒരു ജനകീയ പരമാധികാര ഭരണകൂടത്തെ ഇസ്ലാം നിരോധിക്കാതിരിക്കുന്നു എന്ന് മാത്രമല്ല, വാസ്തവത്തിൽ അതിനെ അംഗീകരിക്കുകയും ചെയ്യുന്നു. അതുപോലെ ഒരാളുടെ മതം, അത് വിശ്വസിക്കാത്ത മറ്റൊരാളിൽ അടിച്ചേൽപ്പിക്കുന്നതിനെ ഇ


സ്‌ലാം നിരോധിക്കുകയും ചെയ്യുന്നു.

### ഖിലാഫത്ത്: രാഷട്രീയമോ? ആത്മീയമോ?

ഏറ്റവും സുപ്രധാനമായ ചോദ്യം ഖിലാഫത്തിന്റെ യഥാർത്ഥ സ്വഭാവത്തെക്കുറിച്ചുള്ളതാണ്. പല മുസ്‌ലിംകളും അത് പോലെ അമുസ്‌ലിംകളും കരുതുന്നത് ഖിലാഫത്ത് എന്നത് കേവലം ഒരു ആത്മീയ സ്ഥാപനമല്ല മറിച്ച അത് ഒരു രാഷ്ട്രീയ സ്ഥാപനമാണെന്നാണ്. എന്തുതന്നെയായാലും ഇത് ഖിലാഫത്തിനെ സംബന്ധിച്ചുള്ള ഒരു തെറ്റിദ്ധാരണയാണ്. ഇസ്‌ലാമിക ഖിലാഫത്തിനെ യഥാർത്ഥ അർത്ഥവും പ്രസക്തിയും എന്താണെന്നതിനെ പറ്റിയുള്ള അറിവില്ലായ്മയിൽ നിന്നും ഉരുവം കൊണ്ടതാണ് ആരാണ് ഖലീഫ?. അറബിയിൽ 'ഖലീഫ' എന്ന പദത്തിന്ന് പിൻഗാമി, പ്രതിനിധി, നിയുക്തൻ എന്നൊക്കെയാണ് അർത്ഥം. മറ്റൊരർത്ഥത്തിൽ ഒരു പ്രവാചകന്റെ ദൗത്യ പൂർത്തീകരണത്തിന്ന് അദ്ദേഹത്തിന്റെ വിയോഗത്തെ തുടർന്ന് ദൈവത്താൽ നിയോഗിക്കപ്പെടുന്ന പ്രതിനിധി എന്നാണ്. ഈയൊരർത്ഥ കൽപ്പന ഇസ്‌ലാമിക ഖിലാഫത്തിന്ന് വേണ്ടി ശ്രമിക്കുന്ന ലോകത്തിലെ മിക്ക മുസ്‌ലിം സംഘടനകളുടെയും ശ്രമങ്ങളെ വൃഥാവിലാക്കിക്കളയുന്നു

അടുത്ത ചോദ്യം, എന്താണ് ഖിലാഫത്തിന്റെ ദൗത്യം? എന്നാണ്. അത് രാഷ്ട്രീയമാണോ? അല്ലെങ്കിൽ ആത്മീയമാണോ? ദൈവത്തിന്റെ പ്രവാചകന്മാർ ദേശങ്ങൾ പിടിച്ചടുക്കാനോ ദേശാതിർത്തികൾ വികസിപ്പിക്കാനോ ഭരണകൂടം സ്ഥാപിക്കാനോ അല്ല വരുന്നത്. പകരം അവ ഏക ദൈവാരാധന സ്ഥാപിക്കാനും ജനങ്ങളെ ആത്മീയവും ധാർമികവുമായി ജാഗ്രതപ്പെടുത്താനുമാണ് വരുന്നത്. വിശുദ്ധ ഖുർആൻ വളരെ വ്യക്തമായി പ്രവാചക നിയോഗത്തിന്റെ ലക്ഷ്യം വിശദീകരിക്കുന്നു: 'നിങ്ങൾക്ക് നമ്മുടെ സൂക്തങ്ങൾ ഓതിക്കേൾപ്പിക്കുകയും നിങ്ങളെ സംസ്ക്കരിക്കുകയും നിങ്ങൾക്ക് ഗ്രന്ഥവും ജ്ഞാനവും പഠിപ്പിച്ചു തരികയും നിങ്ങൾ മുമ്പ് അറിഞ്ഞിട്ടില്ലാത്ത കാര്യങ്ങൾ നിങ്ങളെ അറിയിക്കുകയും ചെയ്യുന്ന നിങ്ങളിൽ നിന്നുള്ള ഒരു ദൂതനെ നിങ്ങളിൽ നിയോഗിച്ചത് പോലെ' (2:152)

പ്രവാചകന്മാരുടെയും അപ്രകാരം അവരുടെ ഖലീഫമാരുടേയും ദൗത്യം ദൈവത്തിന്റെ ദൃഷ്ടാന്തങ്ങൾ വിവരിക്കുകയും ജനങ്ങളെ ശുദ്ധീകരിക്കുകയും സംസ്ക്കരിക്കുകയും മതത്തെക്കുറിച്ച് അവരെ പഠിപ്പിക്കുകയും ചെയ്യുക എന്നതാണ്. അവരിൽ വിവേകം ഉണ്ടാക്കുക വഴി അവരുടെ ധാർമിക നിലവാരത്തെ പ്രവാചകൻ ഉയർത്തുന്നു. ഈ ഉത്തരവാദിത്വങ്ങൾ നിറവേറ്റാൻ പ്രവാചകന്ന് ഒരു രാഷ്ട്രത്തിന്റെയോ രാഷ്ട്രീയാധികാരത്തിന്റെയോ ആവശ്യമില്ല. പോപ്പ് പോലും കോടിക്കണക്കിന്ന് കത്തോലിക്കരെ നയിക്കാൻ രാഷ്ട്രീയാധികാരത്തിന്റെ ആവശ്യമില്ലെന്നിരിക്കെ ഹൃദയത്തെ അഗാധമായി സ്വാധീനിക്കാൻ കഴിയുന്ന ഇസ്‌ലാം മതത്തിന് അതിന്റെ ആവശ്യമെന്ത്? ഖലീഫയിൽ നിന്നും രാഷ്ട്രീയാധികാരം എടുത്തുമാറ്റാൻ കഴിയില്ല എന്ന് പറഞ്ഞുകൊണ്ട് ചിലർ ഇതിനെ എതിർക്കുന്നു. ചോദ്യം ഇതാണ് ഒരു ഖലീഫക്ക് രാഷ്ട്രീയാധികാരം ആവശ്യമുണ്ടോ? വിശുദ്ധ ഖുർആന്റെ പഠനത്തിൽ നിന്നും രാഷ്ട്രീയാധികാരം വേണമെന്ന് വ്യക്തമാവുന്നില്ല. എല്ലാറ്റിന്നും പുറമേ യേശു ഒരു പ്രവാചകനായിരുന്നു. അദ്ദേഹത്തിന്ന് രാഷ്ട്രീയാധികാരം ഉണ്ടായിരുന്നില്ല. മക്കാ ജീവിത കാലഘട്ടത്തിൽ മുസ്‌ലികളുടെ ആ




ത്മീയ നേതാവായിരുന്ന റസൂൽ തിരുമേനിﷺക്ക് രാഷ്ട്രീയാധികാരമുണ്ടായിരുന്നില്ല. രാഷ്ട്രീയാധികാരം പിടിച്ചെടുക്കാൻ അദ്ദേഹം ഒരു ശ്രമവും ചെയ്തില്ല. ഹദ്റത്ത് അലിرضയുടെ കാലത്ത് അമീർ മുആവിയായുടെ കൈകളിലായിരുന്നു സകല അധികാരങ്ങളും കേന്ദ്രീകരിച്ചിരുന്നത്. എങ്കിൽ പോലും ഹദ്റത്ത് അലിرض ആയിരുന്നു മുസ്‌ലിംകളുടെ ആത്മീയ നേതാവ്. ഖലീഫക്ക് കേവലം രാഷ്ട്രീയാധികാരം വേണമെന്ന് നിർബന്ധമില്ല എന്നതിന്ന് നിരവധി തെളിവുകൾ ഇസ്‌ലാമിക ചരിത്രത്തിലുണ്ട്. ഖലീഫക്ക് രാഷ്ട്രീയാധികാരമില്ലെങ്കിൽ പോലും മുസ്‌ലിംകൾ വിശ്വസിക്കുന്നത് അധികാരം അദ്ദേഹത്തിൽ നിക്ഷിപ്തമായിരിക്കണം എന്നാണ്. ഇസ്‌ലാമിനെ സംബന്ധിച്ച് സൂക്ഷ്മ പഠനം മനസ്സിലാക്കിത്തരുന്നത് ഇസ്‌ലാമിന്ന് ലിബറൽ ഡമോക്രസി

സ്വീകരിക്കാമെന്ന് മാത്രമല്ല യഥാർത്ഥത്തിൽ ഇസ്‌ലാം ഇഷ്ടപ്പെടുന്നതും അതാണ്.

### ഇസ്‌ലാം, ഡമോക്രസി, ലിബറലിസം

രാഷ്ട്ര ഭരണത്തെ സംബന്ധിച്ചും ഭരണ സംവിധാനത്തെ സംബന്ധിച്ചും ഇസ്‌ലാമിൽ എന്താണ് പറയുന്നത്? ആദ്യമായി അത് ജനാധിപത്യത്തിന്റെ മുഖ്യ ഉപാധിയെ അംഗീകരിക്കുന്നു. അതായത് ജനങ്ങൾക്ക് അവർ ജീവിക്കുന്ന രാജ്യത്ത് അഭിപ്രായ സ്വാതന്ത്ര്യമുണ്ടായിരിക്കണം എന്നതാണ് ആ ഉപാധി.

'അവരുടെ കാര്യങ്ങൾ അവർ പരസ്പരം കൂടിയാലോചിക്കും' (42:40)

ഇവിടെ പരസ്പരം കൂടിയാലോചനക്കാണ്. ഊന്നൽ നല്കിയിരിക്കുന്നത്. വാസ്തവത്തിൽ ഇതല്ലേ ജനാധിപത്യത്തിന്റെ മൂലാധാരം. വോട്ട് രേഖപ്പെടുത്തുക എന്നത് തന്നെ ഒരു തരത്തിലുള്ള പരസ്പര കൂടിയാലോചനയാണ്. ഏതൊരു രാഷ്ട്രത്തിന്നും ഇസ്‌ലാം രണ്ട് തരത്തിലുള്ള മാർഗനിർദേശങ്ങൾ നല്കുന്നു. ഒന്നാമതായി ജനങ്ങളോട് അവർക്ക് നല്കപ്പെട്ട ഉത്തരവാദിത്വങ്ങളെക്കുറിച്ച് ബോധവാന്മാരായിരിക്കണമെന്ന് ഒരു വശത്ത് പറയുന്നു.

'നിശ്ചയമായും അല്ലാഹു അമാനത്തുകൾ അതിന്റെ അവകാശികൾക്ക് ഏൽപ്പിക്കുണമെന്ന് നിങ്ങളോട് കൽപ്പിക്കുന്നു. ജനങ്ങൾക്കിടയിൽ നിങ്ങൾ വിധികൽപ്പിക്കുമ്പോൾ നിങ്ങൾ നീതിപൂർവം വിധി കൽപ്പിക്കേണം. അല്ലാഹു നിങ്ങളോട് ഉപദേശിക്കുന്നതെന്തോ അത് ഏറ്റവും ഉത്തമമായതാകുന്നു. നിശ്ചയമായും അല്ലാഹു വളരെ കേൾക്കുന്നവനും നല്ലത് പോലെ കാണുന്നവനുമാകുന്നു.'(4:59)

ജനാധിപത്യത്തിലെ ഏതൊരു തെരഞ്ഞെടുപ്പ് പ്രക്രിയയും വിശ്വാസത്തിലും സത്യസന്ധതയിലുമധിഷ്ഠിതമായിരിക്കും. വോട്ടർക്ക് ഏൽപ്പിക്കപ്പെട്ട ഉത്തരവാദിത്വം, വിശ്വസ്തതയോടെ ഏൽപ്പിക്കപ്പെട്ട മുതൽ (അമാനത്ത്) പോലെയാണ്. അയാൾ ദൈവത്തോട് അതിന് ഉത്തരം പറയാൻ ബാദ്ധ്യസ്ഥനാണ് അതിനാൽ അയാൾ ഏറ്റവും അനുയോജ്യനായ ആളെ അധികാരസ്ഥാനത്തേക്ക് തിരഞ്ഞെടുക്കേണ്ടതുണ്ട്. ഇവിടെ ഒരു കാര്യം പ്രത്യേകം ശ്രദ്ധേയമാണ്. ഒരു മുസ്‌ലിം മുസ്‌ലിമിനെ തിരഞ്ഞെടുക്കണമെന്നല്ല ഈ വചനത്തിൽ പറയുന്നത്. പകരം ഏതൊരാളാണോ ഒരു സ്ഥാനത്തേക്ക് യോഗ്യനായത് അയാളുടെ മത വിശ്വാസം പരിഗണിക്കാതെ അയാളെ തിരഞ്ഞെടുക്കേണമെന്നാണ്. പ്രസക്തമായ ചോദ്യമിതാണ്. യഥാർത്ഥ സത്യം ഇതാണെങ്കിൽ എന്ത് കൊണ്ടാണ് വളരെ കുറച്ച് മാത്രം ഇസ്‌ലാമിക രാജ്യങ്ങളിൽ ജനാധിപത്യം.? ഉദാര ജനാധിപത്യത്തിന്റെ കാര്യം നമുക്ക് തൽക്കാലം വിടാം. ജനാധിപത്യത്തെപറ്റി ലോക വ്യാപകമായി നിരീക്ഷണം നടത്തുന്ന ഫ്രീഡം ഹൗസ് (Freedom House) എന്ന സംഘടനയെ ഉദ്ദരിച്ച് കൊണ്ട് ഇക്കണോമി സ്റ്റിലെ ലേഖനത്തിൽ പറയുന്നത് മുസ്‌ലിം ഭൂരിപക്ഷമുള്ള മൂന്ന് രാജ്യങ്ങളിൽ മാത്രമെ ജനാധിപത്യമുള്ളൂ എന്നാണ്.

ഇക്കണോമിസ്റ്റ് ഉദ്ദരിക്കുന്ന ജനാധിപത്യം അനുവദിക്കുന്ന രാജ്യങ്ങളിൽ പെട്ടതാണ് ഇന്തോനേഷ്യ എന്നത് അത്ഭുതകരമാണ്. മുഖ്യധാരാ മുസ്‌ലിംകളുടെ മതവിശ്വാസവുമായി വ്യത്യസ്ത രീതിയിൽ ഇസ്‌ലാമിനെ വ്യാഖ്യാനിക്കുന്ന അഹ്മദികളെ മതവിശ്വാസത്തിന്റെ പേരിൽ നിഷ്ഠൂരമായി അടിച്ചു കൊന്നത്. ഇന്തോനേഷ്യയിൽ വച്ചാണ്. കിരാതമായ ഈ കൃത്യം അവഗണിച്ചു കൊണ്ട് തന്നെ മേൽപ്പറഞ്ഞ സ്ഥിതി വിവരക്കണക്കിന്റെ അടിസ്ഥാനത്തിൽ ഇസ്‌ലാം ജനാധിപത്യവുമായി സമരസപ്പെട്ടുപോകുമോ എന്ന ഗൗരവമായ ചിന്തയിലേക്ക് ഒരാൾ ആനയിക്കപ്പെടുന്നു.

ഒരു സാർവ്വജനീന മതത്തിന്ന് വേണ്ട എല്ലാ സവിശേഷതകളും ഇസ്‌ലാമിനുണ്ട്. എല്ലാവിധ സമൂഹങ്ങൾക്കും ഇസ്‌ലാം അവർക്ക് വേണ്ടത് നൽകുന്നു. അതായത് വിവിധ സമൂഹങ്ങൾക്ക് വിവിധ തരത്തിലുള്ള ഭരണ വ്യവസ്ഥകളാണ് അവശ്യമായിട്ടുള്ളത്. വിശുദ്ധ ഖുർആൻ നിരവധി രാഷ്ട്രീയ ഭരണ വ്യവസ്ഥകളെ സംബന്ധിച്ച് പറയുന്നു. അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ നാലാം ഖലീഫ ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ് (1928–2003) ഇപ്രകാരം വിവരിക്കുന്നു:

'വിശുദ്ധ ഖുർആന്റെ അടിസ്ഥാനത്തിൽ ജനങ്ങൾ അവർക്ക് അനുയോജ്യമായ ഏതൊരു ഭരണ വ്യവസ്ഥയും അവരുടെ സമൂഹത്തിന്റെ പാരമ്പര്യ പൈതൃകത്തിനനുസരിച്ച് ജനാധിപത്യം, രാജാധിപത്യം, ഗോത്രീയം, ഫ്യൂഡൽ എന്നീ ഭരണക്രമങ്ങൾ തിരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യമുണ്ട്. ഭരണ വ്യവസ്ഥകൾ അവരുടെ സമൂഹങ്ങൾക്കനുസൃതമായി സ്വീകരിക്കാവുന്നതാണ്.

എന്തുതന്നെയായിരുന്നാലും വിശുദ്ധ ഖുർആൻ ജനാധിപത്യമാണ് കൂടുതൽ ഇഷ്ടപ്പെടുന്നത്. മുസ്‌ലിംകളോട് ജനാധിപത്യം സ്വീകരിക്കാനാണ് ഉപദേശിക്കപ്പെട്ടിട്ടുള്ളത്. അത് പശ്ചാത്യ ജനാധിപത്യ ശൈലി അപ്പാടെ പകർത്തുക എന്ന അർത്ഥത്തിലല്ല.'[1]

ഒരു ഭരണക്രമത്തിൽ ജനാധിപത്യമില്ലാതിരിക്കുകയും ജനങ്ങളുടെ അംഗീകാരം അതിനുണ്ടാവുകയും ചെയ്യുന്നു. അവിടെ അപ്പോഴും ജനങ്ങളിലാണ് അധികാരം നിക്ഷിപ്തമായിരിക്കുന്നത് എന്ന കാര്യം ശ്രദ്ധേയമാണ്. വിശുദ്ധ ഖുർആൻ ഒരു വിധത്തിലുള്ള ഭരണ സമ്പ്രദായങ്ങളെയും അപലപിക്കുന്നില്ല. എന്നിരുന്നാ

ലും ഒരു മാതൃകാ ഭരണക്രമം എന്ന നിലയിൽ അത് ജനാധിപത്യത്തെയാണ് ഏറ്റവും ഇഷ്ടപ്പെടുന്നത്. ഒരു ഭരണ വ്യവസ്ഥയിൽ സാമൂഹികവും സാമ്പത്തികവുമായ ഘടകങ്ങളാണ് നിർണായകമായിട്ടുള്ളത്. ഇക്കണോമിസ്റ്റിലെ ലേഖനം ചൂണ്ടിക്കാണിക്കുന്നത് പോലെ ഈ രണ്ട് ഘടകങ്ങളാണ് കാതലായ പങ്ക് വഹിക്കുന്നത്. ഈ അർത്ഥത്തിൽ സാക്ഷരതയും സമ്പത്തും കുറഞ്ഞ മറ്റു ജനാധിപത്യ ഭരണകൂടങ്ങളിലുള്ളത് പോലെയുള്ള പ്രശ്നങ്ങൾ തന്നെയാണ് മുസ്‌ലിം രാജ്യങ്ങളും പങ്കിടുന്നത്. പക്ഷേ അധികമായുള്ള പ്രശ്നം മൗലവിമാരും മുല്ലമാരും രാഷ്ട്രീയാധികാരം കയ്യിലെടുത്ത് മതാധികാരത്തിന്റെ കുത്തക സ്ഥാപിക്കാൻ ശ്രമിക്കുന്നു എന്നതാണ്. വിശുദ്ധ ഖുർആനെയും ഹദീസിനെയും പറ്റി ആഴത്തിൽ ചിന്തിക്കാതിരിക്കുകയും ജനങ്ങൾ നിരക്ഷരരായിരിക്കുകയും ചെയ്യുന്ന അവസ്ഥയിൽ ഈ മതവത്ക്കരണം ഏറ്റവും എളുപ്പത്തിൽ നടക്കുന്നു, അതു കൊണ്ടാണ് ഹദ്റത്ത് മിർസാ ത്വാഹിർ﵀ എഴുതിയത്. പൊതുജനങ്ങൾ ആശയക്കുഴപ്പത്തിലാണ്. നിങ്ങളുടെ രാഷ്ട്രീയ പ്രകടന പത്രികക്ക് രൂപം നല്കാനും മാർഗ ദർശനം നല്കാനും നിങ്ങൾ ദൈവത്തിന്റെയും റസൂൽ തിരുമേനിﷺയുടെയും വചനത്തെയാണോ ഇഷ്ടപ്പെടുന്നത്? അതല്ല ദൈവരഹിതവും ദൈവഭയമില്ലാത്തവരുമായ ആളുകളെയാണോ ഇഷ്ടപ്പെടുന്നത്?

ഇസ്‌ലാമിന്റെ രണ്ടാമത്തെ ഏറ്റവും പ്രധാനപ്പെട്ട ഭരണ തത്ത്വം ഒരു ഗവമെന്റ് അതിന്റെ എല്ലാ ഭരണ നിർവ്വഹണവും നടത്തേണ്ടത് കേവല നീതിയുടെ അടിസ്ഥാനത്തിലായിരിക്കണം എന്നതാണ്. അത്തരത്തിലുള്ള ഒരു ആദർശത്തിന്റെ അടിസ്ഥാനത്തിലാണ് ഒരു ഭരണകൂടം വർത്തിക്കുന്നതെങ്കിൽ ആ ഭരണകൂടത്തെ നമുക്ക് 'ജനങ്ങൾക്ക് വേണ്ടി ജനങ്ങളാൽ തിരഞ്ഞെടുക്കപ്പെട്ട ജനങ്ങളുടെ ഗവണ്മെന്റ്' എന്ന് പറയാം. നീതിയും സമത്വവുമാണ് ഏതൊരു സമൂഹത്തിന്റേയും ഏറ്റവും അവശ്യ ഘടകം. നമ്മുടെ എല്ലാ പ്രവർത്തനങ്ങളിലും ഈ രണ്ട് മൂല്യങ്ങളും മുറുകെ പിടിക്കണമെന്ന് വിശുദ്ധ ഖുർആൻ നമ്മെ നിരന്തരം ഓർമ്മിപ്പിക്കുന്നു. മുസ്‌ലികൾ മുസ്‌ലിംകൾക്കിടയിൽ മാത്രം നീതി പൂർവ്വം വർത്തിച്ചാൽ മതി എന്നല്ല ഇവിടെ ഖുർആൻ ആജ്ഞാപിക്കുന്നത് എന്ന കാര്യം വളരെ ശ്രദ്ധേയമാണ്. ബഹുസ്വരതയും സഹിഷ്ണുതയും ഇസ്‌ലാം ഉയർത്തിപിടിക്കുന്ന മൂല്യങ്ങളാണ്. എന്നാൽ ഇസ്‌ലാം സന്ദേഹികൾ (Islamosceptic) ചോദിക്കുന്നത് എന്താണ് നീതിയുടെ തത്ത്വം എന്നാണ്? അത് എപ്പോഴും ഇസ്‌ലാമിക തത്ത്വവുമായി സമരസപ്പെട്ടു പോവുമോ?

ജനങ്ങളോട് നീതി പുർവ്വം വർത്തിക്കുക എന്നതിനർത്ഥം ഇസ്‌ലാമികമായ നീതി തത്ത്വത്തിന്റെ അടിസ്ഥാനത്തിൽ വർത്തിക്കുക എന്ന് തന്നെയാണ്. അവിശ്വസനീയമാം വിധം പ്രധാന്യമുള്ളൊരു തത്ത്വം ഖുർആൻ ഇവിടെ പ്രസ്താവിക്കുന്നത് കാണുക. മതത്തിൽയാതൊരു നിർബന്ധവുമില്ല.'(2: 257)

ഒരാൾ ഒരു മതത്തിൽ വിശ്വസിക്കുന്നില്ലെങ്കിൽ ആ മതത്തിന്റെ നിയമങ്ങൾ അയാളിൽ നിർബന്ധപൂർവം വെച്ചുകെട്ടാൻ ആർക്കും അവകാശമില്ല. ഖുർആൻ വചനത്തെ പറ്റി നാം ഗൗരവ പൂർവം പര്യാലോചിക്കുമ്പോൾ ഇക്കാലത്തെ മുസ്‌ലിം രാജ്യത്ത് നിലനിൽക്കുന്ന എല്ലാവിധ അനീതിയുടെയും അതിക്രമങ്ങളുടെയും നിഷേധമായിരിക്കും പ്രസ്തുത വചനമെന്ന് കാണാം. മുസ്‌ലിം രാജ്യത്ത് ജീവിക്കുന്ന അമുസ്‌ലിംകളുടെ മേൽ നിയമ നിർമാണം നടത്തി ഇസ്‌ലാമിക നിയമം നടപ്പാക്കാൻ ശ്രമിക്കുന്നത് അനീതിയാണ്. മുസ്‌ലിംകൾ മാത്രം അധിവസിക്കുന്ന ഒരു രാജ്യത്ത് പോലും ഇത് നടപ്പാക്കാൻ സാദ്ധ്യമല്ല. മുസ്‌ലിംകളിൽ 73 വിഭാഗങ്ങളുണ്ട്. എല്ലാ വിഭാഗങ്ങളും എല്ലാ പ്രശ്നത്തിലും വിഭിന്ന വീക്ഷണം പുലർത്തുന്നവരാണ്. ഇക്കൂട്ടരിൽ ആരാണ് ശരിയായ പാതയിൽ നിലകൊള്ളുന്നതെന്ന് പറയാൻ ആർക്കാണ് അധികാരമുള്ളത്?.

അത് കൂടാതെ ഭരണകൂടത്തിൽ നിന്നും മതത്തെ വേർപ്പെടുത്തണമെന്നത് ഇസ്‌ലാമിന്റെ താൽപര്യം കൂടിയാണ്. വിശുദ്ധ ഖുർആൻ പറയുന്നത് നിങ്ങളുടെ ശത്രുവിനോട് പോലും നീതിപുലർത്തണമെന്നാണ്. അഹ്മദിയ്യാ പ്രസ്ഥാനത്തിന്റെ നേതാവായ ഖലീഫത്തുൽ മസീഹ് ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് ആവർത്തിച്ചാവർത്തിച്ച് തന്റെ പ്രഭാഷണങ്ങളിൽ ഈ വസ്തുത ഊന്നിപറഞ്ഞിട്ടുണ്ട്. അദ്ദേഹം പറയുന്നു: 'ഒരു നീതിപൂർണമായ ഭരണകൂടത്തിന്ന് ആവശ്യം വേണ്ടുന്ന പ്രത്യേകതയായി അല്ലാഹു പറഞ്ഞത് മതകാര്യങ്ങളെ സ്റ്റേറ്റിന്റെ കാര്യങ്ങളിൽ നിന്നും വേർതിരിച്ചു നിർത്തുക എന്നതാണ്. അത്പോലെ ഏതൊരു പൗരനും അവന്റെ അവകാശം നല്കപ്പെടണം. ഈ തത്വം ഏറ്റവും പാവനമാണ്. യാതൊരു വിട്ടു വീഴ്ച്ചയുമില്ലാതെ അതിന്റെ പൂർണതയിൽ ഈ തത്ത്വം നിർവ്വഹിക്കപ്പെടണം. അതായത് നിങ്ങളോട് വെറുപ്പ് പ്രകടിപ്പിക്കുന്നവരോട് പോലും നിങ്ങൾ നീതി പൂർവം വർത്തിക്കണം. അവർ നിങ്ങളോട് വെറുപ്പ് പ്രകടിപ്പിക്കുന്നവരും സാദ്ധ്യമായ വഴികളിലൂടെയെല്ലാം നിങ്ങളെ നിരന്തരം പീഢിപ്പിക്കുന്നവരായാലും ശരി നീതി മുറുകെ പിടിക്കണം. വിശുദ്ധ ഖുർആൻ പറയുന്നു:

'വിശ്വസിച്ചവരേ,േ നിങ്ങൾ നീതിക്ക് സാക്ഷ്യം വഹിക്കുന്നവരായി

അല്ലാഹുവിന്ന് വേണ്ടി നിലകൊള്ളുക. ഒരു സമുദായത്തിനോടുള്ള വിരോധം അവരോടു നീതി പാലിക്കാതിരിക്കാൻ നിങ്ങളെ പ്രേരിപ്പിക്കാതിരിക്കട്ടെ നിങ്ങൾ എപ്പോഴും നീതിപാലിക്കുക. അത് ദൈവ ഭക്തിയുമായി ഏറ്റവും അടുത്തതാണ്. നിങ്ങൾ അല്ലാഹുവിനെ ഭയപ്പെടുക.തീർച്ചയായും അല്ലാഹു നിങ്ങൾപ്രവർത്തിക്കുന്നതിനെക്കുറിച്ച് സുക്ഷ്മമായി അറിവുള്ളവനാണ്. '(5:9)

ഒരു ഗവൺമെന്റ് പ്രവർത്തിക്കേണ്ട നിർണായക തത്വമാണ് പ്രസ്തുത ഖുർആൻ വചനത്തിൽ പറഞ്ഞത്. മതം പൊതുഭരണത്തിൽ യാതൊരു വിധത്തിലുള്ള പങ്കും വഹിക്കാൻ പാടുള്ളതല്ല. മതപരമായ ഭിന്നതകൾ നീതി പാലിക്കുന്നതിന്ന് ഒരിക്കലും തടസ്സമായി നിൽക്കാൻ പാടുള്ളതല്ല. ഇതെല്ലാം കേട്ടതിന്ന് ശേഷം ആർക്കാണ് ഇസ്‌ലാം മതത്തെ നീതിക്ക് വിരുദ്ധമാണെന്ന് പറയാൻ സാധിക്കുക? സ്വയം നീതിമാന്മാരെന്ന് കരുതുകയും വിദ്യാസമ്പന്നരുമായ ആളുകൾ ഒരിക്കലെങ്കിലും ഇസ്‌ലാമിനെക്കുറിച്ച് മനസ്സിലാക്കിയിട്ടുണ്ടെങ്കിൽ ഇസ്‌ലാമികാദ്ധ്യാനപനങ്ങൾ തെറ്റാണെന്ന് പറയുമെന്ന് ഞാനൊരിക്കലും വിശ്വസിക്കുന്നില്ല. '

ഈ തത്ത്വത്തിന്റെ സത്യസന്ധമായ പ്രായോഗിക രൂപമാണ് റസൂൽ തിരുമേനിﷺനമുക്ക് കാട്ടിതന്നത്. മദീനയിൽ മുസ്‌ലിംകളും യഹുദരും അത് പോലെ മറ്റു ഗോത്ര സമൂഹങ്ങളും അവിടുത്തെ രാഷ്ട്രത്തലവനാക്കി അഗീകരിച്ചു. ആളുകൾ അവരുടെ തർക്ക പ്രശ്നങ്ങൾ പരിഹരിക്കാൻ അവിടുത്തെ സമീപിക്കുമ്പോൾ അവരോട് നിങ്ങളുടെ പ്രശ്നം ജൂത നിയമപ്രകാരമോ ഇസ്‌ലാമിക നിയപ്രകാരമോ അല്ലെങ്കിൽ അവിടുത്തെ പൊതു നീതി തത്ത്വങ്ങൾക്കനുസരിച്ചോ ആണ് വിധി കൽപ്പിക്കേണ്ടത് എന്ന് അവരോട് ചോദിക്കുമായിരുന്നു. ഇസ്‌ലാമിന്റെ അവസാനത്തെ അവികലമായ നിയമദാതാവായ പരിശുദ്ധ പ്രവാചകനാണ് ഇപ്രകാരം തന്നെ സമീപിക്കുന്നവരോട് ഏത് നിയമപ്രകാരമാണ് താൻ വിധികൽപ്പിക്കേണ്ടതെന്ന് ചോദിക്കുന്നതെന്ന കാര്യം നാം മനസ്സിലാക്കണം. ഇതിന്ന് കാരണം അദ്ദേഹം ഒരു പ്രവാചകൻ മാത്രമായിരുന്നില്ല. അദ്ദേഹം രാഷ്ട്രത്തിന്റെ ഭരണാധികാരി കുടിയായിരുന്നു. സമൂഹത്തിലെ അംഗം എന്ന നിലക്ക് ഓരോ പൗരന്റെയും അവകാശങ്ങളെ അവിടുന്ന് വിലമതിച്ചിരുന്നു. മുല്ലമാരും ഇസ്‌ലാം സന്ദേഹികളും കരുതുന്നത് പോലെ ഇസ്‌ലാമിൽ നിയമം ബലാൽക്കാരമായി അടിച്ചേൽപ്പിക്കുകയായിരുന്നുവെങ്കിൽ ഇതാകുമായിരുന്നില്ല പ്രവചകന്റെﷺ സമ്പ്രദായം. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് നാലാമൻ ചുണ്ടിക്കാട്ടിയത് പോലെ

'ഏതെങ്കിലും ഒരു മതമോ ഒരു രാഷ്ട്രീയ വ്യവസ്ഥയോ വാദിക്കുന്നതിനേക്കാൾ ഇസ്‌ലാം സെക്കുലർ രീതിയിലുള്ള ഒരു ഭരണകൂടത്തിന്ന് വേണ്ടി നിലകൊള്ളുന്നു..... സെക്കുലാരിസത്തിന്റെ ഏറ്റവും കാതലായ സത്ത മതപരമോ വിശ്വാസപരമോ വർണ-വർഗ പരമോ ആയ പരിഗണനകൾക്കതീതമായി കേവല നീതി നടപ്പാക്കിയിരിക്കണം എന്നാണ്. ഇത് തന്നെയാണ് യഥാർത്ഥത്തിൽ സ്റ്റേറ്റിന്റെ കാര്യത്തിൽ ഖുർആൻ നമ്മോട് പറഞ്ഞത്.'

അതിനാൽ മതപരമായ പരിഗണകളില്ലാതെ ജനങ്ങളിൽ നിന്ന് പരമാധികാരം സിദ്ധിക്കുന്ന ഉദാര ജനാധിപത്യത്തിൽ ഒരു നീക്ക്പോക്ക് എന്ന നിലക്ക് അതിൽ പകയോടെ ജീവിക്കണം എന്ന നിലപാട് ഇസ്‌ലാം ഒരിക്കലും അംഗീകരിക്കുന്നില്ല. പകരം ലിബർ ഡമോക്രസിയെ യഥാർത്ഥത്തിലുള്ള ഇസ്‌ലാമിക ഭരണക്രമം എന്ന നിലക്കാണ് ഇസ്‌ലാം അംഗീകരികുന്നത്. വിശുദ്ധ ഖുർആനും റസൂൽ തിരുമേനിﷺയുടെ നടപടി ക്രമങ്ങളും ഗൗരവപൂർവം സൂക്ഷ്മമായി പഠിക്കുകയാണെങ്കിൽ ഈ ഒരു നിഗമനത്തിലായിരിക്കും നാം എത്തിചേരുക.

**ഇസ്‌ലാമിക നിയമം.**

അവസാനമായി, പ്രശ്നം ഇസ്‌ലാമിക നിയമത്തെക്കുറിച്ചാണ്. അതിൽ ഒന്നാമത്തേത് ഒരു ലിബറൽ രാഷ്ട്രത്തിന്റെ ചില ഘടകങ്ങളും ഇസ്‌ലാമിക നിയമവും തമ്മിൽ എങ്ങനെ പൊരുത്തപെട്ടുപോവും എന്നതാണ്. ഖുർആനിലെ നിയമങ്ങൾ നീതിയുടെ അടിസ്ഥാനത്തിലുള്ളതാണ്. വിശുദ്ധ ഖുർആൻ പറയുന്നു:

'നീതിപുലർത്തുന്നതിന്നും മറ്റുള്ളവർക്ക് നന്മ ചെയ്യുന്നതിന്നും അടുത്ത ബന്ധുക്കൾക്കെന്നപോലെ സഹായം ചെയ്യുന്നതിന്നും അല്ലാഹു കൽപ്പിക്കുന്നു. നീചവൃത്തിയേയും നിഷിദ്ധ കർമ്മത്തേയും നിയമ ലംഘനത്തേയും അവൻ വിലക്കുകയും ചെയ്യുന്നു. നിങ്ങൾ ചിന്തിച്ചു മനസ്സിലാക്കുന്നതിന്ന് വേണ്ടി. അവൻ നിങ്ങളെ ഉപദേശിക്കുന്നു.'(5:9)

എങ്കിലും ഇതിലെ ചില അദ്ധ്യാപനങ്ങൾ പുറം കാഴ്ച്ചകാർക്ക് അരോചകമായി തോന്നിയേക്കാം. ഉദാഹരണത്തിന്ന് അനന്തരാവകാശ നിയമത്തെക്കുറിച്ച് എടുക്കുകയാണെങ്കിൽ ആൺ സന്താനത്തിന്ന് ലഭിക്കുന്ന ഒഹരിയുടെ നേർ പകുതിയായിരിക്കും പെൺ സന്താനത്തിന്ന് ലഭിക്കുക. ഇത് സ്ത്രീ പുരുഷ തുല്യതയായി കാണാനാവില്ല എന്നാണ് ആക്ഷേപം. ഈ അസമത്വം പുരുഷനും സ്ത്രീക്കും ഏൽപ്പിക്കപ്പെട്ട വിവിധ തരത്തിലുള്ള ഉത്തരവാദിത്വങ്ങളുടെ പ്രതിഫലനമാണ് ഈ നിയമം. പുരുഷനാണ് കുടുബം പുലർത്തേണ്ട ചുമത ഭരമേൽപ്പിക്കപ്പെട്ടത്. അങ്ങനെ വരുമ്പോൾ സ്ത്രീക്ക് അവളുടെ സ്വത്ത് പൂർണമായും സ്വന്തമായി ഉപയോഗിക്കാവുന്ന

താണ്. അവളുടെ സ്വത്ത് മറ്റാർക്കും വേണ്ടി വിനിയോഗിക്കാൻ അവൾ നിയമപരമായി ചുമതലപ്പെടുത്തപ്പെട്ടിട്ടില്ല. അങ്ങനെ വരുമ്പോൾ പുരുഷന്റെ സ്വത്ത് വാസ്തവത്തിൽ കുടുംബത്തിന്നിടയിൽ വിതരണം ചെയ്യപ്പെടുന്നു. സ്ത്രീകളുടേത് അതേപടി വിഭജിക്കപ്പെടാതെ നിൽക്കുന്നു. ഇതെല്ലാം പരിഗണിക്കുമ്പോൾ അനന്തരാവകാശ സ്വത്തിനെ സംബന്ധിച്ച് ഇതൊരു നീതി പൂർണമായ ദായക്രമമാണെന്ന് കരുതുന്നു. എന്തു തന്നെയയാലും ഇസ്‌ലാം ഇതിനോട് യോജിക്കുമെങ്കിലും മറ്റുള്ളവർ ഇതിനോട് വിയോജിച്ചേക്കാം. അതിനാൽ ഈ നിയമം മുസ്‌ലിംകൾക്ക് മാത്രം ബാധകമാണ്. അത്തരം നിയമങ്ങൾ അമുസ്‌ലിംകളിൽ അടിച്ചേൽപ്പിക്കുന്നത് തെറ്റാണ്. ഖുർആൻ നമ്മെ ഓർമ്മിപ്പിച്ചത് പോലെ മറ്റുള്ളവരോട് ചെയ്യുന്ന അനീതികുടിയാണിത്. അത് നാം ചെയ്യാൻ പാടില്ല.

അത് പോലെയൊന്നാണ് ക്രിമിനൽ നിയമത്തിന്റെ പ്രശ്നം. എന്താണ് വ്യഭിചാരത്തിനും കളവിനുമുള്ള ശിക്ഷ? അതെല്ലാം പൊതുവായ നിയമ നിർമ്മാണത്തിലൂടെ നിയന്ത്രിക്കേണ്ടതിന്റെ വിഷയങ്ങളാണ്. ഇസ്‌ലാമികമായ മാർഗനിർദേശങ്ങളനുസരിച്ച് തന്നെയാണോ ഇത്തരം നിയമ നിർമ്മാണങ്ങൾ നടത്തേണ്ടത്? ഖലീഫത്തുൽ മസീഹ് നാലാമൻ ഇത് സംബന്ധിച്ച് എഴുതുന്നു:

'ഒരു സ്റ്റേറ്റിന്റെ രാഷ്ട്രീയ കാര്യങ്ങളിൽ മതം പ്രബലമായ അധികാര കേന്ദ്രമാവാൻ പാടില്ല.'[3] അദ്ദേഹം ചൂണ്ടിക്കാട്ടിയത് പോലെ സ്റ്റേറ്റിന്റെ നിയമ നിർമാണത്തിൽ നാം മതത്തിന് സ്ഥാനം നല്കുകയാണെങ്കിൽ മറ്റു മത ഭൂരിപക്ഷമുള്ള രാജ്യങ്ങളിൽ അവരുടെ മത പ്രകാരമുള്ള ക്രിമിനൽ നിയമങ്ങൾ നിർമിക്കാൻ നമ്മളും സമ്മതിക്കേണ്ടി വരും. നമുക്ക് വീണ്ടും അടിച്ചേൽപ്പിക്കലിന്റെ പ്രശ്നത്തിലേക്ക് തന്നെ വരാം. അദ്ദേഹം വീണ്ടും എഴുതുന്നു:

'ഒരു മത വിശ്വാസിക്ക് സെക്കുലർ നിയമത്തിന്നു കീഴിൽ അയാളുടെ മതവിശ്വാസമനുസരിച്ച് ജീവിക്കാം. സ്റ്റേറ്റിന്റെ യാതൊരു ഇടപെടലുമില്ലാതെ സത്യം പറയുകയും അതനുസരിച്ച് ജീവിക്കുകയും ചെയ്യാം. ഒരാൾക്ക് പ്രാർത്ഥിക്കാനോ മറ്റ് ആരാധനാ കർമങ്ങൾ നിർവ്വഹിക്കാനോ അനുവദിക്കുന്നതിനായി ഒരു പ്രത്യേക നിയമവും സ്റ്റേറ്റ് പാസ്സാക്കേണ്ടതില്ല.'[4]

മുസ്‌ലിംകൾക്ക് അവരുടെ മതം തൃപ്തികരമയി ആചരിക്കാൻ യാതൊരു ഇസ്‌ലാമിക നിയമ നിർമാണത്തിന്റേയും ആവശ്യമില്ല. അത് പോലെ മറ്റു മതസ്ഥർക്കും നിയമനിർമാണത്തിന്റെ ആവശ്യമില്ല. ഇതാണ് സെക്കൂലറിസത്തിന്റെ സ്പിരിറ്റ്. ഇത് തന്നെയാണ് ഇസ്‌ലാമിന്റെ രാഷ്ട്രസങ്കൽപ്പത്തിന്റെ സ്പിരിറ്റും.

### യഥാർത്ഥ ഖിലാഫത്ത്: അഹ്മദിയ്യാ ഖിലാഫത്ത്

The Economist ലെ നിരവധി വായനക്കാർ മേൽ പ്രസ്താവിച്ച കാര്യങ്ങൾ തത്വത്തിൽ നല്ലതാണെങ്കിലും ഫലത്തിൽ മറ്റൊന്നാണെന്ന് കരുതുന്നുണ്ടാവാം. ഇത് ശുദ്ധമായ സൈദ്ധാന്തിക വാദമാണ്. അവരിൽ പലരും കഴിഞ്ഞ നൂറ് വർഷമായി സ്ഥാപിതമായതും പുരോഗതിയിലേക്ക് കുതിച്ചു കൊണ്ടിരിക്കുകയും ഇരുന്നൂറ് രാജ്യങ്ങളിൽ ശാഖകളുള്ളതുമായ അഹ്മദിയ്യാ ജമാഅത്തിനെക്കുറിച്ച് മനസ്സിലാക്കിയിട്ടുണ്ടാവില്ല.

ഇമാം മഹ്ദിയും മസീഹുമായ ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് ഖദിയാനി(അ) യുടെ അഞ്ചാമത്തെ ഖലീഫ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദാണ് ഖിലാഫത്തിനെ നയിക്കുന്നത്. ഇമാം മഹ്ദി മസീഹിന്റെ ആഗമനത്തെക്കുറിച്ച് പൂർവിക മതഗ്രന്ഥങ്ങളിലും റസൂൽ തിരുമേനി(സ)യുടെ വചനങ്ങളിലും പ്രവചിക്കപ്പെട്ടതാണ്. അദ്ദേഹം യഥാർത്ഥ ഇസ്‌ലാമിനെ പുനരുജ്ജീവിപ്പിക്കുമെന്ന് റസൂൽ തിരുമേനി(സ) ദീർഘ ദർശനം ചെയ്തിരിക്കുന്നു. ഹദ്റത്ത് അഹ്മദ്(അ) ന്യായപ്രമാണമില്ലാത്ത ഒരു പ്രവാചകനാണ്. അദ്ദേഹം തന്റെ യജമാനനായ മുഹമ്മദ് നബി(സ) യുടെ ശിഷ്യത്വത്തിൽ വന്നയാളാണ്. അദ്ദേഹം യാതൊന്നും പുതിയതായി കൊണ്ടുവന്നിട്ടില്ല. അദ്ദേഹത്തിന്റെ ഗ്രന്ഥം വിശുദ്ധ ഖുർആനും അദ്ദേഹത്തിന്റെ മതം ഇസ്‌ലാമുമാണ്. അവസാന കാലത്തെ വാഗ്ദത്ത പരിഷ്ക്കർത്താവെന്ന നിലക്ക് വിശുദ്ധ ഖുർആനിലെ പ്രവചനമനുസരിച് ദൈവം അവസാന കാലം ഖുർആൻ ലിപികളിൽ മാത്രം അവശേഷിക്കുകയും മുസ്‌ലിം പണ്ഡിതന്മാർ ഏറ്റവും നികൃഷ്ടകാരികൾക്ക് സമന്മാരായി തീരുകയും ഇസ്‌ലാമിന്റെ യഥാർത്ഥ അദ്ധ്യാപനങ്ങളെല്ലാം വിസ്മൃതമാകുകയും ചെയ്യുമ്പോൾ അതിനെ പുനരുജ്ജീവിപ്പിക്കാനാണ് ഇമാം മഹ്ദിയും മസീഹുമായി വാഗ്ദത്ത പരിഷ്ക്കർത്താവ് അവതരിക്കുക. അദ്ദേഹം മനുഷ്യരെ ദൈവവുമായടുപ്പിക്കുകയും ഇസ്‌ലാമിന്റെ യഥാർത്ഥ അദ്ധ്യാപനങ്ങൾ ലോകത്തിന്ന് വിവരിച്ച് കൊടുക്കുകയും ചെയ്യും. ഈ പ്രവചനത്തിന്റെ സാക്ഷാത്ക്കാരമാണ് താനെന്ന് ഹദ്റത്ത് അഹ്മദ്(അ) വാദിച്ചത്. ദൈവിക ദൃഷ്ടാന്തങ്ങൾ അദ്ദേഹത്തിന്റെ വാദത്തിന്ന് അത് തെളിവായി നിന്നു. തന്റെ വാദത്തെ ശക്തിപ്പെടുത്തുന്നതിന്നായി അനിഷേധ്യവും യുക്തിപരവുമായ തെളിവുകൾ അദ്ദേഹം സമർപ്പിച്ചു. ഇസ്‌ലാം മതത്തിന്റെ യുക്തിപരവും ആത്മീയവുമായ സന്ദര്യം വെളിപ്പെടുത്തുന്ന 80 ൽ അധികം പുസ്തകങ്ങൾ അദ്ദേഹം രചിച്ചു. അദ്ദേഹം ദിവംഗതനായതിന് ശേ

ഷം ഖുർആനിലും ഹദീസിലും വാഗ്ദാനം ചെയ്യപ്പെട്ട ഖിലാഫത്ത് സ്ഥാപിക്കപ്പെട്ടു. അത് ഇപ്പോഴും തുടരുന്നു. വാഗ്ദത്ത മസീഹ് തന്റെ

'ശഹാദത്തുൽ ഖുർആൻ 'എന്ന പുസ്തകത്തിൽ എഴുതുന്നു.

'വാഗ്ദത്ത മസീഹിന്റെ കൈകളാൽ ക്രിസ്തു മത വിശ്വാസം തിരോഭവിക്കും അദ്ദേഹം കുരിശിനെ മുറിക്കും. അദ്ദേഹം (റസൂൽ തിരുമേനിﷺ) അവരുടെ ഭരണകൂടങ്ങൾ നശിപ്പിക്കും എന്ന് പറഞ്ഞിട്ടില്ല. ഇത് സുചിപ്പിക്കുന്നത് വാഗ്ദത്ത മസീഹിന്റെ സാമ്രാജ്യം ഭൗതിക ഭരണകൂടങ്ങൾക്ക് അവ എന്ത് തന്നെയായാലും ഒരു ഹാനിയും വരുത്തുന്നതല്ല എന്നാണ്.'[5]

അതിനാൽ ഒരു ഖലീഫമാരും ഒരിക്കലും തന്നെ രാഷ്ട്രീയ അധികാരം കയ്യാളാൻ ശ്രമിച്ചിട്ടില്ല. അമുസ്ലിംകളുടെ മേൽ ഇസ്ലാം അടിച്ചേൽപ്പിക്കാൻ അവരാരും ശ്രമിച്ചിട്ടില്ല. പകരം അവർ ലോകത്തുള്ള അഹ്മദി മുസ്ലിംകൾക്കും മറ്റുള്ളവർക്കും അധ്യാത്മിക മാർഗ ദർശനവും ഐക്യബോധവും സ്നേഹത്തിലൂടെയും സമാധാനത്തിലുടെയും നൽകിവരുന്നു. അതിനാൽ ഖിലാഫത്ത് ഏത്തരം ഗവണ്മെന്റുകളുമായും രമ്യമായി പോകാൻ കഴിയുന്നു. ഇപ്പോഴത്തെ അഹ്മദിയ്യാ ഖലീഫ ഒരു പ്രഭാഷണത്തിൽ ഇപ്രകാരം പറയുകയുണ്ടായി.

'ഈ ഖിലാഫത്തിന് ഒരു കലാപത്തിന്റെയും ഒരു വെടിയുണ്ടയുടെയും ആവശ്യമില്ല. ഖിലാഫത്തിന്നുള്ള പ്രതിഫലം അല്ലാഹുവിന്റെ അനുഗ്രഹത്താലും മഹത്ത്വത്താലും സ്ഥാപിക്കപ്പെടും അത് ജനങ്ങളുടെ പദ്ധതികളാലും ശ്രമത്താലുമല്ല സ്ഥാപിക്കപ്പെടുക'.[6]

ഇവിടെ ഖിലാഫത്ത് ആത്മീയമാണ് രഷ്ട്രീയമല്ല. എന്നതിന്റെ പ്രയോഗിക മാതൃക കാണാവുന്നതാണ്. അത് സമാധനപരമാണ്. ഒരിക്കലും സംഘർഷാത്മകമല്ല. എല്ലാ മതങ്ങളോടും ആദരം പുലർത്തുന്നു. ആരുടെ മേലും അടിച്ചേൽപ്പിക്കുന്നില്ല. ലണ്ടനിലെ എട്ടാം പീസ് കോൺഫ്രൻസിൽ ഖലീഫത്തുൽ മസീഹ് പറഞ്ഞു: നാം എല്ലായ്പ്പോഴും ഇസ്ലാമിക അദ്ധ്യാപനങ്ങൾ നടപ്പിലാക്കണം അത് ഒരിക്കലും നിയമം കൈയിലെടുത്തായിരിക്കരുത്. എപ്പോഴും തന്നെ നിങ്ങളുടെ രാജ്യത്തിന്റെ താൽപര്യത്തെ മുറുകെ പിടിക്കുക. ഒരിക്കലും അരാജകത്വം സൃഷ്ടിക്കരുത്. കാരണം ഒരു രാജ്യം നിങ്ങളിൽ നിന്നും ആവശ്യപ്പെടുന്നത് അതാണ്. ലോകത്ത് ഏതൊരു കോണിലാണോ അഹ്മദികൾ താമസിക്കുന്നത്, ഏത് രാജ്യത്താണോ അവർ ജീവിക്കുന്നത് എവിടെയായാലും ശരി അല്ലാഹുവിന്റെ സ്നേഹം ലഭിക്കുവാൻ അവിടെയൊന്നും തന്നെ യാതൊരു വിധ അരാജകത്വം സൃഷ്ടിക്കരുത്. ഈയ്യൊരു സ്വഭാവ ഗുണം ഒരു ദിനം ലോകത്തെ അരാജകത്വത്തിൽ നിന്നും രക്ഷിക്കും. വാസ്തവത്തിൽ ഇത് മാത്രമാണ് ലോക സമാധാനത്തിന്നുള്ള ഉറപ്പ്. അഹ്മദിയ്യാ ജമാഅത്ത് എന്ന ഞങ്ങളുടെ സമൂഹം യഥാർത്ഥ ഇസ്ലാമിക അദ്ധ്യാപനങ്ങളുടെ അടിസ്ഥാനത്തിൽ ലോകത്ത് സമാധാനം സ്ഥാപിക്കാനും ക്രൂരതക്ക് അറുതിവരുത്താനും ഉത്ക്കടമായ വികാര വായ്പ്പോടെ പ്രതിജ്ഞാബദ്ധരാണ്. വിവ: എ. എം

**പേജ് 29 ൽ നിന്ന്**

അതിന് ദീർഘദൂരം പറക്കുക അസാധ്യമാണ്. അതുകൊണ്ട് ഫലസ്തീനിൽ നിന്നും അറേബ്യൻ മരുഭൂമിക്കപ്പുറം വളരെ അകലെയുള്ള യമനിലെ രാജ്ഞിക്ക് സന്ദേശമെത്തിക്കാൻ ഒരിക്കലും സുലൈമാൻ നബിﷺ മരംകൊത്തി പക്ഷിയെ നിയോഗിക്കില്ല. (വചനം 24)

3. ഈ ഖുർആൻ വചനങ്ങളിൽ, ഹുദ് ഹുദ് സമൃദ്ധമായ യമനിലെ പ്രതാപ ചിഹ്നങ്ങളെന്താണ് എന്ന് മനസ്സിലാക്കുന്നതായി വിവരിക്കുന്നു. അവർ സൂര്യനെ ആരാധിക്കുന്നതായും പിശാചിന്റെ പ്രേരണയ്ക്ക് വശംവദരായതായും ഹുദ് ഹുദ് സുലൈമാൻ നബിﷺയെ അറിയിക്കുന്നു. (വചനം 24)

4. തൗഹീദിനെ പറ്റിയും ശിർക്കിനെ പറ്റിയും ഹുദ് ഹുദിന്നറിയാം. അതുകൊണ്ട് ഹുദ്ഹുദ് വിവേചനബോധമുള്ള മനുഷ്യനാണെന്ന് കരുതാം. (വചനം 25, 26)

സുലൈമാൻ നബിﷺയുടെ കാലത്ത് ഇങ്ങനെ ദൂതന്മാർ ഒരു രാജ്യത്ത് നിന്ന് മറ്റൊരു രാജ്യത്തേക്ക് സഞ്ചരിക്കൽ സാധാരണയായിരുന്നു. പക്ഷികളുടെയും മൃഗങ്ങളുടെയും പേരുകൾ അക്കാലത്തെ മനുഷ്യർ ചേർത്ത് വിളിക്കാറുണ്ടായിരുന്നു. റസൂൽ തിരുമേനിയുടെ കാലത്തും ഈ സമ്പ്രദായമുണ്ടായിരുന്നു. 'അബൂഹുറൈറ' 'അബൂബക്കർ' എന്നിവ ഉദാഹരണം. അക്കാലത്ത് ഹുദ് ഹുദ് എന്ന നാമമുള്ള ഒരാൾ ഇസ്രായേലികൾക്കിടയിൽ പ്രശസ്തനായിരുന്നുവെന്ന് ബൈബിൾ തന്നെ സാക്ഷ്യം വഹിക്കുന്നു. 'ഹദദ് സോളമന് എതിരായി ഒരാളെ ദൈവം ഉയർത്തി എദോമിയനായ ഹദദ് ഏദോം രാജകുടുംബത്തിലെ ഒരംഗമായിരുന്നു. (1 രാജാക്കന്മാർ 11:14) ബൈബിൾ പ്രതിപാദിച്ച 'ഹദദ്' എന്ന പേരിന്റെ അറബീകൃത രൂപമാണ് 'ഹുദ്ഹദ്' ജൂയിഷ് എൻസൈക്ലോപീഡിയയും 'ഈയൊരു വസ്തുത ശരിവെക്കുന്നു. ***'മുൻതഹ അൽ അറബ്'*** എന്ന കിതാബിൽ ബിൽക്കീസ് രാജ്ഞിയുടെ പിതാവിന്റെ പേരും ഹുദ് ഹുദ് ആണെന്ന് രേഖപ്പെടുത്തുന്നു. ഈ വസ്തുതകളെല്ലാം നല്കുന്ന സൂചന. ഹുദ് ഹുദ് എന്നത് മരംകൊത്തി പക്ഷിയായിരുന്നില്ല. മറിച്ച് സുലൈമാൻ നബിﷺ സൈന്യത്തിൽ സുപ്രധാനമായ ഒരു ദൗത്യം വഹിച്ചിരുന്ന ഒരു പ്രമുഖ വ്യക്തിയായിരുന്നു എന്നാണ്.

# വംശഹത്യ: ഇസ്റയേലിനെതിരെ ദക്ഷിണാഫ്രിക്ക ലോക കോടതിയിൽ




അന്തർദേശീയ നീതിന്യായക്കോടതി ജൂറി.




ദക്ഷിണാഫ്രിക്കാ നിയമജ്ഞന്മാരുടെ സംഘം.

ഇസ്റയേൽ ഹമാസ് യുദ്ധം നൂറ് ദിവസം പിന്നിടുമ്പോൾ പതിനായിരത്തിലധികം പിഞ്ചുകുഞ്ഞുങ്ങളടക്കം 25,000 ത്തിലധികം ഫലസ്തീനികളെ കൊന്നൊടുക്കി ഇസ്റയേൽ നിഷ്കരുണം യുദ്ധം തുടരുകയാണ്. ലോകം നിഷ്ക്രിയരായി നോക്കി നിൽക്കുന്ന ഈ മനുഷ്യക്കുരുതിയെ വംശഹത്യ ആരോപിച്ച് ഇസ്റയേലിനെതിരെ ദക്ഷിണാഫ്രിക്ക അന്താരാഷ്ട്രാ നീതിന്യായ കോടതിയിൽ ഒരു കേസ് ഫയൽ ചെയ്തിരിക്കുകയാണ്. അറബ് മുസ്‌ലിം രാജ്യങ്ങളുമായി രാഷ്ട്രീയമായോ സാംസ്ക്കാരികമായോ സാമ്പത്തികമായോ മതപരമായോ ബന്ധവുമില്ലാത്ത ദക്ഷിണാഫ്രിക്കയാണ് ലോക കോടതി എന്നറിയപ്പെടുന്ന അന്തർദേശീയ നീതിന്യായക്കോടതിയിൽ (International Court of Justice (ICJ). പരാതി നല്കിയിരിക്കുന്നത്. ലോകത്തെ ഒരൊറ്റ മുസ്‌ലിം രാജ്യമോ 22 അംഗരാജ്യങ്ങളുള്ള അറബ് ലീഗോ 57 അംഗരാജ്യങ്ങളുള്ള ഓർഗനൈസേഷൻ ഓഫ് ഇസ്‌ലാമിക് കോർപറേഷനോ (OIC) അല്ല ഈ ഉദ്യമത്തിന് മുതിർന്നത് എന്നത് ആഗോള മുസ്‌ലിം സമൂഹത്തിന്റെ ഈ വിഷയത്തിലുള്ള നിഷ്ക്രിയത്വത്തെയും അലസതയുമാണ് സൂചിപ്പിക്കുന്നത്. ജനാധിപത്യ രീതിയിലുള്ള ഒരു പ്രശ്നപരിഹാര മാർഗമാണ് മുസ്‌ലിം ലോകം അവഗണിച്ചത്. ഫലസ്തീനികളുടെമേൽ തുടരുന്ന വ്യോമ ബോംബാക്രമണം ഉടൻ നിർത്തിവെക്കാൻ ദക്ഷിണാഫ്രിക്ക ലോക കോടതിയോട് ആവശ്യപ്പെടുകയുണ്ടായി. ഇസ്റയേലിന്റെ വളർത്തച്ഛനായ അമേരിക്ക ദക്ഷിണാഫ്രിക്കയുടെ ഈ നടപടിയെ അപലപിച്ചിട്ടുണ്ട്.

നിസ്സഹായരായ ഫലസ്തീനികളെ കൂട്ടത്തോടെ കൊന്നൊടുക്കുന്ന ഈ കുറ്റകൃത്യം വംശഹത്യ (Genocide) യാണെന്നും 1948 ൽ ഐക്യരാഷ്ട്ര സഭ അംഗീകരിച്ച Genocide Convention ന്റെ ലംഘനമാണെന്നുമാണ് ഇസ്റയേലിനെതിരെയുള്ള ആരോപണം. 1948 ൽ ഐക്യരാഷ്ട്ര സഭയുടെ ജനറൽ അസംബ്ലി വംശഹത്യ തടയാനും അത് നടത്തുന്നവരെ ശിക്ഷിക്കാനും ഐകകണ്ഠേന സ്വീകരിച്ച ഒരു പ്രമാണ രേഖയാണ് ജെനോസൈഡ് കൺവെൻഷൻ. ഒരു പ്രത്യേക മതത്തിലോ ദേശീയ ജനവിഭാഗത്തിലോ ഗോത്രവർഗത്തിലോ പെട്ട ജനവിഭാഗത്തെ കൊല്ലുക, അവർക്ക് മാനസികമോ ശാരീരികമോ ആയ ദണ്ഡനമേൽപ്പിക്കുക, അവരെ ഉന്മൂലം ചെയ്യുംവിധം ജീവിതസാഹചര്യം സൃഷ്ടിക്കുക, അവരുടെ വംശവർദ്ധനവ് തടയുക, അവരുടെ കുഞ്ഞുങ്ങളെ ബലം പ്രയോഗിച്ച് വേർപ്പെടുത്തുക മുതലായ കുറ്റകൃത്യങ്ങളെയാണ് ജെനോസൈഡ് കുറ്റകൃത്യങ്ങൾ എന്ന് പറയുന്നത്. ഫലസ്തീനികളോട് ഇസ്റയേൽ ചെയ്ത് കൊണ്ടിരിക്കുന്നത് വംശഹത്യയാണെന്നാണ് ദക്ഷിണാഫ്രിക്കയുടെ ആരോപണം. ലോക നീതിപീഠത്തിനു മുമ്പിൽ ഫലസ്തീനികൾക്ക് വേണ്ടി ദക്ഷിണാഫ്രിക്ക നടത്തുന്ന നീതിക്ക് വേണ്ടിയുള്ള ഈ നിയമ പോരാട്ടം ലോക മനസ്സാക്ഷിക്ക് മുമ്പിൽ സമർപ്പിക്കപ്പെട്ട ഒരു നിവേദനം കൂടിയാണ്. നാം ജീവിക്കുന്ന ഈ കാലഘട്ടത്തിൽ നീതിരാഹിത്യത്തോടും നൃശംസതയോടും ലോകത്തിന്റെ നിലപാടും സമീപനവും തുറന്നു കാട്ടുന്നതായിരിക്കും ഈ കേസ്.

ഐക്യരാഷ്ട്ര സംഘടനക്ക് 6 ഘടകങ്ങളാണുള്ളത്. ജനറൽ അസംബ്ലി, സെക്യൂരിറ്റി കൗൺസിൽ, ഇകണോമിക് ആന്റ് സോഷ്യൽ കൗൺസിൽ, ട്രസ്റ്റീഷിപ്പ് കൗൺസിൽ (രണ്ടാം ലോക മഹായുദ്ധത്തിൽ പരാജയപ്പെട്ട രാജ്യങ്ങളിലെ ജനങ്ങളുടെ താൽപര്യ സംരക്ഷണത്തിന് വിശ്വസിച്ചേൽപ്പിക്കപ്പെട്ട (ട്രസ്റ്റഡ്) പ്രദേശങ്ങളിലെ ഭരണത്തിന് വേണ്ടി സ്ഥാപിക്കുകയും ദൗത്യ പൂർത്തീകരണത്തിന് ശേഷം 1994 പ്രവർത്തനം നിർത്തിവെക്കുകയും ചെയ്ത യു എൻ ഘടകമാണ് ട്രസ്റ്റീഷിപ്പ് കൗൺസിൽ), യു എൻ സെക്രട്ടറിയേറ്റ്, ലോക കോടതി എന്നറിയപ്പെടുന്ന അന്താരാഷ്ട്രാ നീതിന്യായ കോടതിയും (ICJ) എന്നിവയാണ് ആ 6 ഘടകങ്ങൾ. ഐക്യരാഷ്ട്ര സഭയുടെ മറ്റ് 5 ഘട

കങ്ങളും അമേരിക്കയിൽ തന്നെയാണ് പ്രവർത്തിക്കുന്നത് എന്നാൽ അന്തർദേശീയ കോടതിയുടെ ആസ്ഥാനം അമേരിക്കക്ക് പുറത്ത് നെതർലന്റിലെ ഹേഗിലുള്ള പീസ് പാലസിലാണ്. ഐക്യരാഷ്ട്ര സഭയിലെ എല്ലാ അംഗരാജ്യങ്ങളും അന്തർദേശീയ കോടതിയുടെ പരിധിയിൽപെടുന്ന കക്ഷികളാണ്. രക്ഷാസമിതിയും പൊതുസഭയും കൂടി തിരഞ്ഞെടുക്കുന്ന 15 ജഡ്ജിമാരാണ് **ICJ** ക്കുണ്ടാവുക. ജഡ്ജിമാർ ചേർന്ന് ഒരു പ്രസിഡണ്ടിനെയും വൈസ് പ്രസിഡണ്ടിനെയും തിരഞ്ഞെടുക്കും. പക്ഷേ കേസ് കേൾക്കാനും വിധി പറയാനുമുള്ള ചുമതല ജഡ്ജിമാർക്കായിരിക്കും. 3 വർഷം കൂടുമ്പോൾ ജഡ്ജിമാരുടെ മൂന്നിലൊരു ഭാഗം ഒഴിഞ്ഞുപോകും ജഡ്ജിമാരുടെ ഔദ്യോഗിക കാലാവധി 9 വർഷമാണ്. കാലാവധി കഴിഞ്ഞ ജഡ്ജിമാർ വീണ്ടും നിയമിക്കപ്പെടാവുന്നതാണ്. അന്തർദേശീയ നിയമങ്ങളിൽ അതിപ്രഗത്ഭരായ പണ്ഡിതന്മാരായിരിക്കും പൊതുവേ ലോക കോടതി യിൽ ജഡ്ജിമാരായി നിയമിക്കപ്പെടുക. അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് അംഗവും പാകിസ്താൻകാരനുമായ സർ മുഹമ്മദ് സഫറുല്ലാഹ് ഖാനാണ് 1954–1961, വീണ്ടും 1964–1973 വർഷങ്ങളിൽ ലോക കോടതി ജഡ്ജിയായും 1970 മുതൽ 1973 വരെയുള്ള വർഷങ്ങളിൽ കോടതിയുടെ പ്രസിഡണ്ടായും സേവനമനുഷ്ഠിച്ചത്. 1961 മുതൽ 1962 വരെ യു എൻ ജനറൽ അസംബ്ലിയുടെ പ്രസിഡണ്ടും അദ്ദേഹമായിരുന്നു. ഇങ്ങനെ ഒരേ സമയം പ്രധാനപ്പെട്ട ഈ രണ്ട് ചുമതലകൾ വഹിച്ച ഒരേഒരാൾ സഫറുല്ലാഹ് ഖാനാണ്. അവിഭക്ത ഇന്ത്യയിൽ ഫെഡറൽ കോർട്ട് (ഇന്നത്തെ സുപ്രിം കോടതി) ജഡ്ജിയായും സർ സഫറുല്ലാഹ് ഖാൻ സേവനമനുഷ്ഠിച്ചിട്ടുണ്ട്. ഇന്ത്യയിൽ നിന്നും 4 ജഡ്ജിമാർ ഈ മഹത്തായ സ്ഥാപനത്തിൽ ജഡ്ജിമാരായി നിയമിക്കപ്പെടുകയുണ്ടായി. സർ ബെനിഗൽ നർസിംങ്ങ് റാവു (1952–1953) നാഗേന്ദ്ര സിങ്ങ് (1973–1988) രഘുനാഥൻ സ്വരൂപ് (1989–1991) ജസ്റ്റീസ് ദൽവീർ ഭണ്ഡാരി (2012 മുതൽ സേവനമനുഷ്ഠിച്ചു വരുന്നു).

രാജ്യങ്ങൾ തമ്മിലുള്ള തർക്കങ്ങൾ അന്താരാഷ്ട്രാ നിയമമനുസരിച്ച് പരിഹരിക്കുക ആരോപണങ്ങൾക്ക് തീർപ്പുണ്ടാക്കുക തർക്ക പ്രശ്നങ്ങളിൽ നിയമോപദേശം നൽകുക മുതലായവയാണ് ഈ ആഗോള നീതിന്യായ സ്ഥാപനത്തിന്റെ ലക്ഷ്യം. അന്താരാഷ്ട്ര നീതിന്യായ നിർവഹണത്തിന് വേണ്ടി 1920 ൽ സ്ഥാപിച്ച പഴയ ലീഗ് ഓഫ് നേഷന്റെ പെർമെനന്റ് കോർട്ട് ഓഫ് ഇന്റർനാഷനൽ ജസ്റ്റിസിന്റെ തുടർച്ചയായി 1945 യു എൻ ഉടമ്പടി പ്രകാരം നിലവിൽ വന്ന സ്ഥാപനമാണ് അന്താരാഷ്ട്രാ നീതിന്യായക്കോടതി. പരമാധികാരമുള്ള ഒരു രാഷ്ട്രത്തിലെ കോടതിയെപ്പോലെ വിധികളും തീരുമാനങ്ങളും നടപ്പാക്കാനുള്ള സംവിധാനങ്ങളില്ലാത്തതിനാൽ ലോക കോടതിയുടെ ഉത്തരവുകൾ പ്രാബല്യത്തിൽ കൊണ്ടു വരുവാൻ യു എന്നിന്റെ പതിനാലാം ആർട്ടിക്കിൾ പ്രകാരം സുരക്ഷാ സമിതിക്കാണ് അധികാരം നല്കിയിരിക്കുന്നത്. പക്ഷേ ലോക കോടതിയുടെ ഈ അധികാരം സുരക്ഷാ സമിതിയിലെ സ്ഥിരാംഗങ്ങളുടെ കുപ്രസിദ്ധമായ വീറ്റോ അധികാരത്തിനു വിധേയമായിട്ടാണ് നിർവഹിക്കപ്പെടുക. അമേരിക്ക, ബ്രിട്ടൻ, റഷ്യ, ചൈന, ഫ്രാൻസ് എന്നീ വൻശക്തി രാജ്യങ്ങൾ തങ്ങളുടെ രാഷ്ട്രീയവും സാമ്പത്തികവുമായ താൽപര്യങ്ങൾക്ക് മുൻഗണന നല്കിയാണ് നീതിയുടെ പക്ഷം ചേരുക. 1947 മെയ് 22 വരെ 191 കേസുകളാണ് ലോക കോടതിയിൽ ഇത് വരെ നടന്നത്. ദക്ഷിണാഫ്രിക്ക ഫയൽ ചെയ്ത ഈ കേസിന്റെ ഗതിയും അത് തന്നെയായിരിക്കാനാണ് സാദ്ധ്യത.

വെള്ളക്കാർ ഭരിച്ചിരുന്ന കാലത്ത് വർണ്ണ വിവേചനം എന്ന മനുഷ്യത്വ വിരുദ്ധമായ നയം നടപ്പാക്കുകയും അതിനെ ന്യായീകരിക്കുകയും ചെയ്ത രാജ്യമായിരുന്നു ദക്ഷിണാഫ്രിക്ക. അവർ ഭരിച്ചിരുന്നപ്പോൾ ഇസ്റയേൽ ദക്ഷിണാഫ്രിക്കയുടെ സൈനിക പങ്കാളിയായിരുന്നു. അന്നത്തെ വർണ വിവേചന ഭരണകൂടത്തിന് ഇസ്റയേൽ ന്യൂക്ലിയർ ആയുധങ്ങൾ വരെ വിൽക്കാൻ തയ്യാറായതായി രേഖകളുണ്ട് (Revealed: How Israel offered to sell South Africa nuclear weapons,The Guardian Mon 24 May 2010 ) ദക്ഷിണാഫ്രിക്ക കോളോണിയൽ ഭരണത്തിൽ നിന്നും വർണ്ണ വിവേചന നയത്തിൽ നിന്നും വിമോചിതമായി ആഫ്രിക്കൻ നാഷണൽ കോൺഗ്രസ്സ് ഭരണം തുടങ്ങിയതിന് ശേഷം, ഫലസ്തീനിയൻ ലിബറേഷൻ ഓർഗനൈസേഷനുമായി അവർ വളരെ സൗഹൃദം സ്ഥാപിക്കുകയുണ്ടായി. നെൽസൻ മണ്ടേല 1990 ൽ ജയിൽ മോചിതനായതിന് ശേഷം അദ്ദേഹത്തെ സന്ദർശിച്ച ആദ്യ ലോക നേതാക്കന്മാരിൽ ഒരാൾ യാസർ അറഫാത്തായിരുന്നു.

ഈ കേസ് ഒരു രാഷ്ട്രത്തിനെതിരായത് കൊണ്ട് അന്തരാഷ്ട്രാ നീതിന്യായക്കോടതിയിൽ ഈ കേസ് ഫയൽ ചെയ്തത്. ഇസ്റയേലിനെതിരായ ലോക കോടതിയിൽ ഫയൽ ചെയ്ത് 84 പേജുള്ള കുറ്റപത്രത്തിൽ ആരോപിക്കപ്പെട്ട കുറ്റം, 1948 ലെ വംശഹത്യാ കൺവെൺഷന്റെ (**Genocide Convention**) പ്രമാണങ്ങൾ ലംഘിച്ചു എന്നതാണ്. ഈ രേഖയിൽ ഇസ്റയേലും ഒപ്പു വെച്ചതാണ്. മാത്രമല്ല ഇസ്റയേലീ പൗരന്മാരായ യഹൂദരാണ് രണ്ടാം ലോക മഹായുദ്ധത്തിൽ നാസികളുടെ വംശവെറിക്ക് ആധുനിക കാലത്ത് ഇരയായ ജനത. ഈ നാസീ പീഢനത്തിന്റെ പേരിൽ ലോകത്തിന്റെ മുഴുവൻ സഹതാപവും ഏറ്റുവാങ്ങി ഒരു രാഷ്ട്രം ഉണ്ടാക്കിയവർ കൂടിയാണ് ഇസ്റയേൽ ജനത. അവരാണ് ഫലസ്തീനികളുടെ ഭൂമി യുദ്ധത്തിലൂടെ പിടിച്ചെടുത്ത് ബാക്കിയായ അവരുടെ ജന്മഭൂമിയിൽ അവരെ ജീവിക്കാനനുവദിക്കാതെ ഇപ്പോൾ നിഷ്ക്കരുണം കൊന്നൊടുക്കുന്നത്. ഹരജിക്കാരായ ദക്ഷിണാഫ്രി ക്കയുടെ അഭിഭാഷക സംഘത്തെ നയിക്കുന്നത് സൗത്ത് ആഫ്രിക്കൻ ജസ്റ്റീസ് മിനിസ്റ്റർ റൊണാൾഡ് ലമോളയാണ്. ഇസ്റയേലീ സംഘത്തെ നയിക്കുന്നത് അന്തർദേശീയ നിയമ വഹാരങ്ങളിൽ വിദഗ്ദനായ ബ്രിട്ടീഷ് നിയ

മജ്ഞൻ മാൽക്കം ഷാ ആണ്. 2023 ഡിസംബർ 29 നാണ് അന്താരാഷ്ട്രാ കോടതിയിൽ വംശഹത്യാ കേസ് ഫയൽ ചെയ്തത്. വ്യക്തികൾക്കെതിരെയുള്ള അന്തരാഷ്ട്രാ കുറ്റങ്ങൾ അന്താരാഷ്ട്രാ ക്രിമിനൽ കോടതിയിലാണ് നല്കാറ്. ദക്ഷിണാഫ്രിക്കൻ നിയമ സംഘത്തിൽ ലോക പ്രശസ്തനായ അന്തരാഷ്ട്രാ നിയമ പണ്ഡിതൻ ജോൺ ദുഗാർഡ്



ഉണ്ട്. 2000 ൽ ഫലസ്തീൻ പ്രശ്നം റിപ്പോർട്ട് ചെയ്യാൻ യു എൻ നിയമിച്ച പ്രത്യേക ദൂതനായിരുന്നു അദ്ദേഹം. അതുകൊണ്ട് തന്നെ ഫലസ്തീൻ പ്രശ്നത്തിന്റെ നാനാ വശങ്ങളെയും പറ്റി സൂക്ഷ്മമായി അദ്ദേഹത്തിനറിയാം. 'ഞാൻ വർണ്ണ വിവേചനം നിലനിന്ന ദക്ഷിണാഫ്രിക്കയിലാണ് ജീവിച്ചത്. അത്കൊണ്ട് തന്നെ ഇസ്റയേൽ ചെയ്യുന്ന കുറ്റകൃത്യങ്ങൾ വർണ്ണ വിവേചനം നില നിന്ന ദക്ഷിണാഫ്രിക്കയിൽ നിലനിന്ന വർണ്ണ വിവേചനത്തെക്കാൾ അളവറ്റ രീതിയിൽ മോശമാണെന്നതിൽ എനിക്ക് യാതൊരു സന്ദേഹവുമില്ല' എന്ന് അദ്ദേഹം പറയുകയുണ്ടായി. വംശഹത്യ എന്നത് 'കുറ്റകൃത്യങ്ങളുടെ കുറ്റകൃത്യങ്ങൾ' എന്നാണ് അറിയപ്പെടുന്നത്. യഹൂദന്മാർക്കെതിരെ നാസികൾ നടത്തിയ കൂട്ടക്കൊലകൾ സെർബിയയിൽ ബോസ്നിയൻ മുസ്‌ലിംകൾക്കെതിരെ നടത്തിയ കൂട്ടകുരുതികൾ മുതലായവ ഉദാഹരണം. അതുകൊണ്ട് വംശഹത്യ എന്നത് മാനവരാശിക്കെതിരെയുള്ള കുറ്റകൃത്യമായിട്ടാണ് കണക്കാക്കുന്നത്.


ഇസ്റയേലിന്റെ മേൽ ആരോപിക്കപ്പെട്ട വംശഹത്യാ കുറ്റം തെളിയിക്കേണ്ട ഭാരിച്ച ഉത്തരവാദിത്തം ദക്ഷിണാഫ്രിക്കക്കുണ്ട്. അതായത് ദേശീയമോ ഗോത്രീയമോ വർഗപരമോ മതപരമോ ആയ വ്യക്തമായ ലക്ഷ്യത്തോടെ ഒരു ജനവിഭാഗത്തെ മുഴുവനുമായോ ഭാഗികമായോ ഉന്മൂലനം ചെയ്യാൻ നടത്തുന്ന ശ്രമത്തെയാണ് വംശഹത്യ (ജെനോസൈഡ്) എന്ന് പറയുന്നത്. ഈ കൂട്ടഹത്യയുടെ വംശീയമായ പ്രത്യേക ഉദ്ദേശം വ്യക്തമായി തെളിയിക്കപ്പെട്ടാൽ മാത്രമേ വംശഹത്യാ കുറ്റം സ്ഥിരീകരിക്കപ്പെടുകയുള്ളൂ. ദക്ഷിണാഫ്രിക്കയുടെ ഇസ്റയേലിനെതിരെ ഫയൽ ചെയ്ത ഈ കേസ് അടിസ്ഥാന രഹിതമായ ആരോപണം എന്നാണ് ഇസ്റയേലി വിദേശകാര്യ മന്ത്രാലയം പറഞ്ഞത്. ഫലസ്തീനിൽ അധിനിവിഷ്ട പ്രദേശങ്ങളിൽ കെട്ടിടനിർമ്മാണം പാടില്ല എന്ന് 2004 ലോക കോടതി ഇസ്റായേലിനെ വിലക്കിയതാണ്. ആ വിലക്കിന് പുല്ല്‌വില പോലും കൽപ്പിക്കാതെ അധിനിവിഷ്ട ഭൂമിയിൽ ഇസ്റയേൽ നിർബാധം നിർമ്മാണം തുടരുകയാണ്. അത്പോലെ നിരവധി യു എൻ പ്രമേയങ്ങൾ യാതൊരു വിലയും കൽപ്പിക്കാത്തവരാണ് അവർ എന്ന് കൂടി നാം ഓർക്കണം.

ഒക്ടോബർ 7 ന് ഹമാസിന്റെ ഇസ്റയേൽ ആക്രമണത്തിന് ശേഷം ഇസ്റയേൽ പ്രതിരോധ മന്ത്രി പ്രതികരിച്ചത് 'ഞങ്ങൾ യുദ്ധം ചെയ്യുന്നത് മനുഷ്യ മൃഗങ്ങളോടാണ്. ഞങ്ങൾ അതിനനുസരിച്ചായിരിക്കും പ്രതികരിക്കുക' എന്നാണ്. ഫലസ്തീനികൾക്കെതിരെയുള്ള ഒരു നക്ബയാണ് ഇതെന്നാണ് ഇസ്റയേലിന്റെ കൃഷിമന്ത്രി ആവി ഡിച്ചർ ഒരു ടെലിവിഷൻ ചാനലിൽ പ്രസ്താവിച്ചത്. (നക്ബ എന്നാൽ ഫലസ്തീൻ ജനതയെ അവരുടെ സംസ്ക്കാരവും സത്വവും ദേശീയതയും രാഷ്ട്രീയ അവകാശങ്ങളോടോപ്പം നശിപ്പിച്ചു കുഴിച്ചു മൂടുന്ന ഇസ്റയേലിന്റെ ക്രൂരമായ പ്രവർത്തനങ്ങളെ സൂചിപ്പിക്കുന്ന അറബി പദമാണ് നക്ബ) കൂട്ടക്കുരുതിക്ക് പുറമെ വംശീയ ചുവയുള്ളതാണ് ഇത്തരം പ്രസ്താവനകൾ

ജനുവരി 11, 12 ലോക കോടതി ദക്ഷിണാഫ്രിക്കയുടെ വാദവും പ്രതിസ്ഥാനത്തുള്ള ഇസ്റയേലിന്റെ വാദവും കേൾക്കുകയുണ്ടായി. ദക്ഷിണാഫ്രിക്ക നിരവധി തെളിവുകളും ഇസ്റയേൽ നേതാക്കന്മാരുടെ പ്രസ്താവനകളും നിരത്തിയാണ് വംശഹത്യയാണ് ഇസ്റയേൽ നടത്തുന്നതെന്ന് സ്ഥാപിക്കാൻ ശ്രമിച്ചത്. ഇസ്റയേലിന്റെ മേൽ ആരോപിക്കപ്പെടുന്ന കുറ്റങ്ങൾ ഇവയാണ്. വലിയ തോതിൽ ഫലസ്തീനികളെ പ്രത്യേകിച്ച് കുട്ടികളെ കൊന്നൊടുക്കുന്നു, അവരുടെ പാർപ്പിടങ്ങൾ വ്യാപകമായി നശിപ്പിക്കുന്നു, വീടുകളിൽ നിന്നും പുറത്ത് പോകേണ്ടി വരുന്നു. ജനങ്ങളെ വൻതോതിൽ മാറ്റി പാർപ്പിക്കപ്പെടുന്നു. ഭക്ഷണവും മരുന്നും വെള്ളവും നിഷേധിക്കപ്പെടുന്നു. ആരോഗ്യം തകർത്ത് കൊണ്ട് ജനനം ഇല്ലാതാക്കുന്നു, ഗർഭിണികൾക്കും ശിശുക്കൾക്കും ആരോഗ്യ പരിരക്ഷയും ചികിത്സയും നിഷേധിക്കുന്നു, ആശുപത്രികളിലും സ്കൂളുകളിലും ബോംബ് വർഷിക്കുന്നു. ദക്ഷിണാഫ്രിക്കയുടെ ആരോപണങ്ങളെ ഇസ്റയേൽ നേരിട്ടത്, എല്ലാ വേദികളിലും അവർ സ്ഥിരം പറഞ്ഞു കൊണ്ടിരിക്കുന്ന സ്വയം പ്രതിരോധമാണ് തങ്ങൾ നടത്തുന്നതെന്ന വാദമാണ് മുഖ്യമായും ഉയർത്തിയത്. കേസിന്റെ വിധി ഫെബ്രുവരിയിൽ വരുമെന്ന് പ്രതീക്ഷിക്കുന്നു. എതായാലും ലോക കോടതിയുടെ വിധി തെളിവിന്റെയും നീതിന്യായത്തിന്റെയും അടിസ്ഥാനത്തിൽ തുറന്നു കാട്ടപ്പെടുകയും വിശകലനം ചെയ്യപ്പെടുകയും ലോകത്തിലെ നീതിമാന്മാരുടെ ശ്രദ്ധയിൽ ആ പ്രശ്നം വരുകയും ചെയ്യുമല്ലോ.

'വിശ്വസിച്ചവരെ, നിങ്ങൾ പരിപൂർണ്ണമായി നീതിപാലിക്കുന്നവരും അല്ലാഹുവിന് വേണ്ടി സാക്ഷ്യം വഹിക്കുന്നവരുമാകുവീൻ. അത് നിങ്ങൾക്ക് തന്നെയോ (നിങ്ങളുടെ) മാതാപിതാക്കൾക്കോ ബന്ധുക്കൾക്കോ എതിരായിരുന്നാൽ പോലും' (സൂറ: നിസ: 4: 135)

## അനുസ്മരണം



**കെ എ അബ്ദുൾ മജീദ് സാഹിബ്**

പള്ളുരുത്തി ജമാഅത്ത് പ്രസിഡണ്ട് കെ. അബ്ദുൾ മജീദ് സാഹിബ് 28 ഡിസംബർ 2023 ന് വഫാത്തായി. ഇന്നാലില്ലാഹി..... കൊച്ചി ജമാഅത്തിലെ ആദ്യകാല അഹ്മദികളിൽപ്പെട്ട അദ്ദേഹം യുവാവായിരിക്കുമ്പോൾ തന്നെ ജമാഅത്തിൽ ബൈഅത്ത് പ്രവേശിക്കുകയും കുടുംബത്തിൽ നിന്നും സമൂഹത്തിൽ നിന്നും വളരെ എതിർപ്പുകൾ സഹിക്കുകയും ചെയ്യേണ്ടി വരികയും ചെയ്തു. ജമാഅത്തിന് വേണ്ടി വളരെയധികം ആത്മാർത്ഥമായി പ്രവർത്തിച്ച് അദ്ദേഹം ഖായിദായിരുന്നപ്പോൾ എടുത്ത ഒരു തീരുമാനത്തെ അന്നത്തെ ഖലീഫ ത്തു ൽ മസീഹ് ശ്ലാഘിക്കുകയുണ്ടായി. ഖലീഫാ തിരുമനസ്സിന്റെ അദ്ദേഹത്തെ കുറിച്ചുള്ള വാക്കുകൾ ഇപ്രകാരമായിരുന്നു. 'അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഖായിദ് ഖുദ്ദാമുൽ അഹ്മദിയ്യാ ജ: അബ്ദുൾ മജീദ് സാഹിബ് ഏറ്റവും ഉയർന്ന മതാഭിമാനത്തെ പ്രദർശിപ്പിച്ചു കൊണ്ട് ഈ ഫിത്നയെ ശിരഛേദം ചെയ്യാൻ ശ്രമിക്കുകയുണ്ടായി. അദ്ദേഹം അങ്ങനെ ചെയ്തില്ലായിരുന്നുവെങ്കിൽ ഈ ജമാഅത്തിൽ ഉൾപ്പെട്ട പലരും അപമാനത്തിനു കാരണമാകുമായിത്തീരുമായിരുന്നു. അല്ലാഹു അദ്ദേഹത്തിനു നല്ല പ്രതിഫലം തന്നനുഗ്രഹിക്കുമാറാകട്ടെ'

1994 മുതലാണ് പള്ളുരുത്തി ജമാഅത്തിൽ അദ്ദേഹം സ്ഥിര താമസമാക്കിയത്. കഠിനാദ്ധ്വാനത്തിന്റേയും മഹത്തായ ത്യാഗത്തിന്റേയും ഉത്തമ ഉദാഹരണമാണ് അദ്ദേഹത്തിന്റെ ജീവിതം. പരേതന് അല്ലാഹു ജന്നത്തും മഗ്ഫിറത്തും നൽകി അനുഗ്രഹിക്കട്ടെ ആദ്യഭാര്യ: റാബിയ (പള്ളുരുത്തി) മക്കൾ: നൂഹ്, നൂർജഹാൻ, ഉസ്മാൻ, സുമയ്യ രണ്ടാം ഭാര്യ: സുബൈദ (ചേലക്കര) മക്കൾ: അദ്ദേഹം വിവാഹം കഴിക്കുമ്പോഴുള്ള മക്കൾ (ജന്നത്ത് നിസ, ഷഹീർ അഹ്മദ്, ഫാസില നാസർ) മക്കൾ: ഷിഫാദ് അഹ്മദ്, റജ്ന മജീദ് മരുമക്കൾ നജ്മുദ്ദീൻ (പള്ളിപ്പുറം) നദീർ അഹ്മദ്, അമത്തുൽ ഹഫീസ്.

### ജമീല സാഹിബ

പഴയങ്ങാടി എൻ. മൊയ്തീൻ മൗലവി സാഹിബിന്റെ ഭാര്യ **ജമീല സാഹിബ** 13-4 - 2023 ന് വഫാത്തായി, *ഇന്നാലില്ലാഹി.........* കോഴിക്കോട് വെള്ളിമാട് കുന്നിലെ പ്രശസ്തമായ കുടുംബത്തിൽ ജനിച്ച അവർ വലിയ എതിർപ്പുകൾ അവഗണിച്ചാണ് 1882ൽ പഴയങ്ങാടി ജമാഅത്തിൽ ബൈഅത്ത് ചെയ്തത്. പരേതക്ക് അല്ലാഹു ജന്നത്തും മഗ്ഫിറത്തും നല്കി അനുഗ്രഹിക്കട്ടെ. മക്കൾ: മുഹമ്മദ് നജീബ് (ഗൾഫ്) ഫസൽ അഹ്മദ് (സെക്രട്ടറിയേറ്റ് തിരുവനന്തപുരം) മരുമക്കൾ സജ്ന, രുക്സാന.

## വാർത്തകൾ

# ജൽസാ സാലാന ഖാദിയാൻ 2023 വിജയകരമായി സമാപിച്ചു.



മൗലാന കരീമുദ്ദീൻ സാഹിബ് ശാഹിദ്,
സദർ സദർ അഞ്ചുമൻ അഹ്മദിയ്യാ ഖാദിയാൻ
അഹ്മദിയ്യാ പാതാക ഉയർത്തി ഉദ്ഘാടന കർമം
നിർവഹിക്കുന്നു.



ജൽസയിൽ പങ്കെടുത്തവർ
ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഖാമിസിന്റെ
സമാപന പ്രഭാഷണം സാറ്റ്ലൈറ്റിലൂടെ
കേൾക്കുന്നു.

Published on 07.02.2024
Pages 44
RNI No. 3332/1957, Registered KL/EKM/726/2024-26
Vol: 96 Issue.02
Price Rs. 30/-

The Sathyadoothan Monthly

വായിക്കുക, വരിക്കാരാവുക!

# സത്യദൂതൻ

ഒരു നൂറ്റാണ്ടിനോടടുക്കുന്ന മലയാളത്തിലെ
ഏക ഇസ്‌ലാമിക പ്രസിദ്ധീകരണം

# SUBSCRIBE

ഒരു കോപ്പിക്ക് 30 രൂപ
വാർഷിക വരിസംഖ്യ 300 രൂപ

*കൂടുതൽ വിവരങ്ങൾക്ക്*

മാനേജർ
സത്യദൂതൻ, മസ്ജിദ് ഉമർ
സെന്റ് ബെനഡിക്ട് റോഡ്, എറണാകുളം നോർത്ത് 682018
ഇമെയിൽ sathyadoothan1@gmail.com
**Phone No: 9447086862 (G. Pay)**

ISLAM INTERNATIONAL PUBLICATIONS
+91 94470 86862
9447086862@okbizaxis

Scan and pay with any BHIM UPI app



Printed & Published by B.B.Ahmad Kabeer, for the Kerala Ahmadiyya Muslim Jama-ath
Printed at A-One Offset Prints, Ramanattukara, Calicut, Kerala - 673 633
Published at Masjid Umar, St. Benedict Road, Ernakulam, Kochi-18. Edited by A.M. Muhammed Salim.